# ഐക്യദീപം

SINCE 1976
വില ₹ 10
2018 നവംബർ



# Bodhana

## Tiruvalla Social Service Society

Pushpagiri Road, Tiruvalla -1
Ph. 0469 2730561, 2606063, Fax. 0469 2633295
E-mail : bodhanatiruvalla@gmail.com, www.bodhanatiruvalla.org
















Social Work Department of the Malankara Archdiocese of Thiruvalla

# ഐക്യദീപം




2018 നവംബർ
പുസ്തകം 51 ലക്കം 9

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ
കോ-ഓർഡിനേറ്റർ
**ഫാ. ജോസഫ് കരിപ്പായിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

## ഉള്ളടക്കം

**മരണാനന്തരജീവിതം സഭാപ്രബോധനം** — 6
ഫാ. ജോളി കരിമ്പിൽ

**അതിശയങ്ങളുടെ ആരംഭം** — 10
ഫാ. ജോസഫ് വള്ളിയാട്ട്

**മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം ആരംഭവും വളർച്ചയും** — 18
ഫാ. ആന്റണി കാക്കനാട്ട്

**വിശുദ്ധനാക്കപ്പെട്ട ജീവന്റെ സുവിശേഷകൻ പോൾ ആറാമൻ മാർപ്പാപ്പയും സഭാ നവീകരണവും** — 24
ഫാ. ഫിലിപ്പ് ആഞ്ഞിലിമൂട്ടിൽ

**തപോധനനും സാത്വികനുമായ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലിത്ത** — 28
ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

**ദസ്തോയേവ്സ്കിയുടെ ക്രിസ്തു** — 38
ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ



All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com



# മാലാഖമാർ കാവൽ നിൽക്കുന്നിടം




**വി.** മത്തായി എഴുതിയ സുവിശേഷം 28-ാം അദ്ധ്യായത്തിൽ ആഴ്ചയുടെ ഒന്നാം ദിവസം സ്ത്രീകൾ ശവകുടീരം സന്ദർശിക്കാൻ എത്തിയപ്പോൾ സ്വർഗത്തിൽ നിന്നും കർത്താവിന്റെ ദൂതൻ ഇറങ്ങിവന്നതും തുടർന്നുള്ള പുനരുത്ഥാനവാർത്തയും രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ കല്ലറയ്ക്ക് കാവൽ നിന്നതും ഉയിർത്തെഴുന്നേറ്റ വാർത്ത അവിടെ എത്തിയവരെ അറിയിച്ചതും മാലാഖമാരാണ്. മാലാഖമാർ ദൈവത്തിന്റെ സന്ദേശവാഹകരാണ് ബൈബിളിൽ ഉടനീളം. മരിച്ചവരെ നാം സംരക്ഷണയ്ക്കായ് സമർപ്പിക്കുന്നത് ഈ കാവൽ മാലാഖമാരുടെ സാമീപ്യമുള്ള വിശ്രമസങ്കേതത്തിലാണല്ലോ. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും മാധ്യസ്ഥ്യം തേടുന്നതും അവരെ ഓർമ്മിക്കുന്നതും വിശ്വാസികളായ ജീവിച്ചിരിക്കുന്നവരുടെ കടമയാണ്. നിത്യശാന്തിയുടെ കൂടാരങ്ങളാണ് സെമിത്തേരികൾ. കല്ലറകളും അവയിൽ ചേർത്തുവയ്ക്കുന്ന സ്മാരകലേഖവും(epitaph) മരിച്ചവരുടെ ഓർമ്മകളും അടയാളങ്ങളുമാണ്. ലോകത്തെല്ലായിടത്തും സെമിത്തേരികൾ ലളിതമെങ്കിലും ഏറ്റവും മനോഹരമായി നിലനിർത്താറുണ്ട്. മരിച്ചവരോടുള്ള ആദരം സാംസ്കാരിക സൂചനയായി കരുതുന്നുമുണ്ട്. Arlington സെമിത്തേരിയിലെ 'Tomb of the Unknown Solidier' ഒരുദാഹരണമാണ്. 'ദൈവത്തിനുമാത്രം അറിയുന്ന ഒരു യോദ്ധാവ് ആദരപൂർവ്വം ഇവിടെ വിശ്രമിക്കുന്നു' എന്നെഴുതി വച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. എല്ലാ മരിച്ചവരും ദൈവത്തിനറിയുന്നവരും സ്നേഹിക്കുന്നവരുമാണ്. അതിനാൽ ജീവിച്ചിരിക്കുന്നവർ അവരെ ഓർമ്മിക്കണം, ആദരിക്കണം.

ഈ ലക്കത്തിൽ ഫാ. ജോളി കരിമ്പിൽ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ദൈവശാസ്ത്രചിന്തകൾ പങ്കുവയ്ക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട ലേഖനം ഫാ. വള്ളിയാട്ടിന്റെയാണ്. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും പഴയനിയമ സൂചനകളുടെയും വെളിച്ചത്തിൽ പരി. മറിയത്തെക്കുറിച്ചുള്ള ദൈവശാസ്ത്ര ദർശനം അതിസുന്ദരമായി അവതരിപ്പിക്കുന്നു.

ചീഫ് എഡിറ്റർ
**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

## സത്യത്തിലും ആത്മാവിലുമുള്ള ആരാധന

**കൂ**ദോശ് ഈത്തോ ഞായറാഴ്ചയോടുകൂടി ഒരു പുതിയ ആരാധനാവത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ആരാധനയും ആചാരങ്ങളും പാരമ്പര്യങ്ങളും ഏറെ ചർച്ചയ്ക്കുവിഷയമായിക്കൊണ്ടിരിക്കുന്ന ഒരു കാലംകൂടിയാണിത്. നമ്മുടെ കർത്താവ് 2000 വർഷങ്ങൾക്കുമുൻപ് പറഞ്ഞു : 'ഈ മലയിലോ ജറുസലേമിലോ അല്ല സത്യത്തിലും ആത്മാവിലുമാണ് ആരാധിക്കേണ്ടത്'. ഈ വാക്കുകളുടെ അർത്ഥം ഗൗരവമായി എല്ലാവരും ഉൾക്കൊള്ളേണ്ട സമയമാണിത്. ദൈവാരാധനയ്ക്ക് സവിശേഷമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലവും ആരാധനാവിധികളും സ്വാഭാവികമാണ്. അവ മാനിയ്ക്കപ്പെടുകയും വേണം. എന്നാൽ ദൈവികതയും ആത്മികതയും പരസ്നേഹവും ക്ഷമയും ഔദാര്യവും നീതിബോധവും കൂടാതെ വെറും ചടങ്ങുകളായി ആരാധന അനുഷ്ഠിക്കുന്നത് ദൈവനിന്ദയാണ്. മാനുഷികമായ ചില നന്മകൾ മാത്രം മതി, ആരാധനയും ദൈവവിശ്വാസവും ആചാരങ്ങളും വേണ്ട എന്നു കരുതുന്നത് ലൗകികതയാണ്, നാസ്തീകതയാണ്, അഭൗമികമായവയെ നിസ്സാരവൽക്കരിക്കലുമാണ്. ദൈവത്തെ യഥാർത്ഥത്തിൽ സത്യത്തിലും ആത്മാവിലും ആരാധിച്ചാൽ എല്ലാം ശുഭമാക്കുവാൻ കഴിയും. സഹോദരനെ വെറുക്കാൻ പറയുന്ന മതം, അക്രമവും അരാജകത്വവും ഉണ്ടാകുവാൻ ഇടയാകുന്ന മതപ്രവർത്തനങ്ങൾ, അപരനെ ഒഴിവാക്കുന്നതും മാറ്റിനിർത്തുന്നതുമായ സമീപനങ്ങൾ ഇവയ്ക്കൊന്നും ദൈവാരാധനയുമായി യാതൊരുബന്ധവും ഇല്ല. ദൈവത്തെ ആരാധിക്കുന്നത് ദൈവത്തിനുവേണ്ടിയല്ല. എങ്കിൽ പിന്നെ എന്തിനാണ് ദൈവാരാധന ? ഒരു ഉദാഹരണം: കടലിൽ കിടക്കുന്ന മത്സ്യത്തിന്റെ അവസ്ഥ നോക്കുക: എവിടെയാണ് കടൽ എന്ന് മത്സ്യം ചോദിച്ചാൽ എവിടെയാണ് അതിന്റെ ജീവിതത്തിൽ കടലില്ലാത്തത് എന്നാണ് ചോദിക്കേണ്ടത്. നാം നിരന്തരമായി ചരിക്കുന്നതും ജീവിക്കുന്നതും ദൈവത്തിലാണ്. ആ ദൈവത്തെ കൂടാതെ നമുക്കു ജീവിക്കുവാൻ കഴിയുകയില്ല. നാം ദൈവത്തിലാണ് എപ്പോഴും. ആ ദൈവവുമായുള്ള നല്ല ബന്ധം ആണ് ആരാധന. എന്റെ അപ്പനെയും അമ്മയേയും ഞാൻ ബഹുമാനിക്കുമ്പോൾ, അവരുടെ സ്നേഹത്തിൽ വസിക്കുമ്പോൾ, അവർക്കു വേണ്ടതു ഞാൻ ചെയ്തുകൊടുക്കുമ്പോൾ അവർ സന്തോഷിക്കും; എനിക്കു നന്മയുണ്ടാകും. ദൈവമക്കൾ എന്ന നിലയിൽ നാം ദൈവാശ്രയത്തിൽ ജീവിക്കുമ്പോൾ, അവിടുത്തേക്കർഹമായ ആരാധനയും ബഹുമാനവും അർപ്പിക്കുമ്പോൾ നാം അനുഗൃഹീതരാകും. ജീവിതത്തിന്റെ ലക്ഷ്യം മനസിലാക്കി മുമ്പോട്ടു പോകുവാൻ നമുക്ക് കഴിയും.

എന്നാൽ ഇന്ന് മതാത്മകതയ്ക്ക് ആക്കംകൂടി, ആത്മികത ക്ഷയോന്മുഖമായി. ദൈവം നമ്മൾ പറയുന്നതൊക്കെ ആയി. അങ്ങനെയുള്ള ദൈവത്തെ മനുഷ്യൻ സംരക്ഷിക്കേണ്ടതായി വരുന്നു. ഇത് മതമല്ല മതാഭാസമാണ്. ഈ രീതിയിൽ ദൈവവിശ്വാസികളല്ലാത്ത നിരീശ്വരപ്രസ്ഥാനങ്ങൾ പ്രത്യേകിച്ചും പാർട്ടി അടിസ്ഥാനമായുള്ള സംവിധാനങ്ങളും ഇതേ അപകടത്തിൽ പെടുന്നു. മതങ്ങൾ ദൈവത്തിന്റെ പേരിൽപറയുമ്പോൾ മറുപുറത്ത് അധികാരത്തിന്റെയും, കണ്ണും കാതും പൂട്ടിയ ബുദ്ധിയുടെയും അതിപ്രസരങ്ങൾ ഉണ്ടാകുന്നു. മതമില്ല എന്നു പറയുന്നവരും അവരുടെ തത്വശാസ്ത്രത്തെത്തന്നെ മതം ആക്കുന്നു.

*(ശേഷം 42-ാം പേജിൽ)*

# മരണാനന്തര ജീവിതം
## സഭാപ്രബോധനം



ഫാ. ജോളി കരിമ്പിൽ

പ്രകൃതിയിലെ ഏറ്റവും വലിയ വിരോധാഭാസമാണ് മരണം, കാരണം ജീവിതം ആരംഭിക്കുന്നിടത്തുനിന്ന് മരണവും ആരംഭിക്കുന്നു. മനുഷ്യന് മാത്രമാണ് മരണത്തെപ്പറ്റി അവബോധമുള്ളത്. പക്ഷേ, മനുഷ്യൻ മരിക്കാൻ ആഗ്രഹിക്കുന്നില്ല. മരണംമൂലം താൻ ഈ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുമെന്ന ചിന്ത അവനെ നിരന്തരം വേട്ടയാടുന്നു. മരണാനന്തരജീവിതത്തിൽ എന്തു സംഭവിക്കുമെന്നതിനെക്കുറിച്ചുള്ള ധാരണ, ജീവിതനാളുകളിൽ നിർണായകമായതിനാൽ മരണം എന്ന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള പഠനം നമുക്ക് ഒഴിവാക്കാനാകില്ല. മരണം എന്ന സമസ്യയ്ക്ക് ഉത്തരം തേടാതെ, ജീവിതത്തെ ശരിയായി മനസ്സിലാക്കാൻ നമുക്കാകില്ല. ക്രൈസ്തവദർശനത്തിൽ എപ്രകാരമാണ് മരണാനന്തര ജീവിതത്തെ മനസ്സിലാക്കുന്നത് എന്നതാണ് ഈ ലേഖനത്തിന്റെ മുഖ്യ പ്രമേയം.

**1. വിധി:**

ആത്മാവും ശരീരവും ചേർന്നതാണ് മനുഷ്യവ്യക്തി. ആത്മാവ് ശരീരത്തിൽനിന്ന് വേർപെടുന്നതാണ് മരണം. അതിനാൽത്തന്നെ വ്യക്തിയുടെ പൂർണമായ തകർച്ചയാണ് മരണം. സഭാപ്രബോധനമനുസരിച്ച് മരണശേഷം ഓരോ വ്യക്തിയും തന്റെ വിശ്വാസത്തിന്റെയും പ്രവൃത്തിയുടേയും ഫലമനുസരിച്ച് ശിക്ഷയ്ക്കോ പ്രതിഫലത്തിനോ വിധിക്കപ്പെടുന്നു. ശരീരം സംസ്കരിക്കപ്പെടുകയും ആത്മാവ് മനുഷ്യകുലത്തിന്റെ വിധിയാളനായ ക്രിസ്തുവിനാൽ വിധിക്കപ്പെടുകയും ചെയ്യുന്നു (യോഹ. 5:22). തങ്ങളുടെ നന്മകൾ ദൈവം മാത്രം കണ്ടാൽ മതി എന്ന് ചിന്തിച്ചവർക്കും (മത്താ. 5:4) തങ്ങളുടെ തിന്മകൾ ആരും ഒരിക്കലും കാണില്ല എന്ന് ചിന്തിച്ചവർക്കും (യോഹ. 3:19) അവരവരുടെ പ്രവൃത്തികൾക്ക് അനുസൃതമുള്ള ഫലം ലഭിക്കുന്നു.

**വിധി രണ്ടു വിധമുണ്ട്: തനതുവിധിയും പൊതുവിധിയും.**

***തനതുവിധി:*** ഓരോരുത്തർക്കും മരണം കഴിഞ്ഞ് ഉടൻതന്നെ താന്താങ്ങളുടെ ചെയ്തികൾക്കനുസൃതം തനതുവിധിയുണ്ടാകും എന്ന് വി. ഗ്രന്ഥം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. 'മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം, അതിന് ശേഷം വിധി എന്ന് നിശ്ചയിച്ചിരിക്കുന്നു' (ഹെബ്രാ. 9:27-28).

തനതുവിധിയുടെ വിധികർത്താവ് ക്രിസ്തുവാണ്. ക്രിസ്തുവാകുന്ന പരമമായ സത്യത്തിന് മുന്നിൽ ആത്മാവ് മൂടുപടങ്ങളില്ലാതെ നില്ക്കുന്ന നിമിഷമാണ് തനതുവിധി (2 കോരി. 5:10). എല്ലാ മനുഷ്യരും തങ്ങളുടെ ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ, ഉപേക്ഷകൾ എന്നിവയുടെ കണക്ക് ദൈവതിരുമുമ്പാകെ ബോധിപ്പിക്കേണ്ടിവരും. ക്രിസ്തുവിന്റെ കണ്ണുകളിലൂടെ സ്വയം വിലയിരുത്താനുള്ള അവസരം ക്രിസ്തു ഓരോ ആത്മാവിനും നല്കുന്നു. അതിനാൽ തനതുവിധിയിൽത്തന്നെ ഒരുവന്റെ നിത്യമായ ഭാഗധേയം നിർണയിക്കപ്പെടുന്നു. അതിന് ഒരിക്കലും മാറ്റമുണ്ടാവുകയുമില്ല.

ദൈവത്തിനുവേണ്ടിയുള്ള അദമ്യമായ ആഗ്രഹത്തിലും വിശുദ്ധിയിലും ദൈവസ്നേഹം പൂർണമാക്കിയ ആത്മാവ് നേരിട്ട് സ്വർഗത്തിലേക്കു പോവുകയും ദൈവത്തെ മുഖാഭിമുഖം ദർശിക്കുകയും നിത്യാനന്ദം അനുഭവിക്കുകയും ചെയ്യും. ദൈവസ്നേഹത്തിൽ ജീവിക്കുകയും എന്നാൽ ലഘുവായ പാപങ്ങളിൽ നിന്ന് മോചനം നേടാതെ മരിക്കുന്നവർക്ക് ശുദ്ധീകരണത്തിനുള്ള അവസരം ദൈവം തന്റെ അനന്തസ്നേഹത്താൽ നല്കുന്നു.

മാരകപാപത്തിലൂടെ ദൈവത്തെ പൂർണ്ണമായി നിരാകരിക്കുന്നവരും, അനുതാപമില്ലാതെ മരിക്കുന്നവരും നിത്യനരകാഗ്നിയിൽ നിപതിക്കുന്നു. ചുരുക്കത്തിൽ ഓരോ വ്യക്തിയുടേയും മരണസമയത്തുതന്നെ സ്വർഗമോ നരകമോ എന്നുള്ള വിധി തീരുമാനിക്കപ്പെടുന്നു. ഇതിനെയാണ് തനതു വിധി എന്ന് പറയുക (CCC 1022).

***പൊതുവിധി (അന്ത്യവിധി):*** അന്ത്യദിനത്തിൽ സകലരേയും വിധിക്കാനായി ക്രിസ്തു വരും. യേശുവിന്റെ രണ്ടാം വരവിലുണ്ടാകുന്ന പൊതുവിധിയെ സമർത്ഥിക്കുന്ന അനേകം ഭാഗങ്ങൾ പുതിയ നിയമത്തിൽ കാണാനാകും (മത്താ. 25:31 -43). പുനരുത്ഥാനത്തിന്റെ സ്വർഗീയ പ്രഭ വിതറിക്കൊണ്ടായിരിക്കും ക്രിസ്തുവിന്റെ രണ്ടാം വരവ്. മരണത്തോടെ വേർപെടുന്ന ആത്മശരീരങ്ങൾ വീണ്ടും സംയോജിക്കപ്പെടുന്നു. ഉത്ഥാനം ചെയ്യപ്പെട്ട ശരീരത്തിന് ഭൗമികശരീരത്തിൽനിന്നും വ്യത്യസ്തമായ ഭാവമാറ്റങ്ങൾ ഉണ്ടാകാമെങ്കിലും ശിക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെട്ടവരും തങ്ങളുടെ വിധിനിയോഗങ്ങൾ പുനരുത്ഥാനനാൾ മുതൽ ആത്മാവിലും ശരീരത്തിലും അനുഭവിക്കും. മരണസമയത്ത് ആത്മാവ് രഹസ്യമായി നേടുന്ന തനതുവിധി അന്നാളിൽ പരസ്യമാകുകയും നിത്യകാലത്തേക്കായി ഉറപ്പിക്കപ്പെടുകയും ചെയ്യും. നീതിമാനും നീതിരഹിതനും നിത്യമായി വേർതിരിക്കപ്പെട്ടശേഷം പുത്രനായ ക്രിസ്തു പിതാവായ ദൈവത്തിന് രാജ്യം കൈമാറും (1 കോറി. 15:24). പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുകയും ചെയ്യും (വെളി.21:1-8).

**2. സ്വർഗം**

നീതിമാന്മാർ മരണാനന്തരം ദൈവത്തിന്റെ കരങ്ങളിൽ നിത്യവിശ്രമം അനുഭവിക്കുന്നു എന്ന വിശ്വാസം (ജ്ഞാനം 3:1) പഴയനിയമകാല

ത്തിന്റെ അവസാനത്തോടെതന്നെ പ്രബലമായി. ഈ നിത്യവിശ്രമത്തെ 'സ്വർഗം' എന്ന പദം സൂചിപ്പിക്കുന്നു. 'സ്വർഗം ആകാശത്തിന് ഉപരിയായ ഒരു സ്ഥലമല്ല, മറിച്ച് ദൈവം തന്നെയാണ് 'സ്വർഗം'. കർത്താവിനോട് കൂടെ എന്നേയ്ക്കും ആയിരിക്കാനുള്ള ഭാഗ്യമാണ് സ്വർഗ്ഗഭാഗ്യം (1 തെസ. 4:16-17). യേശു നല്ല കള്ളനോട് പറഞ്ഞു, ''ഇന്ന് നീ എന്റെ കൂടെ പറുദീസയിലായിരിക്കും'' (ലൂക്കാ. 23:24). ദൈവത്തോടൊപ്പമായിരിക്കുക എന്നതാണ് പൗലോസിന് സ്വർഗം (ഫിലി 1:23).

സ്വർഗം എന്ന യാഥാർത്ഥ്യത്തിന് പുതിയ നിയമത്തിൽ പല പദങ്ങളും ഉപയോഗിക്കുന്നുണ്ട്.

a) ***നിത്യജീവൻ:*** വി. യോഹന്നാൻ തന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും ആവർത്തിച്ച് ഉപയോഗിക്കുന്ന ഈ പദം മരണാനന്തരജീവിതത്തെ വിവരിക്കാനുള്ള അനുയോജ്യമായ ഒരു പദമാണ്. വി. യോഹന്നാൻ ജൈവ ജീവനെയും (biological life) യഥാർത്ഥ ജീവനെയും വേർതിരിച്ച് അവതരിപ്പിക്കുന്നുണ്ട്. മറ്റു ജീവജാലങ്ങളിലെന്ന പോലെ മനുഷ്യനിലും നിലനിൽക്കുന്ന ജൈവജീവനെ 'bios' എന്നും യഥാർത്ഥ ജീവനായ നിത്യജീവനെ 'zoe' എന്നും യോഹന്നാൻ വിളിക്കുന്നു. മനുഷ്യനിലെ ജൈവജീവൻ അവസാനിക്കുന്നതാണ് ശാരീരിക മരണം. അപ്പോൾ എന്താണ് നിത്യജീവൻ? ദൈവവുമായുള്ള സംസർഗം അഥവാ ഐക്യമാണ് യഥാർത്ഥത്തിൽ നിത്യജീവൻ. നിത്യനും ജീവന്റെ ഉറവിടവുമായ ദൈവത്തിന്റെ ജീവനിലുള്ള ഭാഗഭാഗിത്വമാണ് നിത്യജീവൻ.

ഈ ഭൂമിയിലായിരിക്കുമ്പോൾത്തന്നെ യഥാർത്ഥ ജീവനായ നിത്യജീവനെ സ്വന്തമാക്കാൻ മനുഷ്യന് സാധിക്കും. ''പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്'' (യോഹ. 3:36; 5:21,24; 11:25). തന്നിൽ വിശ്വസിക്കുന്നവർക്ക് ദൈവം നല്കാൻ പോകുന്ന പ്രതിഫലത്തിന്റെ എല്ലാ അർത്ഥങ്ങളും ഉൾകൊള്ളുന്ന ഒരു ലഘുനാമമാണ് 'നിത്യജീവൻ'. ഓരോ ക്രൈസ്തവന്റെയും മരണം ക്രിസ്തുവിന്റെ മരണത്തിലുള്ള പങ്കുചേരലാ കണം. ഭൗമിക ജീവിതത്തിൽ ക്രിസ്തുവുമായി ഐക്യപ്പെട്ടവൻ ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും പങ്കുചേർന്ന് ക്രിസ്തുവി നോടൊപ്പം നിത്യമായി ജീവിക്കുന്നു.

b) ***ദൈവദർശനം:*** സ്വർഗത്തിന്റെ ആനന്ദമെന്നത് ദൈവദർശനമാണ്- അതായത് അവിടന്ന് ആയിരിക്കുന്ന അവസ്ഥയിൽ അവിടത്തെ കാണുക. (1 കൊറി. 13:12; 1 യോഹ 3:1-2). പിതാവായ ദൈവം യേശുവിനെ സ്നേഹിച്ചതുപോലെ, തന്നെയും സ്നേഹിക്കുന്നുവെന്നും (യോഹ. 17:23), അവിടന്ന് തന്റെയും 'ആബാ'-യാണ് (റോമാ. 8:15), താൻ ദൈവത്തിന്റെ മകനാണ് എന്നുമുള്ള അറിവാണ് ദൈവദർശനത്തിന്റെ കാതൽ. ഇത് ആത്മാവിനെ ആനന്ദനിർവൃതിയിലേക്ക് നയിക്കുന്നു.

c) ***ദൈവൈക്യം:*** രക്ഷിക്കപ്പെടുക എന്നത് പാപത്തിൽ നിന്നും മരണത്തിൽ നിന്നും സ്വതന്ത്രമാവുക എന്ന് മാത്രമല്ല, അതിനേക്കാളുപരി പുത്രനിലൂടെ ദൈവമക്കളാകുക എന്നാണർത്ഥം (ഗലാ. 4, 4-6). സ്വർഗം ആത്യന്തികമായി ദൈവമനുഷ്യ ഐക്യത്തിന്റെ ഇടമാണ്. അത് പുത്രനിലൂടെ പരി. ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയിലുള്ള മനുഷ്യന്റെ പങ്കുചേരലാണ് (1 പത്രോ. 1:4). ഒരു ജലകണം സമുദ്രത്തിൽ ലയിച്ച് സ്വയം ഇല്ലാതാകുന്നതുപോലെ ആത്മാവ് ദൈവത്തിൽ ലയിച്ച് ഇല്ലാതാകുന്നില്ല, മറിച്ച്, ശാഖകൾ തായ്ത്തണ്ടിനോട് ചേർന്നിരിക്കുന്നതു പോലെ, യേശുവിന്റെ ശരീരത്തിലെ അംഗമായി തീർന്ന് അവനോട് ഒന്നായ്ത്തീരുന്നു.

**3. നരകം**

നിത്യജീവൻ ദൈവം മനുഷ്യന് നൽകുന്ന സൗജന്യദാനമാകയാൽ അത് നിരസിക്കാനുള്ള സ്വാതന്ത്ര്യവും സാധ്യതയും മനുഷ്യനുണ്ട്. സുവിശേഷങ്ങൾ ഇത് വ്യക്തമായി അവതരിപ്പിക്കുന്നുണ്ട് (മത്താ. 25:41). സ്വർഗ്ഗം ഉണ്ടെങ്കിൽ നരകവും ഉണ്ട്. ദൈവത്തെ അറിയുന്നില്ല, അന്ധകാരത്തിൽ കഴിയുന്നു, ദൈവം നൽകുന്ന വിരുന്നിൽ നിന്ന് പുറത്താകുന്നു എന്നിങ്ങനെയൊക്കെയാണ് പുതിയനിയമം നരകത്തെ അവതരിപ്പിക്കുന്നത്.

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പറയുന്നു: ''നരകത്തിലെ പ്രധാന ശിക്ഷ ദൈവത്തിൽനിന്നുള്ള എന്നേക്കുമായ വേർപാടാണ്. മാരക പാപാവസ്ഥയിൽ മരിക്കുന്നവരുടെ ആത്മാക്കൾ ഉടനെ നരകത്തിലേക്ക് പതിക്കുന്നു. അവിടെ അവർ 'നിത്യാഗ്നിയായ' നരകപീഡനങ്ങൾ അനുഭവിക്കും'' (CCC1035).

നരകം ദൈവത്തിൽനിന്നുള്ള പൂർണ്ണമായ അകൽച്ചയാണ്. മനുഷ്യൻ ദൈവത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ, ദൈവത്തിൽ നിന്നുള്ള അകൽച്ച ഒരു വൈരുദ്ധ്യമാണ്. ഒരുവൻ താൻ സൃഷ്ടിച്ച ആവൃതിക്കുള്ളിൽ ഒതുങ്ങിക്കൂടുന്നതിനെയാണ് നരകം എന്ന് പറയുന്നത്. പ്രതികാരദാഹിയായ ഒരു ദൈവം നൽകുന്ന ശിക്ഷയല്ല നരകം. ജീവന്റേയും ആനന്ദത്തിന്റേയും സ്രോതസ്സായ ദൈവത്തെ നിരാകരിക്കുമ്പോഴുണ്ടാകുന്ന സ്വാഭാവികമായ പ്രത്യാഘാതമാണത്.

മാരകപാപത്തിലുൾപ്പെടുകയും അനുതപിക്കാതിരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി മരണശേഷവും ദൈവത്തിൽനിന്നും മറ്റു മനുഷ്യരിൽ നിന്നും അകന്നിരിക്കും. നിത്യജീവന്റെ ഈ നഷ്ടപ്പെടലാണ് നിത്യശിക്ഷ എന്നും നരകം



എന്നും അറിയപ്പെടുന്നത് (മത്താ. 25:46). ഒരു മനുഷ്യനും നശിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല (1 തിമോ. 2:4, 2 പത്രോ. 3:9). എന്നാൽ തന്റെ സ്വാതന്ത്ര്യം ഉപയോഗിച്ച് ദൈവത്തെ തിരസ്കരിക്കുന്ന മനുഷ്യൻ സ്വയം തെരഞ്ഞെടുക്കുന്ന അവസ്ഥയായിട്ടാണ് നരകത്തെ മനസിലാക്കേണ്ടത്.

**ഉപസംഹാരം**

മരണാനന്തരജീവിതത്തിന്റെ വിശദാംശങ്ങൾ മനുഷ്യബുദ്ധിക്കതീതമാണെങ്കിലും ക്രൈസ്തവ വിശ്വാസത്തിൽ അതിന്റെ അന്തരാർത്ഥങ്ങൾ ഏറെക്കുറേ വ്യക്തമാണ്; ദൈവബന്ധം മരണത്തേക്കാൾ ശക്തമാണ്. മരണത്തിന് മുമ്പുള്ള ജീവിതം ദൈവബന്ധത്തിലടിയുറച്ചതാണെങ്കിൽ അത് അപ്രകാരമുള്ള ഒരു മരണാനന്തരജീവിതത്തിന് പ്രത്യാശ നല്കുന്നു. ഐഹികജീവിതത്തിൽ ക്രിസ്തുവുമായി ഐക്യപ്പെട്ടവൻ മരണത്തിലും മരണാനന്തരവും നിത്യജീവനായ ക്രിസ്തുവുമൊത്ത് നിത്യകാലം ജീവിക്കും.

സ്വർഗവും നരകവും വെറും മിഥ്യാസങ്കല്പങ്ങളല്ല, പിന്നെയോ യാഥാർത്ഥ്യങ്ങളാണ്. ദൈവനിഷേധികളായി ജീവിക്കുകയും അപരനെ അവഗണിക്കുകയും അനുതപിക്കാതെ മാരകപാപത്തിൽ മരിക്കുകയും ചെയ്യുന്നവർ സ്വാഭാവികമായും ചെന്നുചേരുന്ന അവസ്ഥയാണ് നരകം. ദൈവം തന്നെയാണ് സ്വർഗം. ഭൗമികജീവിതത്തിൽ ദൈവസംസർഗത്തിൽ ജീവിക്കുന്നവർ മരണാനന്തരവും ദൈവത്തോടൊപ്പമായിരിക്കും. അതുതന്നെയാണ് സ്വർഗസൗഭാഗ്യം. ഈ പ്രത്യാശയിൽ നമുക്ക് ആനന്ദിക്കാം (റോമ. 12:12).



ഫാ. ജോസഫ് വള്ളിയാട്ട്

ബൈസന്റൈൻ സഭകളിലെ
മനോഹരമായ ഒരു അനുഷ്ഠാനമാണ്
അകതിസ്തോസ് എന്ന് വിളിക്കപ്പെടുന്ന
മരിയൻ സ്തോത്രഗീതം.
രക്ഷകന്റെ അമ്മയും കന്യകയും
എന്ന നിലയിൽ മറിയത്തെ
ക്രിസ്തുരഹസ്യത്തോട് ചേർത്ത്
ധ്യാനിക്കുകയാണീഗീതം.
അതിലെ ഒരു വരിയാണ്, ക്രിസ്തുവിന്റെ
അതിശയങ്ങളുടെ ആരംഭമേ സ്വസ്തി!

# അതിശയങ്ങളുടെ ആരംഭം

**അ**ടിമത്തത്തിന്റെ നാട്ടിൽനിന്ന്, മരുഭൂവിലൂടെ, വാഗ്ദത്തം ചെയ്യപ്പെട്ട നാട്ടിലേക്കുള്ള നീണ്ട യാത്രയാണ്. ജനം സീനായ്ക്കുചുറ്റും പാളയമടിച്ചിരിക്കുന്നു. അഗ്നിത്തൂണായും കാർമേഘമായും അവർക്ക് തുണയായി വന്ന തമ്പുരാൻ, ജനനേതാവായ മോശയെ സീനായ് മലയിൽ തന്റെ തിരുസാന്നിദ്ധ്യത്തിലേക്ക് വിളിച്ചു. ഉടമ്പടിയുടെ തിരുവെഴുത്ത് പ്രതീക്ഷിച്ച് മലകയറിയ മോശയോട് ദൈവം സംസാരിക്കുന്നത് ജനത്തോടൊപ്പം തനിക്ക് വസിക്കാൻ ഒരു കൂടാരം ഒരുക്കുന്നതിനെപ്പറ്റിയാണ്. പുറപ്പാടു പുസ്തകത്തിൽ ഏഴ് അധ്യായങ്ങൾ (25-31) നീളുന്ന നിർദ്ദേശങ്ങളാണ് ദൈവം മോശയ്ക്ക് നൽകുന്നത്, വിശുദ്ധ കൂടാരം ഒരുക്കുന്നതിനെപ്പറ്റി. കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നവർ ധരിക്കേണ്ട വസ്ത്രത്തിന്റെ അലങ്കാരം പോലും അവിടുന്ന് നിർദ്ദേശിക്കുന്നുണ്ട്. പിന്നീട് വീണ്ടും ആറ് അധ്യായങ്ങൾ കൂടി (35-40) എടുത്താണ് മോശ ഈ നിർദ്ദേശങ്ങൾ എപ്രകാരം നിറവേറ്റി എന്ന് വിശുദ്ധഗ്രന്ഥകാരൻ വിവരിക്കുന്നത്.

ഈജിപ്തിൽനിന്ന് പുറപ്പെടുമ്പോൾ ഈജിപ്തുകാരായ അയൽക്കാരിൽനിന്ന് സ്വർണ്ണവും വെള്ളിയും ചോദിച്ചുവാങ്ങണമെന്ന് കർത്താവ് കല്പിച്ചിരുന്നു (പുറ. 11.2). അഗ്നിശുദ്ധി ചെയ്തെടുത്ത ഈ വിശിഷ്ടലോഹങ്ങളും ജനത്തിന്റെ കൈവശമുണ്ടായിരുന്ന ഏറ്റവും വിശിഷ്ടമായ നൂലും തുകലും ഉപയോഗിച്ചായിരുന്നു കൂടാരത്തിന്റെ നിർമ്മാണം. ഈ പണികൾക്കായി ദൈവിക ചൈതന്യം നിറച്ച കലാനിപുണരായ പണിക്കാരെ ദൈവം മുൻകൂട്ടി നിശ്ചയിച്ചിരുന്നു.

പഴയനിയമത്തിലെ കൂടാരം ഒരു അടയാളം മാത്രമായിരുന്നു. ഉന്നത ഗിരിശിഖരത്തിൽ ഇറങ്ങിവന്നപ്പോൾ അതിന്റെ താഴ്വാരങ്ങൾക്ക് മരണത്തിന്റെ കോട്ടകെട്ടിയ മഹോന്നതൻ, തന്റെ ജനത്തോടൊപ്പം യാത്രചെയ്യാൻ തിരുവുള്ളമായിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്ന കരുണയുടെ അടയാളം. അതിനുള്ളിലെ സ്ഥിരസാന്നിധ്യമാകട്ടെ, കല്പനകളെഴുതിയ കല്പലകകളും വഴിയാത്രയ്ക്ക് ദാനം ലഭിച്ച അപ്പം നിറച്ച പാത്രവുമായിരുന്നു.

പുതിയനിയമത്തിൽ ഈ അടയാളത്തിന്റെ പൂർത്തീകരണമായി ഒരുവളുണ്ട്. അവളിൽ അത്യുന്നതന്റെ ശക്തി വന്നു നിഴലിക്കുക മാത്രമല്ല, ദൈവത്തിന്റെ വചനം അവളിൽനിന്ന് മാംസം ധരിച്ച് നമ്മോടൊത്ത് വസിക്കുകയും ചെയ്തു. അവളുടെ ഉദരത്തിൽ അവന്റെ തിരുബലിക്കുള്ള ശരീരം ഒരുക്കപ്പെട്ടു. അവളിൽനിന്ന് ദൈവത്തിനു സ്വീകാര്യമായ അനുസരണത്തിന്റെ ആദ്യജാതൻ ജനിച്ചു, ജാതികളുടെ ജീവസന്ധാരണത്തിനുള്ള വിശുദ്ധ അപ്പം അവളിൽ ഒരുക്കപ്പെട്ടു. അടയാളം മാത്രമായിരുന്ന ആദ്യകൂടാരം അനന്യശ്രദ്ധയോടെ വിഭാവനം ചെയ്തവൻ, അവളുടെ ജനനത്തിനുള്ള വഴികളെ എത്ര കരുതലോടെയാവും ഒരുക്കിയിട്ടുള്ളത്!

**സുവിശേഷത്തിന്റെ ഒരുക്കം**

സുവിശേഷം യേശുവിനെക്കുറിച്ചാണ്. അവന്റെ തിരുമുഖത്ത് വെളിവായ ദൈവസ്നേഹത്തെക്കുറിച്ച്, അവന്റെ രക്തത്തിൽ സാക്ഷാത്കരിക്കപ്പെട്ട രക്ഷാദാനത്തെക്കുറിച്ച്. ബൈബിളിലെ സുവിശേഷഗ്രന്ഥങ്ങളിൽ ആദ്യം എഴുതപ്പെട്ടത് മർക്കോസിന്റെ സുവിശേഷമാണ്. അത് ആരംഭിക്കുന്നത് 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം' എന്ന് കൃത്യമായി പറഞ്ഞുകൊണ്ടാവുന്നത് യാദൃശ്ചികമല്ല. യേശുവിന്റെ സൂര്യതേജസ്സിൽ അവിടുത്തെ ഭൗതിക ജീവിതം പങ്കുവച്ച മറ്റുള്ളവരെ സംബന്ധിച്ച കഥകൾ ഇടവേളകളിലും ഒളിമങ്ങിയും ഒക്കെയാണ് സുവിശേഷഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെടുക.

സ്വാഭാവികമായും ആദിമ ക്രൈസ്തവർക്ക് പരിശുദ്ധ അമ്മയെക്കുറിച്ചും വിശുദ്ധ യൗസേപ്പിനെക്കുറിച്ചും അപ്പസ്തോലന്മാരെക്കുറിച്ചും കൂടുതൽ അറിയാൻ ആഗ്രഹമുണ്ടായിരുന്നു. പലരും അന്വേഷിച്ചു. ലഭ്യമായ വിവരങ്ങൾ കഥകളിലേക്ക് പകർത്തി. വിവരങ്ങൾ ഒട്ടും ലഭ്യമല്ലാതെ വന്നപ്പോൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് ലഭ്യമായ കഥകളുടെ മാതൃകയിൽ ചിലപ്പോഴെങ്കിലും സാങ്കല്പിക കഥകളും മെനഞ്ഞു. ഇങ്ങനെയുണ്ടായ ഗ്രന്ഥസഞ്ചയമാണ് അപ്പോക്രിഫ (അപ്രാമാണിക രചനകൾ) എന്ന് വിളിക്കപ്പെടുന്നത്.

വാമൊഴിയായി രൂപപ്പെട്ട ഇത്തരം കഥാരൂപങ്ങൾ ലിഖിതരൂപം പ്രാപിച്ചത് രണ്ടാം നൂറ്റാണ്ടിലാണ്. മാർഗദീപങ്ങൾ മണ്മറഞ്ഞപ്പോൾ അവരെ വാക്കുകളിലെങ്കിലും ഓർത്തെടുക്കാനുള്ള ആദിമ പരിശ്രമങ്ങളായിരുന്നു ഇവ. (അധികം വൈകാതെ ജ്ഞാനവാദം എന്ന വിരുദ്ധോപദേശത്തിന്റെ സ്വാധീനത്തിൽ ഈ രചനകൾ വഴിതെറ്റിത്തുടങ്ങി എന്ന് ഓർത്തിരിക്കണം. എങ്കിലും ആദ്യകാല അപ്പോക്രിഫകളിൽ മനഃപൂർവമായ അബദ്ധോപദേശസ്വാധീനം കുറവാണ്).

രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ തന്നെ ലിഖിതരൂപത്തിലെത്തിയ അപ്രാമാണിക ഗ്രന്ഥങ്ങളിൽ പ്രമുഖമാണ് യാക്കോബിന്റെ പൂർവസുവിശേഷം എന്ന് അറിയപ്പെടുന്ന കൃതി. യേശുവിന്റെ ജനനവും ബാല്യകാലവും ഇതിൽ വിവരിക്കപ്പെടുന്നുണ്ടെങ്കിലും ഈ രചന ശ്രദ്ധയർപ്പിക്കുന്നത് പരിശുദ്ധ ദൈവമാതാവിന്റെ വ്യക്തിത്വത്തിലേക്കാണ്. അമ്മയുടെ മാതാപിതാക്കളെ പരിചയപ്പെടുത്തി ആരംഭിക്കുന്ന ഗ്രന്ഥം, അതിശയകരമായ സാഹചര്യത്തിൽ അമ്മ ജനിക്കുന്നതും, ദേവാലയവുമായി ബന്ധപ്പെട്ട് വളരുന്നതും, യൗസേപ്പുമായി ഈ കന്യകയുടെ വിവാഹം നടത്താൻ പുരോഹിതന്മാർ നിശ്ചയിക്കുന്നതുമുൾപ്പെടെ യേശുവിന്റെ ജനനത്തിലേക്ക് നയിക്കുന്ന സംഭവ

ങ്ങൾ ഗ്രന്ഥകാരൻ വിവരിക്കുന്നു.

ഈ പുസ്തകത്തിൽ വിവരിക്കുന്ന കാര്യങ്ങൾ ഐതിഹ്യപരമാണ്. ചരിത്രത്തിൽനിന്ന് എന്ത് അംശങ്ങളാണിവ സ്വാംശീകരിച്ചിരിക്കുന്നത് എന്നകാര്യം ചർച്ചാവിഷയമാണ്. ഒരു പക്ഷെ പൂർണമായും സാങ്കല്പിക സൃഷ്ടിയാവാനും ഇടയുണ്ട്. പഴയനിയമത്തിലെ നീതിമാന്മാരുടെ കഥകളോട് തുലനപ്പെടുത്തി പുതിയനിയമ ദർശനങ്ങൾ ഉൾക്കൊണ്ട്, യേശുവിന്റെ അമ്മയാകാനുള്ള കന്യകയെ ദൈവം എങ്ങനെ ഒരുക്കി എന്ന് വിവരിക്കുന്ന ഒരു കഥ.

പക്ഷെ ആദിമ ക്രൈസ്തവ സമൂഹങ്ങളിൽ ഏറ്റവും അംഗീകരിക്കപ്പെട്ട, പരക്കെ വായിക്കപ്പെട്ട, അപ്രാമാണിക ഗ്രന്ഥങ്ങളിൽ ഒന്നാണ് യാക്കോബിന്റെ പൂർവസുവിശേഷം. മറ്റൊരു അപ്രാമാണിക രചനയും സഭയിൽ ഇത്രയും സ്വാധീനം ചെലുത്തിയിട്ടില്ല. ഒരു പക്ഷെ ചില കാനോനിക ഗ്രന്ഥങ്ങൾക്കുപോലും മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ഇതിനു തുല്യമായ സ്വീകാര്യത ലഭിച്ചിരുന്നില്ല. ഈ സ്വാധീനം വഴിയാണ് മരിയൻ ഭക്ത്യനുഷ്ഠാനങ്ങൾ പിൽക്കാലത്ത് അതിവേഗം പ്രചരിക്കാൻ ഇടയായത്. പൗരസ്ത്യനാടുകളിൽ പ്രത്യേകിച്ചും പൂർവസുവിശേഷ കഥകൾ ആരാധന ക്രമങ്ങളിൽ വരെ സൂചിതമാണ്. ഈ കഥകളുടെ പൗരാണികതയും അവയുടെ സ്വീകാര്യതയും കൃത്യമായി സൂചിപ്പിക്കുന്നത് പരിശുദ്ധ അമ്മയ്ക്ക് ആദിമ സഭയുടെ ഹൃദയത്തിലുണ്ടായിരുന്ന അനന്യമായ സ്ഥാനം തന്നെയാണ്. മറ്റൊരു മനുഷ്യ വ്യക്തിക്കും ക്രിസ്തീയ പാരമ്പര്യം അനുവദിച്ചിട്ടില്ലാത്ത വിധം ഉന്നതമായ സ്ഥാനം.

പരിശുദ്ധി എന്ന ആശയത്തെ കേന്ദ്രീകരിച്ചാണ് അമ്മയുടെ ജനനത്തെക്കുറിച്ച് പൂർവസുവിശേഷകാരൻ വിവരിക്കുന്നത്. അതിധനികരും എന്നാൽ അങ്ങേയറ്റം നീതിനിഷ്ഠരും ജീവിതം പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചവരുമായിരുന്നു യോവാക്കീമും അന്നയും. അനപത്യദുഃഖത്തിൽ തകർന്ന് യോവാക്കിം നാല്പതുദിവസം മരുഭൂമിയിൽ ഏകനായി പ്രാർത്ഥിക്കുമ്പോഴാണ് കുഞ്ഞിന്റെ ജനനത്തെക്കുറിച്ച് അദ്ദേഹത്തിന് അറിയിപ്പ് ലഭിക്കുന്നത്. കുഞ്ഞ് നടക്കാറാകുമ്പോൾ ഭൂമിയിൽ ഏഴ് അടി വയ്ക്കുവാൻ അനുവദിച്ച ശേഷം വെറും മണ്ണിൽ ചവിട്ടുവാൻ പോലും അവളുടെ അമ്മ അനുവദിക്കുന്നില്ല. സ്വഭവനത്തിൽ ഒരു വിശുദ്ധീകരിക്കപ്പെട്ട സ്ഥലം അവൾക്കായി മാറ്റിവച്ച് അവളെ അതിനുള്ളിൽ വളർത്തുന്നു. മൂന്ന് വയസ്സ് തികയുമ്പോൾ അവളെ ദേവാലയത്തിൽ വളർത്താനായി പുരോഹിതരെ ഏല്പിക്കുന്നു. ദേവാലയത്തിൽ 'പ്രാവിനെപ്പോലെയും ദൈവദൂതന്മാരുടെ കയ്യാലും' ആണ് അവൾ പരിപാലിക്കപ്പെടുന്നത്. അവൾക്ക് പ്രായപൂർത്തി ആയപ്പോൾ, പുരോഹിതരുടെ ആലോചനയിൽ ദൈവനിയുക്തനായ യൗസേപ്പിനെ അവൾക്ക് വരനായി നിശ്ചയിക്കുന്നു. യൗസേപ്പാകട്ടെ, വിഭാര്യനും സന്തതികളുള്ളയാളുമാണ്. കന്യകയുടെ കാവൽക്കാരനായി ദൈവം നിന്നെ നിയോഗിക്കുന്നു എന്ന വാക്കുകളോടെയാണ് പുരോഹിതന്മാർ മറിയത്തെ അദ്ദേഹത്തിനു ഭരമേല്പിക്കുന്നത്.

വിവാഹനിശ്ചയത്തിനു ശേഷം ദേവാലയത്തിന്റെ വിശുദ്ധ സ്ഥലത്തിന് തിരശീല നെയ്യുവാൻ വിശുദ്ധരായ യുവതികളെ തെരഞ്ഞെടുക്കാൻ പുരോഹിതന്മാർ കുറിയിടുമ്പോൾ ആ കുറി വീഴുന്നത് മറിയമിനാണ്. വിശുദ്ധ സ്ഥലത്തിന്റെ തിരശീലനെയ്യുമ്പോഴാണ് യേശുവിന്റെ ജനനത്തിന്റെ സദ്വാർത്ത അമ്മ സ്വീകരിക്കുന്നത്.

ഇതുവരെയും തുടർന്നും ലൗകിക വ്യാപാരത്തിൽനിന്ന് പൂർണ്ണമായി അകന്നതും ദൈവത്തോട് ചേർന്നതുമായ ഒരു ജീവിതമായിരുന്നു തന്റെ പുത്രന് മാതാവായി തെരഞ്ഞെടുത്ത കന്യകയ്ക്ക് ദൈവം നിശ്ചയിച്ചത് എന്ന് ഈ കഥ വ്യക്തമാക്കുന്നു. ഇക്കാര്യമാണ് ഈ കഥയുടെ ഉൾപൊരുൾ.

ഭൂമിയിലെ തന്റെ കൂടാരത്തിന് എല്ലാം വിശുദ്ധമായി മുൻകൂട്ടി തെരഞ്ഞെടുത്തവൻ, നസറത്തിലെ കന്യകയുടെ ഉടലും ഉയിരും പരിശുദ്ധമായി കാക്കുന്നു. ദൈവത്തിന്റെ അന്യാദൃശ്യമായ നടത്തിപ്പിലൂടെ അവൾ അവിടുത്തേക്ക് യോഗ്യമായ ആലയമായിത്തീരുന്നു.

**രക്ഷയുടെ വാഗ്ദാനം**

യാക്കോബിന്റെ പൂർവ്വസുവിശേഷം പ്രചാരം നേടുന്ന കാലത്താണ് രക്ഷകന്റെ അമ്മയെ രക്ഷാകരസംഭവവുമായി ബന്ധിപ്പിക്കുന്ന ദൈവശാസ്ത്രവിചിന്തനങ്ങളുടെ ആരംഭവും. രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പ്രവർത്തനനിരതരായിരുന്ന വിശുദ്ധ ജസ്റ്റിനും (എ.ഡി. 165 ൽ കൊല്ലപ്പെട്ടു) വിശുദ്ധ ഐറേനിയസുമാണ് (202 ൽ കൊല്ലപ്പെട്ടു) രക്ഷാകരചരിത്രത്തിൽ മറിയത്തിനുള്ള അനന്യമായ സ്ഥാനം ആദ്യമായി വിശദീകരിച്ചത്. സഭയുടെ ദൈവശാസ്ത്രഭാഷയ്ക്കും വിശകലനരീതികൾക്കും ആദിമ മാതൃകകൾ നൽകിയ ഈ വിശുദ്ധർ അമ്മയെ രണ്ടാം ഹവ്വ എന്ന് വിളിക്കുന്നു. ഇവരിൽ ലിയോൺസിലെ മെത്രാനായിരുന്ന ഐറേനിയസാണ് പരിശുദ്ധ അമ്മയെക്കുറിച്ച് കൂടുതൽ വിശദമായി എഴുതിയിട്ടുള്ളത്.

പാപബന്ധനത്തിൽ നിന്ന് മുക്തമായ പുതിയ മനുഷ്യനായി, രണ്ടാമത്തെ ആദാം ആയി, മിശിഹായെ വിവരിച്ചത് പൗലോസ് അപ്പസ്തോലനാണല്ലോ. ക്രിസ്തുവിന്റെ അനുസരണത്തിന്റെ നീതി, ആദാമിന്റെ അനുസരണക്കേടിന്റെപാപഭാരത്തെ ജയിച്ച്, ദൈവവുമായി അനുരഞ്ജനപ്പെട്ട ഒരു പുതിയ മനുഷ്യവംശത്തിന് ആരംഭമാകുന്നു. ഇവിടെ ശ്ലീഹാ നടത്തുന്ന താരതമ്യം ഒരു പടികൂടി കടന്ന്, മറിയാമിൽ എത്തിക്കുകയാണ് വി. ഐറേനിയസ്. കന്യകയായ ഹവ്വ, സർപ്പത്തിന്റെ വാ

ക്കുകേട്ട് പാപത്തിലേക്ക് വഴുതി. എന്നാൽ കന്യകയായ മറിയം മാലാഖയുടെ വാക്ക് സ്വീകരിച്ച് അനുസരണമുള്ളവളായി. ആ അനുസരണം വഴി, അവൾ ആദിമ മാതാവിന്റെ വീഴ്ചയെ പരിഹരിച്ചു. (പാഷണ്ഡതകൾക്കെതിരെ, 5.19.1). മനുഷ്യവംശത്തിന്റെ വീഴ്ചയ്ക്ക് പരിഹാരമായി തന്റെ പുത്രനിലൂടെ വീണ്ടെടുപ്പിന്റെ വഴി നിശ്ചയിച്ച ദൈവം, ആ പദ്ധതിയിൽ മറിയാമിന് അനന്യവും അതിപ്രധാനവുമായ  ഒരു പങ്കു നൽകി. 'ഹവ്വയുടെ അനുസരണക്കേടിന്റെ കെട്ട് മറിയമിന്റെ അനുസരണത്തിലൂടെ അഴിഞ്ഞു' (പാഷണ്ഡതകൾക്കെതിരെ, 3.22) എന്നും മറിയം ഹവ്വയുടെ മധ്യസ്ഥയായിത്തീർന്നു എന്നും, സർപ്പത്തിന്റെ കുതന്ത്രത്തെ മാടപ്രാവിന്റെ നിഷകളങ്കത പരാജയപ്പെടുത്തി എന്നും (പാഷണ്ഡതകൾക്കെതിരെ, 5.19.1) ഒക്കെ എടുത്തുപറഞ്ഞ് ഈ അതുല്യസ്ഥാനത്തെ വിശുദ്ധൻ വ്യക്തമാക്കുന്നുണ്ട്.

മറിയത്തിന്റെ അനുസരണത്തെ യേശുവിന്റെ അനുസരണത്തോട് ചേർത്ത് രക്ഷാകരപദ്ധതിയുടെ കേന്ദ്രഭാഗത്ത് പ്രതിഷ്ഠിക്കുന്നു വി. ഐറേനിയസ്. അമ്മ മനുഷ്യവ്യക്തിയാണ്; മനുഷ്യമക്കളിൽനിന്ന് മാനുഷികരീതിയിൽ ജനിച്ചവൾ. സത്യത്തിന്റെ വചനം മുളച്ച ഭൂമി എന്ന് വിശുദ്ധൻ അമ്മയെ വിളിക്കുന്നു; ഭൂമിയാണവൾ. ഭൂമിയുടെ ഉദരത്തിൽനിന്ന് മഹത്വത്തോടെ ഉയിർത്ത് തന്റെ ദൈവികപ്രഭയാൽ ഭൂമുഖത്തെ സന്തോഷിപ്പിച്ചവൻ അവളിൽ ശിശുവായി പാർത്തു. പക്ഷെ അവന് ആകാശങ്ങളിൽനിന്ന്, അനന്തതയിൽ നിന്ന് മറ്റൊരു ഉറവിടമുണ്ട്. മണ്ണിന്റെ മകളായ മറിയത്തെ തന്റെ പുത്രന്റെ ജനനിയായി ദൈവം തെരഞ്ഞെടുത്തു. ആ തെരഞ്ഞെടുപ്പ് അവളെ മനുഷ്യരക്ഷയെ സംബന്ധിച്ച രഹസ്യത്തിന്റെ അവിഭാജ്യമായ ഘടകമാക്കുന്നു.

രക്ഷകന്റെ ഉടൽ എടുക്കപ്പെട്ട പുതുമണ്ണ് എന്ന നിലയിൽ മറിയാമിന്റെ ജന്മം നിർമലമായി ദൈവം കാത്തു എന്ന വിശ്വാസത്തിന്റെ സൂചന ഇക്കാലത്തുതന്നെ കാണാവുന്നതാണ്. പഴയനിയമത്തിൽ യൗസേഫിനുള്ള അവകാശത്തെ അനുഗ്രഹിച്ചുകൊണ്ട്, കർത്താവ് അവന്റെ ഭൂമിയെ അനുഗ്രഹിക്കും; ആകാശത്തുനിന്ന് വിശിഷ്ടമായ മഞ്ഞ് അതിനെ നനയ്ക്കും എന്ന് മോശ പ്രവചിക്കുന്നുണ്ടല്ലോ (നിയമാ. 33,13) ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട്, കർത്താവ് അനുഗ്രഹിച്ച ഭൂമി മറിയാമാണെന്നും, ഉന്നതത്തിൽനിന്ന് അവളെ നനച്ച മഞ്ഞ് പരിശുദ്ധാരൂപി ആണെന്നും റോമിലെ വി. ഹിപ്പോളിറ്റസ് പഠിപ്പിക്കുന്നു. അവളിൽനിന്ന് സകല വാഗ്ദാനങ്ങളുടെയും  വിശുദ്ധഭൂമിയായവൻ കാലാന്ത്യത്തിൽ സ്വയം വെളിപ്പെടുത്തി. (മോശയുടെ ആശീർവാദം, 2) മണവാളൻ വിവാഹവസ്ത്രം എന്നതുപോലെ അവൻ പരിശുദ്ധയായ കന്യകയിൽനിന്ന് പരിശുദ്ധമായ ശരീരം ധരിച്ചു എന്നും അദ്ദേഹം മറ്റൊരിടത്ത് പറയുന്നുണ്ട് (ഏൽക്കാനയെയും അന്നയെയും കുറിച്ചുള്ള പ്രഭാഷണം).

**തിരുവുടലിന്റെ ഉറവിടം**

യേശു ആരാണെന്നതിനെക്കുറിച്ച് അനവധി സംശയങ്ങൾ ഉയർന്നുവന്ന കാലമായിരുന്നു രണ്ടും മൂന്നും നൂറ്റാണ്ടുകൾ. അവിടുന്ന് ദൈവമാ



ണെന്ന് വിശ്വസിക്കുക പ്രാചീന ക്രൈസ്തവർക്ക് പ്രയാസമായിരുന്നില്ല. ദൈവത്വത്തെക്കാൾ ഇടർച്ചക്ക് കാരണമായത് അവന്റെ മനുഷ്യത്വമാണ്. ദൈവത്തിന് യഥാർത്ഥത്തിൽ ശരീരിയാകാൻ കഴിയുമോ? യഥാർത്ഥത്തിൽ പീഡസഹിക്കാനാകുമോ? ഒരു കൂട്ടം ക്രൈസ്തവർ യേശുവിന്റെ മനുഷ്യാവതാരവും പീഡാസഹനവും ഒക്കെ വെറും തോന്നൽ (പ്രത്യക്ഷം) മാത്രമായിരുന്നു എന്ന് ചിന്തിക്കാൻ തുടങ്ങി. ഡൊസേറ്റിസം എന്നാണ് ഈ അബദ്ധ പ്രബോധനത്തിന്റെ പേര്. ജ്ഞാനവാദികൾ എന്ന് അറിയപ്പെട്ടിരുന്ന ആദിമ ക്രൈസ്തവ വിഭാഗങ്ങൾ ഈ അബദ്ധോപദേശം സ്വീകരിച്ചിരുന്നു. ദൈവപുത്രൻ മറിയാമിന്റെ ഉദരത്തിലൂടെ കടന്നുപോയതേ ഉള്ളൂ, വെള്ളം കുഴൽ വഴി ഒഴുകുന്നതുപോലെ എന്ന് അവർ വിശദീകരിച്ചു. അവളിൽ നിന്ന് അവൻ ഒന്നും സ്വീകരിച്ചിട്ടില്ല; മാനുഷികമായ ഒന്നും അവന്റെ ഉണ്മയെ സ്പർശിച്ചിട്ടില്ല എന്ന് അവർ വിശ്വസിച്ചു. പാഷണ്ഡതകൾക്കെതിരെ എന്ന ഗ്രന്ഥത്തിൽ പലയിടങ്ങളിൽ ഐറേനിയസ് ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്.

''മനുഷ്യവ്യക്തിയിൽനിന്ന് മാംസമെടുത്തില്ലെങ്കിൽ അവൻ മനുഷ്യനായില്ല, മനുഷ്യപുത്രനുമായില്ല. പക്ഷേ അവൻ നമ്മിലൊരുവനായില്ല എന്നാണെങ്കിൽ, അവൻ സഹിച്ചതിലും മരിച്ചതിലും വൻകാര്യമൊന്നും ഇല്ല'' എന്ന് ഖണ്ഡിതമായി പറഞ്ഞുകൊണ്ടാണ് (പാഷണ്ഡതകൾക്കെതിരെ, 3. 22.1) ഡൊസേറ്റിസം എങ്ങനെ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളെ നശിപ്പിക്കുന്നു എന്ന് ഐറേനിയസ് വ്യക്തമാക്കുന്നത്. മിശിഹാ യഥാർത്ഥമനുഷ്യനല്ലെങ്കിൽ, അവിടുന്ന് മനുഷ്യാവസ്ഥകളിൽ യഥാർത്ഥമായി ചേർന്നിട്ടില്ലെങ്കിൽ മനുഷ്യരക്ഷയ്ക്കായി അവിടുന്നു മരിച്ചു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നത് വ്യർത്ഥമാണ്! യേശുവിന്റെ മനുഷ്യാംശം വെറും പ്രത്യക്ഷമല്ല, പച്ചയായ യാഥാർത്ഥ്യമാണെന്ന് കാണിക്കാനാണ് യോഹന്നാൻ വചനം മനുഷ്യനായി എന്നു പറയുന്നതിനു പകരം വചനം മാംസമായി എന്ന് എഴുതുന്നത്. മനുഷ്യചരിത്രത്തിൽ അവന്റെ ഉടലിടം അടയാളപ്പെടുത്താനാണ് വിശ്വാസപ്രമാണത്തിന്റെ ഹൃദയത്തിൽ അവനു ജന്മം നൽകിയ അമ്മയുടെയും അവന്റെ മരണത്തിനു സാക്ഷിയായ പീലാത്തോസിന്റെയും പേര് ഉൾപ്പെടുത്തിയിരിക്കുന്നത്.

മിശിഹാ കാലത്തികവിൽ മറിയാമിൽനിന്ന് ശരീരപ്രകാരം പിതാവില്ലാതെ ജനിച്ചു എന്ന് നമ്മുടെ ആരാധനക്രമത്തിൽ നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. ആദിയിൽ ആദാമിന്റെ കാര്യത്തിലെന്നപോലെ, ദൈവത്തിന്റെ വചനവും പരിശുദ്ധാത്മാവും മറിയാമിന്റെ ഉടലിൽനിന്ന് രക്ഷകന്റെ ശരീരം മെനഞ്ഞു. ആദം മണ്ണിൽ നിന്ന് എടുക്കപ്പെട്ടു; മിശിഹാ 'മറിയം എന്ന വരണ്ട ഭൂമിയിൽനിന്നും' മുളച്ചു. (വി. കുർബാനയുടെ ആമുഖ ശുശ്രൂഷയിലെ സെദറ. വരണ്ടഭൂമി എന്നത് കന്യാത്വത്തെ സൂചിപ്പിക്കുന്നു). തന്റെ പുത്രന് ശരീരം ധരിക്കുവാൻ പുതുതായി മണ്ണിൽ നിന്ന് മറ്റൊരു മനുഷ്യനെ ദൈവം നിർമ്മിക്കുന്നില്ല. അവന്റെ ശരീരം മറിയാമിൽ നിന്ന് എടുക്കപ്പെട്ടു. രണ്ടാം ആദാം, ക്രിസ്തു, പുതിയ മനുഷ്യനാണ്; അവൻ ആദിമ മനുഷ്യന്റെ തുടർച്ചയാകുന്നത് കന്യകയായ മറിയാമിന്റെ ശരീരത്തിൽനിന്ന് എടുക്കപ്പെടുന്നതുവഴി ആണ്. അവളിൽനിന്ന് അവൻ മനുഷ്യസാദൃശ്യം ധരിച്ചതുവഴി ആണ് മനുഷ്യൻ ദൈവസാദൃശ്യത്തിലേക്ക് വളരാനുള്ള വഴി തുറന്നത്.

മിശിഹായുടെ മരണത്തിൽ ആത്മാവ് ശരീരത്തിൽനിന്ന് വേർപെടുകയും ദൈവിക ശക്തിയാൽ വീണ്ടും ആത്മാവ് ശരീരത്തോട് ചേർന്ന് അവിടുന്ന് ഉയിർക്കുകയും ചെയ്തതുവഴി മനുഷ്യ സൃഷ്ടിയുടെ നവീകരണം പൂർത്തിയാകുന്നു. അത് ആരംഭിക്കുന്നത് മറിയാമിന്റെ ഉദരത്തിൽ നിന്ന് കർത്താവ് കൃപയാൽ പൂരിതമായ പുതിയ ശരീരം സ്വീകരിക്കുന്ന നിമിഷത്തിലാണ്.

മിശിഹായുടെ മനുഷ്യശരീരത്തിന്റെ ഏക മാനുഷിക ഉറവിടമാണ് മറിയം. അതുകൊണ്ടാണ് പരിശുദ്ധ അമ്മയെ ശരീരത്തിലും ആത്മാവിലും സവിശേഷമായി ഒരുക്കാൻ ദൈവം തിരുമനസ്സാകുന്നത്.

**ദൈവമാതാവ്**

യേശുക്രിസ്തു ദൈവവും മനുഷ്യനുമാണ്. പക്ഷെ അവിടുന്ന് ഒരാൾ മാത്രമാണ്. അനാദിയിൽ പിതാവിൽനിന്ന് മാതാവില്ലാതെ ജനിച്ചതും, മനുഷ്യരക്ഷയ്ക്കായി അമ്മയിൽനിന്നു മാത്രം ശരീരം ധരിച്ചതും വചനമായ ദൈവം എന്ന ഒറ്റ വ്യക്തിയാണ്. ആ വ്യക്തിയാകട്ടെ ഒരേസമയം സജീവ ദൈവത്തിന്റെ പുത്രനായ ആദിചൈതന്യവും മറിയത്തിന്റെ പുത്രനായ മർത്യനുമാണ്. മറിയത്തിൽ നിന്ന് ജനിക്കുന്നത് മനുഷ്യസ്വഭാവമല്ല, ആ വ്യക്തിയാണ്; സ്വഭാവമല്ല വ്യക്തികളാണ് ജനിക്കുന്നതും മരിക്കുന്നതും. ആ അർത്ഥത്തിൽ മറിയം ദൈവമാതാവാണ്. ആദിമസഭയുടെ ദൈവശാസ്ത്രത്തിന് അടിസ്ഥാനമിട്ട ഒരിജനെയും ഗ്രിഗറി നസിയാൻസനെയും പോലെയുള്ള പിതാക്കന്മാർ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ള ഈ സത്യം അഞ്ചാം നൂറ്റാണ്ടിൽ ഒരു വിവാദത്തിനു കാരണമായി. ഈ വിവാദം അവസാനിപ്പിക്കുന്നതിനാണ് സഭയിലെ മൂന്നാം സാർവത്രിക സുനഹദോസ് എഫേസോസിൽ വിളിച്ചുകൂട്ടിയത്.

എഫേസൂസിലെ സുനഹദോസിനോട് അനുബന്ധിച്ചുള്ള ചർച്ചകളിൽ ക്രിസ്തുവിനോട് ചേർന്ന് രക്ഷാകര രഹസ്യത്തിൽ പരിശുദ്ധ അമ്മ വഹിക്കുന്ന പങ്കിനെപ്പറ്റി സഭ കൂടുതൽ ചിന്തിക്കുന്നതിനിടയായി. ഈ പരിചിന്തനങ്ങൾ ഏറ്റവും മുഴങ്ങിക്കേൾക്കുന്നത് കോൺസ്റ്റാന്റിനോപ്പിളിലെ

പാത്രിയർക്കീസ് ആയിരുന്ന വി. പ്രോക്ലൂസിന്റെ കാവ്യാത്മകമായ പ്രസംഗങ്ങളിലും, എഫേസൂസ് സുനഹദോസിൽ സാർവത്രിക സഭയുടെ ക്രിസ്തുദർശനത്തിന്റെ മൂലക്കല്ലായി മാറിയ അലക്സാണ്ട്രിയയിലെ വി. കൂറിലോസിന്റെ രചനകളിലുമാണ്.

ദൈവവാഹക എന്നനിലയിൽ പരിശുദ്ധ അമ്മയെ കീർത്തിക്കുമ്പോൾ നമ്മുടെ ആരാധനക്രമത്തിൽ അടിക്കടി പ്രത്യക്ഷപ്പെടുന്ന പഴയനിയമബിംബങ്ങൾ, യാക്കോബിന്റെ ഗോവേണി, ഗിദയോന്റെ കമ്പിളി, ശലോമോന്റെ ദേവാലയം മുതലായവ ആദ്യമായി മാതാവിന്റെ ആദിമപ്രതിരൂപങ്ങളായി വ്യാഖ്യാനിച്ചത് വി. പ്രോക്ലൂസ് ആണ്. രക്ഷാവാഗ്ദാനത്തിന്റെ പഴയനിയമ ഇടങ്ങളിലെല്ലാം മറിയത്തിന്റെ സാന്നിദ്ധ്യമുണ്ടെന്ന് ഈ വായന സ്ഥാപിക്കുന്നു. ക്രിസ്തു ഉള്ളിടത്തെല്ലാം അമ്മയുണ്ട്. മറ്റാരെയും ദൈവം ഇപ്രകാരം മഹത്വപ്പെടുത്തിയിട്ടില്ല! ദൈവവും മനുഷ്യനും ഒരുമിച്ചു ചേർന്ന വിശുദ്ധരഹസ്യത്തിന്റെ പണിപ്പുരയായി പ്രോക്ലൂസ് അമ്മയുടെ ഉടലിനെ വാഴ്ത്തി.

ഈ ദൈവമനുഷ്യ സംയോഗം മനുഷ്യരക്ഷയുടെ അടിസ്ഥാനവും, സകലവെളിപാടുകളുടെയും പൂർത്തീകരണവും ആയതുകൊണ്ട്, അലക്സാണ്ട്രിയായിലെ വി. കൂറിലോസ് അമ്മയെ ഇങ്ങനെ പ്രകീർത്തിക്കുന്നു : ''അപരിമേയനെ ഉൾക്കൊണ്ട കന്യത്വമുള്ള ഉദരമേ സ്വസ്തി! നിന്നാൽ പരിശുദ്ധ ത്രിത്വം ലോകമെമ്പാടും സ്തുതിക്കപ്പെടുകയും മാനിക്കപ്പെടുകയും ചെയ്യുന്നു. നിന്നാൽ സ്വർഗം മഹത്വപ്പെടുന്നു. നിന്നാൽ മാലാഖമാരും പ്രധാന മാലാഖമാരും സന്തോഷിക്കുന്നു. നിന്നാൽ പൈശാചിക ശക്തികൾ ദൂരെയകറ്റപ്പെടുകയും പ്രലോഭകൻ സ്വർഗത്തിൽനിന്ന് നിപതിക്കുകയും ചെയ്തു. വീണുപോയ നരവംശം നിന്നാൽ സ്വർഗത്തിലേക്ക് കരേറുന്നു''. (നാലാം പ്രഭാഷണം)

ദൈവത്തിന്റെ അമ്മ രക്ഷയുടെയും അമ്മയാണെന്ന് പറഞ്ഞുവയ്ക്കുകയാണ് വി. കൂറിലോസ്. ഈ പ്രബോധനത്തിന്റെ അടിസ്ഥാനം യേശുക്രിസ്തുവിലുള്ള യഥാർത്ഥമായ ദൈവമനുഷ്യ സംയോഗമാണ്. ഈ മഹാത്ഭുതത്തിനായി ഒരുക്കപ്പെട്ട വ്യക്തി എന്ന നിലയിൽ അമ്മ എല്ലാ വാഗ്ദാനങ്ങളുടെ ഇരിപ്പിടവും രക്ഷയുടെ സഹകാരിയുമാകുന്നു. ഇക്കാലത്തുതന്നെ ആദത്തെ രക്ഷിച്ചവൾ എന്ന് അമ്മയെ നേരിട്ടുവിളിക്കുന്ന രീതിയും പിതാക്കന്മാരിൽ കാണാം. ഈ അപദാനത്തിലും വിജയം കൊള്ളുന്നത് മനുഷ്യാവതാരം ചെയ്ത മിശിഹായുടെ കൃപയാണെന്ന് അവർക്ക് വ്യക്തമായി അറിയാമായിരുന്നു.

**പുത്രന്റെ ജനയിത്രി, അവളുടെ ജനനം**

എഫേസൂസ് സുനഹദോസിന്റെ കാലത്ത് പരിശുദ്ധ അമ്മയുടെ തിരുനാളായി കൊണ്ടാടപ്പെട്ടിരു



ന്നത് ആഗസ്റ്റ് പതിനഞ്ച് മാത്രമായിരുന്നിരിക്കാനാണ് സാധ്യത. നാലാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ ജറുസലേമിലും പലസ്തീനിലും വാങ്ങിപ്പിന്റെ തിരുന്നാൾ ആഘോഷിക്കപ്പെട്ടിരുന്നു. എന്നാൽ എഫേസൂസിൽ രക്ഷാകര പദ്ധതിയിൽ അമ്മയുടെ അനിഷേധ്യമായ സ്ഥാനം വ്യക്തമായതോടെ മരിയൻ ആഘോഷങ്ങൾ, പ്രത്യേകിച്ച് പൗരസ്ത്യ നാടുകളിൽ, ആരാധനക്രമപരമായിത്തന്നെ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

സെപ്റ്റംബർ 8 ദൈവമാതാവിന്റെ ജനനത്തിരുന്നാളായി ആഘോഷിച്ചുതുടങ്ങിയത് എന്നാണെന്ന് നിശ്ചയമില്ല. ഏതായാലും ആറാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നിര്യാതനായ റോമാനോസ് എന്ന ഗാനരചയിതാവ് മാതാവിന്റെ ജനനത്തിരുന്നാളിനായി കീർത്തനങ്ങൾ രചിച്ചിട്ടുണ്ട്. എട്ടാം നൂറ്റാണ്ടിൽ പ്രഖ്യാതനായ ദമാസ്കസിലെ വി. യോഹന്നാൻ അമ്മയുടെ പിറവിത്തിരുന്നാളിൽ നടത്തിയ അതിമനോഹരമായ ഒരു പ്രഭാഷണവും നമുക്ക് ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ തിരുനാളാചരണം പ്രചാരത്തിലെത്തി എന്ന് വ്യക്തമാണ്.

ദൈവത്തിന്റെ മഹത്വം വെളിപ്പെട്ട, രക്ഷാകരമായ പ്രാധാന്യമുള്ള ദിവസങ്ങളാണല്ലോ തിരുനാളുകളായി കൊണ്ടാടുന്നത്. മറിയത്തിന്റെ ജനനത്തിന് ദൈവനിയോഗത്താൽ ലഭിച്ച രക്ഷാകരമായ പ്രാധാന്യം ഈ വിശുദ്ധന്മാർ എടുത്തുകാട്ടുന്നുണ്ട്. റൊമാനൂസ് പാടുന്നു: നിന്റെ ജനനത്താൽ, ഓ പരിശുദ്ധേ, യോവാക്കിമും അന്നയും അനപത്യതയുടെ ശാപത്തിൽ നിന്ന് മുക്തി നേടി. ആദവും ഹവ്വയും മരണത്തിന്റെ ജീർണ്ണതയിൽ നിന്ന് മുക്തി നേടി. പാപപ്പൊറുതി നേടിയ നിന്റെ ജനവും ഈ തിരുന്നാളാഘോഷിച്ച് നിന്നോടുദ്ഘോഷിക്കുന്നതെന്തെന്നാൽ ''ദിവ്യജീവനെ മുലയൂട്ടിയ ദൈവമാതാവേ, ഊഷരമായ ഉദരം നിനക്ക് ജന്മം നൽകി''. വന്ധ്യമായ വാതിലുകൾ തുറന്ന് ഇന്ന് ദൈവം പ്രവേശിച്ച ദിവ്യമായ വാതിൽ ജനിച്ചു എന്ന് വി. ഡമഷീൻ പ്രഘോഷിക്കുന്നു. ഇന്ന് 'തച്ചന്റെ മകൻ' വായ്ത്തല പോയ നമ്മുടെ പ്രകൃതിയെ പരിശുദ്ധാത്മാവായ കരങ്ങളാൽ വിളക്കിയെടുത്ത് തനിക്കായി മഹനീയമായ ഗോവേണി പണിതു; അവളുടെ കാല്പാദം ഭൂമിയിൽ സ്പർശിച്ചിരിക്കുന്നുവെങ്കിലും ശിരസ്സ് സ്വർഗത്തിൽ സ്ഥിതി ചെയ്യുന്നു. അവളിൽ ദൈവം കുടികൊള്ളുന്നു, അവളിലൂടെ രക്ഷയുടെ ജ്ഞാനം ഭൂമിയിൽ പ്രചരിച്ചു എന്ന് (നീണ്ട പ്രഭാഷണത്തിലെ ആശയങ്ങളുടെ പരാവർത്തനമാണ്, വിവർത്തനമല്ല) ഡമഷീൻ വിശദീകരിക്കുന്നു.

ഇത് അത്യുന്നതമായ സ്തുതിയാണ്. ക്രിസ്തുവിൽ ആവിഷ്കൃതമായ രക്ഷയുടെ ആരംഭമായി ദൈവമാതാവിന്റെ ജനനത്തെ ഇവിടെ പ്രകീർത്തിക്കുന്നു. ഇതേ ആശയങ്ങൾ അക്കാലത്തുതന്നെ രൂപംകൊണ്ട ബൈസന്റൈൻ ആരാധനക്രമഗ്രന്ഥങ്ങളിലും കാണാം. ക്രിസ്തുവിൽ മാത്രം വെളിപ്പെടുന്ന രക്ഷയ്ക്കുള്ളിലാണ് പരിശുദ്ധ അമ്മ പ്രകീർത്തിക്കപ്പെടുന്നത്; എങ്കിലും മനുഷ്യരിൽ മറ്റാർക്കും നൽകപ്പെടാനാകാത്ത അപദാനങ്ങളാൽ അവൾ സ്തുതിക്കപ്പെടുന്നു. അത് അവൾക്ക് യോഗ്യമായി നിശ്ചയിച്ചത് എല്ലാ മഹത്വത്തിന്റെയും ഇരിപ്പിടമായ അത്യുന്നതൻ തന്നെയാണ്.

അമ്മയുടെ പിറവി ആഘോഷിക്കുമ്പോൾ സ്തുതിക്കപ്പെടുന്നത് ദൈവം തന്നെയാനെന്ന് കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്. യോവാക്കിമിന്റെയും അന്നയുടെയും അനപത്യതയുടെ കഥ, മനുഷ്യവംശം രക്ഷയുടെ വിഷയത്തിൽ സ്വയം നിസ്സഹായരാണെന്ന ഏറ്റുപറച്ചിലാണ്. ആ നിസഹായതയിൽ, ദൈവം തന്റെ അതിശയങ്ങളുടെ വഴിതുറക്കുന്നു. തന്റെ പുത്രനു ശരീരം നൽകാൻ പരിശുദ്ധയായ ഒരുവളെ കൃപനിറഞ്ഞവളായി ജനിപ്പിക്കുന്നു. അവന്റെ കൃപയ്ക്കുള്ള സ്തുതിഗീതമാണ് അമ്മയുടെ മഹത്വത്തിനുള്ള ഓരോ കീർത്തനവും.

**കേരളത്തിൽ**

എട്ടുനോമ്പിന്റെ അകമ്പടിയോടെ പരിശുദ്ധ അമ്മയുടെ ജനനം ഏറ്റം സമുചിതമായി ആചരിക്കുന്നത് കേരള സഭയുടെ മാത്രം സവിശേഷതയാണ്. മണർകാട് പള്ളിയുടെ പൂർവചരിത്രവുമായി കേരളത്തിലെ എട്ടുനോമ്പാചരണം ഇഴപിരിഞ്ഞിട്ടുണ്ട്. ടിപ്പുവിന്റെ പടയോട്ട കാലത്ത് സ്ത്രീകൾ അവരുടെ സംരക്ഷണത്തിനായി ദേവാലയങ്ങളിൽ ഭജനം പാർത്ത് ദൈവമാതാവിനോട് പ്രാർത്ഥിച്ചു എന്നും ക്രിസ്തീയ സാന്നിദ്ധ്യം കാര്യമായുള്ള പ്രദേശങ്ങളിൽ പ്രവേശിക്കുന്നതിനു മുൻപ് സുൽത്താനും സൈന്യവും പിന്തിരിയുവാൻ അമ്മ അനുഗ്രഹിച്ചു എന്നും ഒരു കഥയുണ്ട്. എട്ടുനോമ്പിന്റെ പ്രചാരത്തിൽ ഈ കഥ ചരിത്രപരമായ പങ്കുവഹിച്ചിട്ടുണ്ടാവാം.

പുരുഷാധിപത്യം പണ്ടും ഇന്നും കൊടികുത്തിവാഴുന്ന കേരള സുറിയാനി പാരമ്പര്യത്തിൽ സ്ത്രീയിടങ്ങളുടെ ആഘോഷമായി ഈ പാരമ്പര്യത്തെ കാണാനാണെനിക്കിഷ്ടം. കേരളത്തിലെ സവർണ്ണ ഹൈന്ദവ സ്ത്രീകൾക്ക് ആറ്റുകാൽ എന്തായിരുന്നോ, സുറിയാനി സ്ത്രീകൾക്ക് അതായിരുന്നു മണർകാട് പള്ളിയും നോമ്പുപെരുന്നാളും. ഇത് അമ്മയുടെ പിറവിത്തിരുന്നാളിന്റെ ആദിമ ആദർശങ്ങൾക്ക് അല്പവും വിരുദ്ധമായ അർത്ഥകല്പനയല്ല.

ആദത്തിൽനിന്ന് ഹവ്വ ഉത്ഭവിച്ചതുകൊണ്ട് സ്ത്രീ പുരുഷനു വിധേയയായിരിക്കണം എന്ന ഹെബ്രായ പാരമ്പര്യം ഒരേ സമയം തള്ളുകയും കൊള്ളുകയും ചെയ്യുന്നുണ്ട് വി. പൗലോസ്. രക്ഷകൻ സ്ത്രീയിൽനിന്ന് ജനിച്ചു എ

ന്ന് എടുത്തുപറയുന്ന അദ്ദേഹംതന്നെ ആണ് ഇനി യഹൂദനെന്നോ യവനനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ക്രിസ്തുവിൽ ഒന്നാണ് എന്ന് പ്രഖ്യാപിക്കുന്നതും. ക്രിസ്തു സ്ത്രീയിൽ നിന്ന് ജനിച്ചു. അവളാണ് ആദ്യ ശിഷ്യ; വെളിപാടുകളുടെ പൂർത്തീകരണം അവളിലാണ് ആരംഭിക്കുന്നത്. ആദത്തെയും ഹവ്വയെയും ഏദനിലേക്ക് തിരികെയെത്തിക്കുന്നത് അവളിൽ ഉറവെടുത്ത കരുണയാണ്. ആദിമ സ്ത്രീ പുരുഷനിൽനിന്ന് ജനിച്ചെങ്കിൽ, എല്ലാം പൂർത്തിയാക്കിയ അവസാന പുരുഷൻ, എല്ലാറ്റിന്റെയും ആദിയും അന്തവുമായവൻ, സ്ത്രീയിൽനിന്ന് ജനിച്ചവനാണ്. അമ്മയുടെ പിറവിത്തിരുന്നാൾ സ്ത്രൈണമായ എല്ലാ നന്മകളുടെയും ആഘോഷമാകുന്നത് ഏറ്റവും ഉചിതമാണ്.

പരുഷവും പൗരോഹിത്യപരവുമായ അലങ്കാര ഘോഷയാത്രയായി ഇന്ന് ആ തിരുന്നാൾ രൂപം മാറിയിട്ടുണ്ട്; ദേവാലയത്തിൽ പാർക്കാൻ, നാമജപം നടത്താൻ, ദേവാലയവളപ്പിൽ പാചകം ചെയ്ത് ഭക്ഷിക്കാൻ, അമ്മയെന്നും ഭാര്യയെന്നും ഉള്ള സാമൂഹ്യ കർത്തവ്യങ്ങളിൽനിന്നകന്ന് വിശ്വാസിനി എന്ന് മാത്രം തിരിച്ചറിഞ്ഞ് സ്ത്രീജനങ്ങളുമായി സംസർഗം ചെയ്ത് ദൈവസന്നിധിയിലായിരിക്കാൻ ഒക്കെ സ്ത്രീകൾക്ക് അവകാശമുണ്ടായിരുന്ന ആചരണമായിരുന്നു എട്ടുനോമ്പ് തിരുനാളെന്ന്, അങ്ങനെ ഒരിടമായിരുന്നു മണർകാട് പള്ളിയെന്ന്, ഓർക്കുന്നത് നല്ലതാണ്.

**അമലോത്ഭവത്തിലേക്ക്**

പിറവിത്തിരുന്നാളിന്റെ ആചരണത്തിൽ നിന്ന് അമലോത്ഭവം എന്ന് കത്തോലിക്കർ വിളിക്കുന്ന ആചരണത്തിലേക്കും വിശ്വാസത്തിലേക്കും അല്പദൂരമേ ഉള്ളൂ. ആ നിലയ്ക്കുള്ള വിശ്വാസവിശദീകരണങ്ങളും, അമ്മ ഗർഭത്തിലുരുവായ തിരുനാളും (ഡിസംബർ 9 ) ആരംഭിച്ചതും പൗരസ്ത്യ നാടുകളിൽ തന്നെയാണ്. ●





# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം

# ആരംഭവും വളർച്ചയും




**ഫാ. ആന്റണി കാക്കനാട്ട്**
**സുവിശേഷസംഘ എക്സിക്യൂട്ടിവ് സെക്രട്ടറി**


**മ**ലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു സ്വയം ഭരണ സഭയായും മേജർ എപ്പിസ്കോപ്പൽ സഭയായും 2005 –ൽ ഉയർത്തപ്പെട്ടു. 2011 സെപ്റ്റംബർ 21, 22, 23 തീയതികളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാഅസംബ്ലി തിരുവനന്തപുരത്ത് സഭാ ആസ്ഥാനമായ കാതോലിക്കേറ്റിൽ വച്ച് നടത്തപ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആദ്യമായി നടത്തപ്പെട്ട ഈ അസംബ്ലിയുടെ ചിന്താവിഷയം ''സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ'' എന്നതായിരുന്നു. 2010, 2011 വർഷങ്ങളിലായി ഇടവകതലത്തിലും മേഖലാതലത്തിലും ഭദ്രാസനതലത്തിലും ഈ വിഷയം പഠിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തു. സഭതലത്തിൽ 2011 സെപ്റ്റംബർ 21, 22, 23 ദിവസങ്ങളിൽ നടന്ന പൊതു അസംബ്ലിയിൽ ഭൂരിഭാഗം രൂപതയിൽ നിന്നും വന്ന ഒരു ചിന്തയാണ് ''സുവിശേഷ സംഘം'' എന്നത്. ഈ വിഷയം അസംബ്ലിയിൽ ചർച്ചയ്ക്കും പഠനത്തിനുമെടുക്കുകയും അസംബ്ലിയുടെ ഒരു പ്രധാനചിന്താവിഷയമായി ഇത് രൂപപ്പെടുകയും ചെയ്തു. അസംബ്ലിക്കുശേഷം ഈ വിഷയം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ സുന്നഹദോസ് ചർച്ചയ്ക്കു വിഷയമാക്കുകയും സഭയിൽ സുവിശേഷസംഘം ഔദ്യോഗികമായി ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. അതിനാൽ സുവിശേഷ സംഘം എന്നത് ഒരു വ്യക്തിയുടെയോ ഒരു ചെറിയ ഗ്രൂപ്പിന്റെയോ പ്രസ്ഥാനമല്ല പിന്നയോ സഭമുഴുവന്റെയും ആലോചനയുടെയും ,ചർച്ചയുടെയും, പ്രാർത്ഥനയുടെയും സുവിശേഷത്തോടുള്ള നൊമ്പരത്തിന്റെയും ഫലമാണ്. 2012 ജനുവരിയിൽ സുവിശേഷസംഘം ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു.

**1. സുവിശേഷ സംഘം**

**പ്രാരംഭ പ്രവർത്തനങ്ങൾ – സഭാതലം**

സുവിശേഷസംഘത്തിന്റെ പ്രഥമ ബാച്ച് 2012 ജനുവരിയിൽ കാതോലിക്കേറ്റിൽ സമ്മേളിച്ചു. വിവിധ ഭദ്രാസനങ്ങളിൽ നിന്നും വിവിധ സന്യാസ സമൂഹങ്ങളിൽനിന്നും മെത്രാൻ, വൈദികർ, സന്യാസിനികൾ, അതമായർ എന്നിവരടങ്ങുന്ന 32 അംഗങ്ങൾ ആദ്യ ബാച്ചിൽ സംബന്ധിക്കുകയു

ണ്ടായി. അഞ്ച് ദിവസം നീണ്ടുനിന്ന ക്ലാസ്സുകളും ചർച്ചകളും ധ്യാനങ്ങളും പ്രസ്തുത സമ്മേളനത്തിൽ നടന്നു. അഭിവന്ദ്യ ബർണബാസ് പിതാവിന്റെ നേതൃത്വത്തിൽ ആദ്യകൂടിവരവ് അവസാനിച്ചപ്പോൾ സുവിശേഷസംഘത്തെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് രൂപപ്പെട്ടിരുന്നില്ല. വിവിധ വിഷയങ്ങൾ ചർച്ചയ്ക്കും പഠനത്തിനും വിഷയമാക്കി എന്നതിലുപരി സുവിശേഷസംഘത്തിന്റെ ചിന്താധാര പൂർണമായും രൂപപ്പെട്ടിരുന്നില്ല.

ആദ്യബാച്ചിന്റെ രണ്ടാം കൂടിവരവിൽ സുവിശേഷസംഘത്തിന്റെ ആധ്യാത്മികത പരിശുദ്ധാത്മാവ് വെളിപ്പെടുത്തിതന്നു. മറ്റുള്ളവരോട് സുവിശേഷം പ്രഘോഷിച്ച് മറ്റുള്ളവരെ നന്നാക്കാനുള്ള പരിപാടിയല്ല പ്രഥമമായി സുവിശേഷസംഘത്തിന്റെ ശുശ്രൂഷയെന്നും ഞാൻ എന്നോടുതന്നെയാണ് സുവിശേഷം പ്രഘോഷിക്കേണ്ടതെന്നും, ഞാനാണ് നന്നാകേണ്ടതെന്നും എന്നിലാണ് മാനസാന്തരം ഉണ്ടാകേണ്ടതെന്നും എല്ലാവർക്കും ബോധ്യമായി. എനിക്കു ബോധ്യമാകാത്ത എന്നെ മാനസാന്തരപ്പെടുത്താത്ത ഒരു സുവിശേഷം മറ്റാരെയും മാനസാന്തരപ്പെടുത്തില്ലെന്നും അഞ്ചാമത്തെ ഒരു സുവിശേഷമായി ഞാൻ മാറണമെന്നും അതു വേണം ഞാൻ മറ്റുള്ളവരോട് പ്രഘോഷിക്കേണ്ടതെന്നും വ്യക്തമായി.

സുവിശേഷപ്രഘോഷണമല്ല സുവിശേഷ ജീവിതമാണ് പ്രധാനപ്പെട്ടതെന്ന തിരിച്ചറിവ് ശക്തമായി. വി. ഫ്രാൻസീസ് അസ്സീസി പറയുന്നു: ''എപ്പോഴും സുവിശേഷം പ്രഘോഷിക്കുക ആവശ്യമെങ്കിൽ മാത്രം വായ് തുറക്കുക''. ചുരുക്കത്തിൽ സ്വയം വിശുദ്ധീകരണമാണ് സുവിശേഷ സംഘ ആധ്യാത്മികതയുടെ കാതൽ എന്ന് പരിശുദ്ധാത്മാവ് ക്രമേണ വെളിപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു വിശുദ്ധ ജീവിതം നയിക്കുക എന്നതാണ് പരമപ്രധാനമായ കാര്യം എന്ന് തിരിച്ചറിയുകയും അതിന് പശ്ചാത്താപവും മാനസാന്തരവും മാത്രമേ വഴിയുള്ളൂ എന്നും പരിശുദ്ധാത്മാവ് വെളിപ്പെടുത്തിതന്നു. അപ്രകാരം എല്ലാവരും ഒരുക്കത്തോടുകൂടി പശ്ചാത്തപിച്ച് കുമ്പസാരിച്ച് ഒരു വിശുദ്ധ ജീവിതത്തിനായി സ്വയം സമർപ്പിച്ചു. ഒരു വിശുദ്ധജീവിതം നയിക്കണമെങ്കിൽ അതിന് ഒരു ജീവിതശൈലി ആവശ്യമാണെന്ന് മനസിലായതോടുകൂടി രണ്ടാം കൂടിവരവിന്റെ അവസാന ദിവസത്തിൽ സുവിശേഷസംഘാംഗങ്ങൾക്കായി 25 മാർഗരേഖകൾ ഉൾക്കൊള്ളുന്ന ഒരു ജീവിതശൈലി എഴുതി ഉണ്ടാക്കി. അത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആധ്യാത്മികതയിൽ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരിക്കണം എന്ന ബോധ്യത്തിൽ നമ്മുടെ സഭയുടെ ആരാധനക്രമത്തിൽ അധിഷ്ഠിതമായ ഒരു ആധ്യാത്മികതയുടെയും വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതമായ ഒരു ആധ്യാത്മികതയുടെയും ശുശ്രൂഷയിലും സാക്ഷ്യത്തിലും അധിഷ്ഠിതമായ ഒരു ആധ്യാത്മികതയുടെയും അടിസ്ഥാനത്തിൽ സുവിശേഷ സംഘാംഗങ്ങൾക്കായി ഒരു ജീവിതക്രമം 25 കാര്യങ്ങൾ ഉൾപ്പെടുത്തി എഴുതിയുണ്ടാക്കി. ഇതിൽ പ്രധാനമായും യാമപ്രാർത്ഥനകൾ, നോമ്പ്,വർജന, ഉപവാസം, കൂദാശകൾ, വി. ഗ്രന്ഥവായന, സ്വയം വിശുദ്ധീകരണം സാക്ഷ്യജീവിതം എന്നീ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്ത് ജീവിക്കുവാൻ എല്ലാവരും തീരുമാനിക്കുകയും തുടർന്ന് കുമ്പസാരിച്ച് ഒരുങ്ങിയതിനുശേഷം പ്രതിജ്ഞ എടുക്കുകയും ചെയ്തു. ബോധപൂർവ്വം ഈ ജീവിതശൈലി പാലിച്ച് ജീവിച്ച് അടുത്ത കൂട്ടിവരവിൽ അനുഭവം പങ്കുവയ്ക്കണം എന്ന് തീരുമാനിച്ച് രണ്ടാം കൂടിവരവ് അവസാനിച്ചു. മൂന്നാമത്തെ കൂടിവരവിൽ എല്ലാവരിലും ഒരു ആത്മീയ ഉന്മേഷം തെളിഞ്ഞു നിന്നു. ഒരു വിശുദ്ധ ജീവിതം നയിക്കാനാഗ്രഹിച്ച് കർശനമായ ഒരു ജീവിതക്രമത്തിലൂടെ ജീവിച്ചപ്പോൾ എല്ലാവരിലും ദൈവാത്മാവിന്റെ ഇടപെടൽ ഉണ്ടായി. രാവിലെയും, ഉച്ചയ്ക്കും, വൈകിട്ടുമുള്ള യാമപ്രാർത്ഥന, രാവിലെയും വൈകിട്ടും തിരികത്തിച്ച് വച്ചുള്ള വി. ഗ്രന്ഥവായന, 114 ദിവസത്തെ സസ്യാഹാരം മാത്രമുള്ള കർശന നോമ്പ്, എല്ലാ വെള്ളിയാഴ്ചയുമുള്ള ഉപവാസം, ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും വിശുദ്ധിപാലിക്കുവാനുള്ള കർശന തീരുമാനം, ക്രിസ്തീയ സാക്ഷ്യജീവിത പ്രവർത്തനങ്ങൾ, കുർബാന, കുമ്പസാരം എന്നിവയിലുള്ള ആഴമായ ഭാഗഭാഗിത്വം. ഇവയിലൂടെ സുവിശേഷസംഘാംഗങ്ങളിൽ എല്ലാവരിലും വ്യക്തിപരമായ ദൈവാനുഭവവും മാറ്റങ്ങളും ഉണ്ടായതായി എല്ലാവരും സാക്ഷ്യപ്പെടുത്തി. ദൈവത്തിന്റെ ഒരു പ്രത്യേക ഇടപെടലും, ദൈവം കൂടെയുണ്ടെന്ന തിരിച്ചറിവും എല്ലാവരിലും ശക്തമായി. അപ്രകാരം പുതിയൊരു ഉണർവോടുകൂടിയാണ് മൂന്നാമത്തെ സമ്മേളനം പൂർത്തീകരിച്ചത്. എല്ലാകൂട്ടായ്മകളിലും കുമ്പസാരം, സാക്ഷ്യം പറച്ചിൽ എന്നിവ പ്രധാന കാര്യപരിപാടിയായി തീരുമാനിച്ചു. നാലും അഞ്ചും കൂടിവരവിൽ ഓരോ വ്യക്തിയും സ്വയം വിശുദ്ധിയിൽ വളരുന്ന അനുഭവം പങ്കുവയ്ക്കുകയും അതിലൂടെ കുടുംബത്തിൽ വന്ന ആത്മീയ മാറ്റങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. സുവിശേഷസംഘാംഗങ്ങളിൽ എല്ലവരിലും ഒരു പരിശുദ്ധാത്മ അഭിഷേകം ഓരോ വ്യക്തികളും തിരിച്ചറിഞ്ഞു. ചുരുക്കത്തിൽ ഈ ആധ്യാത്മികശക്തിയാണ് സുവിശേഷ സംഘത്തെ മുന്നോട്ട് നയിച്ചത് ഒരു കാര്യം എല്ലാവർക്കും ബോധ്യമായി. മലങ്കരസഭയുടെ ആധ്യാത്മികത കാലഹരണപ്പെട്ടതല്ലെന്നും അത് കർശനമായും ദൈവികമായും ജീവിക്കാൻ ആര് മനസ് കാണിക്കുമോ അവരിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉണ്ടായിരിക്കുമെന്നും സുവിശേഷ സംഘത്തിലൂടെ അനേകർക്ക് ബോധ്യമായി. 2012 സെപ്റ്റംബർ 21 ന് പത്തനംതിട്ടയിൽ വച്ച് നടന്ന

പുനരൈക്യ വാർഷികത്തിൽ വി. കുർബാന മധ്യേ മലങ്കരസഭയുടെ ചരിത്രത്തിൽ ആദ്യമായി 28 സുവിശേഷസംഘാംഗങ്ങൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായിൽനിന്നും കൈവയ്പ് സ്വീകരിച്ചു. ഡൽഹി-ഗുഡഗാവ് ഭദ്രാസനാധ്യക്ഷൻ മോസ്റ്റ്. റവ. ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായും മൂന്ന് രൂപതാ വൈദികരും ബഥനി ആശ്രമവൈദികരിൽ ഒരാളും ബഥനി, മേരിമക്കൾ എന്നീ സന്യാസിനി സമൂഹത്തിൽനിന്ന് നാല് സന്യാസിനികളും എല്ലാ രൂപതകളെയും പ്രതിനിധീകരിച്ച് 19 അത്മായരും (4 സ്ത്രീകളും 15 പുരുഷന്മാരും) കൈവയ്പ് സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു. ആദ്യബാച്ചിൽ തന്നെ സഭയുടെ ഒരു പരിഛേദം സുവിശേഷസംഘാംഗങ്ങളായി കൈവയ്പ്പ് സ്വീകരിച്ചു. മെത്രാൻ, വൈദികർ, സന്യസ്തർ, പുരുഷന്മാരും സ്ത്രീകളും ഉൾപ്പടെയുള്ള അത്മായർ എന്നിവർ ഒന്നാം ബാച്ചിൽ കൈവയ്പ്പ് സ്വീകരിച്ചു. 19 അത്മായരിൽ നമ്മുടെ എല്ലാ രൂപതകളിൽനിന്നും പ്രതിനിധികൾ ഉണ്ടായി എന്നതും പരിശുദ്ധാത്മാവിന്റെ ഇടപെടലായി തിരിച്ചറിയുന്നു. സുവിശേഷസംഘത്തിന്റെ ഇരുപത്തിയഞ്ച് ജീവിതശൈലി ജീവിച്ചുകൊള്ളാമെന്ന് ദൈവമുമ്പാകെയും ദൈവജനത്തിന്റെയും സഭാതലവനായ കാതോലിക്കാ ബാവായുടെയും മറ്റു മെത്രാന്മാരുടെയും മുമ്പാകെ പരസ്യമായി പ്രതിജ്ഞ ചെയ്ത് ഒപ്പ് വച്ചാണ് 28 അംഗങ്ങൾ കൈവയ്പ് സ്വീകരിച്ചത്. ഈ 25 കാര്യങ്ങൾ നിർവഹിക്കുന്നതിൽ തെറ്റു പറ്റിയാൽ അവർ അനുതപിച്ച് കുമ്പസരിക്കാൻ കടപ്പെട്ടിരിക്കുന്നു. കാരണം അവർ പരസ്യമായി ചെയ്ത പ്രതിജ്ഞ ലംഘിച്ചാൽ അത് കുറ്റകരമാണ്.

2014 ൽ സുവിശേഷസംഘം രണ്ടാം ബാച്ചിന്റെ പരിശീലനം ജനുവരി മാസത്തിൽ ആരംഭിക്കുകയും 2015 ജൂലൈ മാസം 15ന് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിൽ 54 പേർ കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. 2015 ജനുവരിയിൽ മൂന്നാമത്തെ സഭാതലത്തിലുള്ള ബാച്ച് ആരംഭിക്കുകയും 2016 ജൂലൈ 14,15 തീയതികളിൽ 64 പേര് കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. 2016 ജനുവരിയിൽ നാലാമത്തെ ബാച്ച് ആരംഭിക്കുകയും 2017 ജൂലൈ 14,15 തീയതികളിൽ 74 പേര് കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. 2017 ജനുവരിയിൽ അഞ്ചാമത്തെ ബാച്ച് പരിശീലനം ആരംഭിക്കുകയും 2018 ജൂലൈ 14,15 തീയതികളിൽ 54 പേര് കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. 2018 ജനുവരിയിൽ ആറാമത്തെ ബാച്ച് പരിശീലനം ആരംഭിച്ചു. 2019 ജൂലൈ 14,15ന് അവർ കൈവയ്പ് സ്വീകരിക്കുന്നതാണ്.2019 ജനുവരിയിൽ ഏഴാമത്തെ ബാച്ച് പരിശീലനം ആരംഭിക്കുന്നതായിരിക്കും. 2018 ഡിസംബർ വരെ സഭാതലത്തിൽ 5 ബാച്ചുകളിലായി 274 പേർ കൈവയ്പ് സ്വീകരിച്ചു.

**2. ഭദ്രാസനതലം**

സുവിശേഷസംഘാംഗങ്ങൾക്ക് ഭദ്രാസനതലത്തിൽ പരിശീലനം നൽകാനും കൈവയ്പ് നൽകാനും സൂനഹദോസ് തിരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ഭദ്രാസനങ്ങളിൽ പരിശീലനം ആരംഭിച്ചു.

*(1)* തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ സുവിശേഷസംഘത്തിന്റെ ഒന്നാം ബാച്ചിന്റെ പരിശീലനം 2012 മെയ്മാസം 25, 26 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ആരംഭിക്കുകയും പത്ത് പരിശീലന പരിപാടികൾ പൂർത്തിയാക്കി 2015 ഏപ്രിൽ മാസം 17-ാം തീയതി 35 അംഗങ്ങൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായിൽ നിന്നും കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. രണ്ടാം ബാച്ചിന്റെ പരിശീലനം 2015 ഒക്ടോബർ 16, 17 തീയതികളിൽ ആരംഭിക്കുകയും 2017 നവംബർ 12 ന് 47 പേർ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കതോലിക്കാ ബാവായിൽനിന്ന് കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. മൂന്നാം ബാച്ചിന്റെ പരിശീലനം 2016 ജൂലൈ 29 ന് ആരംഭിച്ചു. അവർ ഉടൻ തന്നെ കൈവയ്പ് സ്വീകരിക്കുന്നതാണ്.

*(2)* തിരുവല്ലാ അതിഭദ്രാസനത്തിൽ സുവിശേഷസംഘാംഗത്തിന്റെ ഒന്നാം ബാച്ചിന്റെ പരിശീലനം മെയ് മാസം 14, 15, 16 തീയതികളിൽ തിരുവല്ലയിൽ വച്ച് ആരംഭിക്കുകയും 2015 ഏപ്രിൽ 29 ന് പരിശീലനം നേടിയ 15 അംഗങ്ങൾ കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. രണ്ടാം ബാച്ചിന്റെ പരിശീലനം 2016 ജൂലൈ 23, 24 തീയതികളിൽ ആരംഭിക്കുകയും 2018 ജൂൺ 27 ന് 67 അംഗങ്ങൾ കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. മൂന്നാം ബാച്ചിന്റെ പരിശിലനം 2018 ഡിസംബർ 8, 9 തീയതികളിൽ ആരംഭിക്കുന്നതാണ്.

*(3)* ബത്തേരി ഭദ്രാസന സുവിശേഷസംഘത്തിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം 2012 മെയ് 28, 29, 30 തീയതികളിൽ ബത്തേരിയിൽ വച്ച് ആരംഭിക്കുകയും 2015 ജൂലൈ 3 ന് 25 അംഗങ്ങൾ കൈവയ്പ് സ്വീകരിക്കുകയും ചെയ്തു.

*(4)* മാർത്താണ്ഡം ഭദ്രാസന സുവിശേഷസംഘത്തിന്റെ ഒന്നാം ബാച്ചിന്റെ ആദ്യ പരിശീലനം 2012 സെപ്തംബർ 13-ാം തീയതി ആരംഭിച്ചു. 2016 ജൂൺ മാസം 29 ന് 21 അംഗങ്ങൾ ഭദ്രാസനാധ്യക്ഷൻ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായിൽനിന്ന് കൈവയ്പ് സ്വീകരിച്ചു. രണ്ടാം ബാച്ചിന്റെ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു.

*(5)* മാവേലിക്കര ഭദ്രാസന സുവിശേഷസംഘത്തിന്റെ ഒന്നാം ബാച്ചിന്റെ ആദ്യ പരിശീലനം 2012 ഒക്ടോബർ 8ന് ആരംഭിച്ചു. 2015 ഫെബ്രുവരി 22 ന് 12 അംഗങ്ങൾ ഭദ്രാസനാധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കൈവയ്പ് സ്വീകരിക്കുകയും ചെയ്തു.

രണ്ടാം ബാച്ചിന്റെ പരിശീലനം 2016 ഫെബ്രുവരി 6-ാം തീയതി ആരംഭിക്കുകയും പരിശീലനം പൂർത്തിയാക്കി 2018 ഫെബ്രുവരി 17 ന് 31 അംഗങ്ങൾ കൈവയ്പ് സ്വീകരിക്കുകയും ചെയ്തു.

*(6)* പത്തനംതിട്ട ഭദ്രാസന സുവിശേഷസംഘത്തിന്റെ ഒന്നാം ബാച്ചിന്റെ ആദ്യ പരിശീലനം 2012 ജൂൺ 14 ന് ആരംഭിക്കുകയും പരിശീലനം പൂർത്തിയാക്കി 2014 നവംബർ 15 നു 16 പേർ ഭദ്രാസനാധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായിൽനിന്നും കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. രണ്ടാം ബാച്ചിന്റെ പരിശീലനം 2015 ഡിസംബർ 4, 5 തീയതികളിൽ ആരംഭിക്കുകയും 2017 നവംബർ 10 ന് 32 അംഗങ്ങൾ കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. മൂന്നാം ബാച്ചിന്റെ പരിശീലനം 2018 ൽ ആരംഭിച്ചു.

*(7)* മൂവാറ്റുപുഴ ഭദ്രാസന സുവിശേഷസംഘത്തിന്റെ ഒന്നാം ബാച്ചിന്റെ ആദ്യ പരിശീലനം 2012 മെയ് മാസം 17, 18, 19 തീയതികളിൽ നടന്നു. പരിശീലനം പൂർത്തിയാക്കിയ 19 അംഗങ്ങൾ 2015 ഫെബ്രുവരി 11 ന് ഭദ്രാസനാധ്യക്ഷൻ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായിൽനിന്നും കൈവയ്പ് സ്വീകരിച്ചു. രണ്ടാം ബാച്ചിന്റെ പരിശീലനം 2016 ഏപ്രിൽ 16, 17 തീയതികളിൽ ആരംഭിച്ചു.

*(8)* പുത്തൂർ ഭദ്രാസന സുവിശേഷ സംഘത്തിന്റെ ഒന്നാം ബാച്ചിന്റെ ആദ്യ പരിശീലനം 2012 ഒക്ടോബർ 15, 16, 17 തീയതികളിൽ ആരംഭിച്ചു. പരിശീലനം പൂർത്തിയാക്കിയ 13 അംഗങ്ങൾ - 2015 ജൂലൈ 19-ാം തീയതി ഭദ്രാസനാധ്യക്ഷൻ ഗീവർഗീസ് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്തായിൽനിന്നും കൈവയ്പ് സ്വീകരിച്ചു. രണ്ടാം ബാച്ചിന്റെ പരിശീലനം 2016 മെയ് മാസം 26 ന് ആരംഭിക്കുകയും പരിശീലനം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

*(9)* ഗുഡ്ഗാവ് - ഡൽഹി ഭദ്രാസന സുവിശേഷ സംഘത്തിന്റെ ഒന്നാം ബാച്ചിന്റെ ആദ്യ പരിശീലനം 2012 ആഗസ്റ്റ് മാസം 28 ന് ആരംഭിക്കുകയും പരിശീലനം പൂർത്തിയാക്കിയ 53 അംഗങ്ങൾ 2017 മെയ് മാസം 7-ാം തീയതി ഭദ്രാസനാധ്യക്ഷൻ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായിൽനിന്ന് കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. രണ്ടാം ബാച്ചിന്റെ പരിശീലനം 2018 ആരംഭിച്ചു.

*(10)* പാറശാല ഭദ്രാസന സുവിശേഷസംഘത്തിന്റെ ഒന്നാം ബാച്ചിന്റെ ആദ്യ പരിശീലനം 2015 ഒക്ടോബർ മാസം 16, 17 തീയതികളിൽ ആരംഭിക്കുകയും പരിശീലനം പൂർത്തിയാക്കിയ 23 പേർ 2018 ഫെബ്രുവരി 25 ന് പാറശാല ഭദ്രാസനാധ്യക്ഷൻ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായിൽനിന്നും കൈവയ്പ് അംഗങ്ങൾ സ്വീകരിച്ചു. രണ്ടാം ബാച്ച് 2015 ജൂലൈ 29 ന് ആരംഭിക്കുകയും 2018 ഒക്ടോബർ 28 ന് 22 പേർ കൈവയ്പ് സ്വീകരിക്കുകയും ചെയ്തു.

*(11)* കട്ക്കി - പൂനാ എക്സാർക്കേറ്റ് സുവിശേഷ സംഘത്തിന്റെ ഒന്നാം ബാച്ചിന്റെ പരിശീലനം വിവിധ മേഖലകളിലായി നടന്നു. പൂനാ, ബോംബെ, ബാംഗ്ലൂർ, ചെന്നൈ എന്നീ നാലു സ്ഥലങ്ങളിലായി 2015 ൽ പരിശീലനം ആരംഭിക്കുകയും പൂനായിൽ പരിശീലനം പൂർത്തിയാക്കിയ 20 പേർ എക്സാർക്കേ ന്റെ അദ്ധ്യക്ഷൻ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായിൽ



നിന്നും 2017 ജൂൺ 25 കൈവയ്പ് സ്വീകരിച്ചു. ബോംബെയിൽ പരിശീലനം പൂർത്തിയാക്കിയ 22 പേർ 2017 ജൂലൈ 2-ാം തീയതിയും ബാംഗ്ലൂരിൽ പരിശീലനം പൂർത്തിയാക്കിയവർ 2017 ജൂൺ 11-ാം തീയതിയും ചെന്നെയിൽ പരിശീലനം പൂർത്തിയാക്കിയവർ 2017 മെയ് 7-ാം തീയതിയും അഭിവന്ദ്യ തോമസ് മാർ അന്തോനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കൈവെയ്പ് സ്വീകരിച്ചു.

മേരി മക്കൾ സന്യാസിനി സമൂഹത്തിലെ സന്ന്യാസിനികൾക്കായി കൊടപ്പനക്കുന്ന് ഡി. എം. ജനലെറ്റിൽ വച്ച് നടന്ന പരിശീലനത്തിൽ 17 സന്യാസിനികൾ പങ്കെടുക്കുകയും 2017 നവംബർ 12 ന് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ നിന്നും കൈവയ്പ് സ്വീകരിക്കുകയും ചെയ്തു.

ബഥനി സന്യാസിനി സമൂഹത്തിലെ സന്ന്യാസിനികൾക്കായി കോട്ടയം എസ്.ഐ.സി ജനറലേറ്റിൽ വച്ച് നടന്ന പരിശീലനത്തിൽ 31 സന്ന്യാസിനികൾ പങ്കെടുക്കുകയും 2018 ജൂൺ 27 ന് തിരുവല്ലാ ഭദ്രാസനാധ്യക്ഷൻ തോമസ് മാർ കുറിലോസ് മെത്രാപ്പോലീത്തായിൽനിന്നും കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. 2018 ഒക്ടോബർ 30 വരെയുള്ള കണക്കനുസരിച്ച് സഭാ തലത്തിലും ഭദ്രാസന തലത്തിലുമായി 829 പേർ പരിശീലനം പൂർത്തിയാക്കി കൈവയ്പ് സ്വീകരിച്ചു.

**3. മേഖലാതലം അഥവാ ജില്ലാതലം**

സുവിശേഷസംഘത്തിന്റെ പരിശീലനം സഭാതലത്തിലും ഭദ്രാസന തലത്തിലും നടത്തുകയും വിവിധ ബാച്ചുകൾക്ക് പരിശീലനം നല്കി കൈവയ്പ് നല്കികൊണ്ടിരിക്കുകയും ചെയ്യുന്ന കാര്യം മുകളിൽ വിവരിച്ചിരുന്നല്ലോ. സുവിശേഷസംഘത്തിന്റെ പരിശീലന പരിപാടി ഓരോ ഭദ്രാസനത്തിലും മേഖലാ തലത്തിൽ അഥവാ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി. 2012 മുതൽ ജില്ലാ സുവിശേഷസംഘ പരിശീലനം 54 വൈദിക ജില്ലകളിലായി നടത്തുകയുണ്ടായി. എന്നാൽ ജില്ലാതലത്തിൽ കൈവയ്പിനുള്ള പരിശീലനമല്ല നല്കുന്നത്. ജില്ലാതലത്തിലെ പരിശീലനത്തിലൂടെ സഭാതലത്തിലേക്കും ഭദ്രാസനതലത്തിലേക്കും സുവിശേഷസംഘാംഗങ്ങളായി കൈവയ്പിനായി താത്പര്യമുള്ളവരെ ഒരുക്കുക എന്നതായിരുന്നു ലക്ഷ്യം. ഏകദേശം 3500 വ്യക്തികൾ ജില്ലാ സുവിശേഷസംഘ പരിശീലനത്തിൽ പങ്കെടുത്തു. ചില മേഖലകളിൽ ജില്ലാ സുവിശേഷസംഘം തുടർ പരിശീലനം നടത്തുന്നുണ്ട്.

**4. ഇടവക സുവിശേഷസംഘം**

ഓരോ ഇടവകയിലും കൈവയ്പ് ലഭിച്ച 10 പേരെങ്കിലും ഉണ്ടെങ്കിൽ അത് ഒരു ഇടവകയെ സംബന്ധിചച്ചിടത്തോളവും വളരെ അനുഗ്രഹപ്രദമാണ്. ഇടവക സുവിശേഷസംഘത്തിൽ എല്ലാവരും കൈവയ്പ് ലഭിച്ചവരാകണമെന്നില്ല. കൈവയ്പ് ലഭിച്ച സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ഇടവക സുവിശേഷസംഘം രൂപീകരിക്കാവുന്നതാണ്. പല ഇടവകകളിലും കൈവയ്പ് ലഭിച്ചവരുടെ നേതൃത്വത്തിൽ ഇടവക സുവിശേഷ സംഘം പ്രവർത്തിക്കുന്നുണ്ട്. അവർ പ്രത്യേകമായി ആഴ്ചയിൽ ഒരു ദിവസം ഒന്നിച്ചുകൂടി വചനധ്യാനം നടത്തുകയും മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. കൂടാതെ രോഗികളുള്ള ഭവനങ്ങൾ, മരണം നടന്നിട്ടുള്ള ഭവനങ്ങൾ, ഏതെങ്കിലും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഭവനങ്ങൾ, എന്നിവ കണ്ടെത്തി അവരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൂടാതെ രണ്ടോ മൂന്നോ പേരുടെ ചെറിയ ഗ്രൂപ്പായി ഭവനങ്ങളിൽ കടന്നു ചെന്ന് വചന വായന, ധ്യാനം, സന്ധ്യാപ്രാർത്ഥന എന്നിവയ്ക്ക് നേതൃത്വം നൽകുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഏകദേശം ആയിരം ഇടവകയുണ്ട് കൈവയ്പ് ലഭിച്ച പത്ത് പേര് ഒരു ഇടവകയിൽ ഉണ്ടെങ്കിൽ ഏകദേശം പതിനായിരം സുവിശേഷ സംഘാംഗങ്ങൾ സഭയിൽ ഉണ്ടാകും. അവർ ഒരു ആത്മിക സൈന്യം പോലെ എല്ലാ തിന്മയ്ക്കുമെതിരെ പോരാടാൻ ശക്തിയുള്ള ആത്മീക പോരാളിയായി സഭയുടെ മുമ്പിൽ നിൽക്കും. കഴിഞ്ഞ ഏഴുവർഷം കൊണ്ട് 850 പേരാണ് പരിശീലനം പൂർത്തിയാക്കി കൈവയ്പ് സ്വീകരിച്ചത് എന്നാൽ പതിനായിരത്തിന്റെ കണക്കിനടുത്തെത്താൻ അതിന് എത്ര കാലം വേണ്ടിവരുമെന്ന് അറിഞ്ഞുകൂടാ. ഒരു വിശുദ്ധ ജീവിതം നയിക്കാനായി സഭാമക്കളെ എല്ലാവരെയും പരിശീലിപ്പിക്കുക എന്നതാണ് സുവിശേഷ സംഘത്തിന്റെ ലക്ഷ്യമെങ്കിൽ നമ്മുടെ സഭയിലെ എല്ലാ വ്യക്തികളും സുവിശേഷസംഘത്തിന്റെ പരിശീലനം നേടി കൈവയ്പ് സ്വീകരിക്കുമ്പോഴാണ് സുവിശേഷ സംഘത്തിന്റെ ശുശ്രൂഷയുടെ ഒന്നാംഘട്ടം പൂർത്തിയാക്കുക. അതിന് ദൈവം ഇടവരുത്തട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**സുവിശേഷസംഘ ശുശ്രൂഷകൾ**

**ഭവനസന്ദർശന ശുശ്രൂഷ**

കഴിഞ്ഞ ഏഴ് വർഷമായി സുവിശേഷസംഘാംഗങ്ങൾ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. അതിൽ പ്രധാനപ്പെട്ടതാണ് ഭവന സന്ദർശന ശുശ്രൂഷ. സുവിശേഷസംഘാംഗങ്ങൾ വിവിധരീതിയിൽ ഭവന സന്ദർശന ശുശ്രൂഷ നിർവഹിച്ചു വരുന്നു. ഓരോ രൂപതയുടെയും നേതൃത്വത്തിൽ അതാതു രൂപതയിലെ എല്ലാ ഇടവകയിലെയും ഭവനങ്ങൾ സന്ദർശിക്കുന്ന ഒരു ഭവന സന്ദർശന ശുശ്രൂഷ കഴിഞ്ഞ നാലുവർഷമായി തുടർന്നുകൊണ്ടിരിക്കുന്നു. സുവിശേഷ സംഘത്തിന്റെ ആധ്യാത്മികത ഓരോ ഭവനത്തിൽ എത്തിക്കുന്നതിനും, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധ ജീവിതത്തെക്കുറിച്ച് ഓരോ ഭവനത്തിലും ചെന്ന് മുഖാഭിമുഖം സംസാരിക്കുന്നതിനും ഓരോ ഭവന



ത്തിലും കടന്നുചെന്ന് അവരെ കേൾക്കുന്നതിനും യേശുവിന്റെ സുവിശേഷം ഓരോ ഭവനത്തിൽ എത്തിക്കുന്നതിനും ഓരോ ഭവനത്തിലും ചെന്ന് പ്രാർത്ഥിക്കുന്നതിനും ഈ സന്ദർശനം ലക്ഷ്യം വയ്ക്കുന്നു.

കഴിഞ്ഞ നാലുവർഷത്തെ കണക്കനുസരിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഇന്ത്യയിലുള്ള 659 ഇടവകകളിലായി 43396 ഭവനങ്ങൾ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ സന്ദർശിക്കുകയുണ്ടായി. 659 ദേവാലയങ്ങളിൽ ഞായറാഴ്ചകളിൽ സുവിശേഷസംഘത്തിന്റെ ധ്യാനശുശ്രൂഷ നിർവഹിക്കുകയുണ്ടായി. മലങ്കര സഭയിൽ ഏകദേശം 1000 ഇടവകകൾ ഉണ്ട് ബാക്കി വരുന്ന ഇടവകകളിലും ഭവനങ്ങളിലും ഈ ശുശ്രൂഷ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണ്.

**മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി**

പട്ടം സെന്റ് മേരീസ് കത്തീഡ്രലിനോടനുബന്ധിച്ചുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിൽ സുവിശേഷസംഘാംഗങ്ങൾ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 5 മണിവരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. പ്രാർത്ഥനാനിയോഗങ്ങൾ ഫോണിൽ കൂടി വിളിച്ചുപറയുമ്പോൾ അത് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നവരെ അറിയിക്കുന്നതിന് ഒരു സന്ന്യാസിനി കബറിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്. എല്ലാ ദിവസവും അഞ്ചോ അതിലധികമോ ആളുകൾ വിവിധ ഇടവകകളിൽനിന്നും സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ കബറിൽ കടന്നുവന്ന് പ്രാർത്ഥിക്കുന്നു. എല്ലാ ദിവസവും വൈകിട്ട് 4 മുതൽ 5 വരെ വിശുദ്ധ കുർബാനയോടുകൂടിയാണ് മദ്ധ്യസ്ഥ പ്രാർത്ഥനാശുശ്രൂഷ അവസാനിക്കുന്നത്. നമ്മുടെ വിവിധ ഇടകകളിൽനിന്നും വിശ്വാസികൾ ഈ ശുശ്രൂഷയ്ക്ക് കടന്നുവരുന്നത് അനുഗ്രഹപ്രദമാണ്.

**ഹോസ്പിറ്റൽ മിനിസ്ട്രി**

സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ ഹോസ്പിറ്റലുകളിൽ രോഗീസന്ദർശന ശുശ്രൂഷ നിർവ്വഹിച്ചുവരുന്നു. പ്രധാനമായും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലും അഞ്ചൽ സെന്റ് ജോസഫ് ഹോസ്പിറ്റലിലും ഈ ശുശ്രൂഷ നടന്നുവരുന്നു. ഈ ശുശ്രൂഷയിലൂടെ ധാരാളം രോഗികൾ ആശ്വാസം കണ്ടെത്തുന്നു. കൂടാതെ ഭവനങ്ങളിൽ രോഗികളായിരിക്കുന്നവരെയും സുവിശേഷസംഘാംഗങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്നു. ഇടവക ഭവനസന്ദർശന ശുശ്രൂഷയും മദ്ധ്യസ്ഥ പ്രാർത്ഥനാശുശ്രൂഷയും മറ്റ് വിവിധ ശുശ്രൂഷകളും കൂടാതെ വചനപ്രഘോഷണശുശ്രൂഷയും സുവിശേഷസംഘാംഗങ്ങൾ നിർവ്വഹിച്ചുവരുന്നു. സുവിശേഷസംഘത്തിന്റെ എല്ലാ ശുശ്രൂഷകളും ദൈവജനത്തിന് അനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



ഫാ. ഫിലിപ്പ് ആഞ്ഞിലിമൂട്ടിൽ

# വിശുദ്ധനാക്കപ്പെട്ട ജീവന്റെ സുവിശേഷകൻ : പോൾ ആറാമൻ മാർപ്പാപ്പയും സഭാ നവീകരണവും



**കാ**ലത്തിന്റെ കോലംകെട്ടപ്പോൾ കാലത്തെ തിരിക്കാനും ക്രമം തെറ്റിയ മനുഷ്യകുലത്തെ തിരുത്തുവാനും നിയോഗിക്കപ്പെട്ടവനായിരുന്നു അവൻ. അവന്റെ ശബ്ദത്തിന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദത്തിന്റെ കൃത്യതയും കനവും ഉണ്ടായിരുന്നു. ''മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. കർത്താവിന്റെ വഴിയൊരുക്കുവിൻ, അവന്റെ പാതകൾ നേരേയാക്കുവിൻ. അണലിസന്തതികളെ, ആസന്നമായ ക്രോധത്തിൽനിന്ന് ഓടിയകലാൻ നിങ്ങൾക്ക് മുന്നറിയിപ്പു നൽകിയതാരാണ്? മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ. ഞങ്ങൾക്ക് പിതാവായി അബ്രഹാമുണ്ട് എന്നു പറഞ്ഞ് അഭിമാനിക്കേണ്ടാ. ഈ കല്ലുകളിൽനിന്ന് അബ്രാഹത്തിനു സന്താനങ്ങളെ പുറപ്പെടുവിക്കുവാൻ ദൈവത്തിനു കഴിയുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു. വൃക്ഷങ്ങളുടെ വേരിനു കോടാലിവച്ചുകഴിഞ്ഞു. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയും'' (മത്തായി 3:2-10). സ്നാപകയോഹന്നാന്റെ പേരുള്ള അവൻ (Giovanni Battista Montini) പത്രോസിന്റെ സിംഹാസനത്തിലേക്ക് ഉയർത്തപ്പെട്ടപ്പോൾ പേര് മാറി പോൾ ആറാമൻ ആയതല്ലാതെ സ്നാപകയോഹന്നാന്റെ നിയോഗങ്ങൾ മാറ്റാൻ തയ്യാറായില്ല. ''സ്രഷ്ടാവായ ദൈവത്തോട് ചേർന്ന് നിന്ന് ഉത്തരവാദിത്വത്തോടുകൂടി മനുഷ്യജീവനെ സംരക്ഷിച്ച് അടുത്ത തലമുറയിലേക്ക് കൈമാറുക എന്നുള്ള ഗൗരവതരമായ സ്ഥാനം ദമ്പതികൾക്കുള്ളതാണ്. അതിലായിരിക്കണം അവർ യഥാർത്ഥ സന്തോഷം അനുഭവിക്കേണ്ടത്'' 1 എന്ന് പറഞ്ഞുകൊണ്ടു തുടങ്ങുന്ന മനുഷ്യജീവൻ എന്ന ചാക്രികലേഖനം അദ്ദേഹത്തിന്റെ നിയോഗശുദ്ധിയെ അരക്കിട്ടുറപ്പിക്കുന്നതാണ്.

ആധുനിക യുഗത്തിലേക്ക് സഭയെ നവീകരിച്ച് നയിക്കാൻ 1962 ൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പാ തുടങ്ങിവച്ച വത്തിക്കാൻ സുന്നഹദോസ് ഏറ്റെടുത്തതും പൂർത്തീകരിച്ചതും പോൾ ആറാമൻ മാർപ്പാപ്പയാണെന്നറിയുമ്പോൾ അദ്ദേഹത്തെ ആഗോള സഭയിന്ന് വിശുദ്ധൻ എന്നു വിളിക്കുന്നതിന്റെ പൊരുൾ മനസ്സിലാകുന്നത്, സഭയും സമൂഹവും ഒരുപോലെ തകർക്കപ്പെട്ട ആ കാലത്ത് പ്രാർത്ഥനയുടെയും വിശുദ്ധിയുടെയും തന്റേടത്തിൽ ഏല്പിക്കപ്പെട്ട നിയോഗം എളുപ്പമല്ല എന്നറിഞ്ഞിട്ടും ക്രൂശിതനോടും അവന്റെ അമ്മയോടും ചേർന്നുനിന്ന് ജീവിതം പൂർത്തീകരിച്ച ആ വലിയ പുരോഹിതന് വിശുദ്ധനാകാതെ വേറെ തരമില്ലായിരുന്നു. ആ വലിയ മനുഷ്യന്റെ വിശുദ്ധജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാൻ ഒരു ശ്രമമാണ് ഈ ലേഖനം. അദ്ദേ

ഹത്തിന്റെ ഏഴ് ചാക്രികലേഖനങ്ങൾ പോൾ ആറാമൻ എന്ന വിശുദ്ധനും ശക്തനുമായ മാർപ്പാപ്പായെ വരച്ച് കാണിക്കുന്നു.

**Humanea Vite - July 25, 1968**

മനുഷ്യനെയും മനുഷ്യജീവനെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ് വിശുദ്ധിയുടെ ഏറ്റവും ഉദാത്തമായ ഭാവം. പാശ്ചാത്യലോകം മുഴുവൻ എതിരുനിന്നപ്പോഴും മനുഷ്യന്റെ ആവശ്യങ്ങളല്ല മനുഷ്യജീവനാണ് പ്രധാനപ്പെട്ടത് എന്ന് പറഞ്ഞ് പാറപോലെ ഉറച്ചുനിന്ന്''ദൈവം സ്നേഹത്തോടെ വിഭാവനചെയ്ത മനുഷ്യജീവനും വിവാഹജീവിതവും സംരക്ഷിക്കുക എന്നതാണ് യഥാർത്ഥ നിയമവും സത്യവുമെന്ന്''[2] വിളിച്ചുപറഞ്ഞ അദ്ദേഹം ഒരു വിവാദ മാർപ്പാപ്പയായി. പാരമ്പര്യമൂല്യങ്ങളെയും മാനുഷികമൂല്യങ്ങളെയും ഒരുപോലെ ചേർത്തുനിർത്തി കുടുംബജീവിതത്തിന്റെ മനോഹാരിതയും, മാതാപിതാക്കളുടെ കടമയും ഊന്നിപ്പറഞ്ഞ് കുടുംബജീവിതമാണ് മനുഷ്യരാശിയുടെ നിലനില്പിന്റെ അടിസ്ഥാനം എന്ന് അദ്ദേഹം പറഞ്ഞപ്പോൾ പുരോഗമനവാദികൾക്കും, കച്ചവടസംസ്കാരത്തിനും പോൾ ആറാമൻ മാർപ്പാപ്പ ഒരു പഴഞ്ചൻ ആയി. 50 വർഷങ്ങൾക്ക് ശേഷം ഇന്ന് 2018-ൽ ആ മനുഷ്യസ്നേഹി അൾത്താര വണക്കത്തിന് ഉയർത്തപ്പെടുമ്പോൾ മനുഷ്യജീവന്റെ മൂല്യം എവിടെ? സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ഒരുമിച്ച് നില്ക്കാനും ദൈവം സൃഷ്ടിച്ച കുടുംബസംസ്കാരവും വിവാഹകൂദാശയും എവിടെ? ഗർഭപാത്രത്തിൽ കൊല്ലപ്പെടുന്ന കുഞ്ഞുങ്ങളുടെ കരച്ചിൽ ഉച്ചത്തിലാണ്, കുടുംബത്തിന്റെ സംരക്ഷണമില്ലാത്ത കുഞ്ഞുങ്ങളും, പ്രായമായവരും തെരുവിൽ അലയുന്നു. വിവാഹം എന്ന പവിത്രബന്ധത്തിന്റെ വിലയറിയാത്ത യുവജനങ്ങൾ ജീവിതം നശിപ്പിക്കുന്നു. മാനുഷിക നിയമങ്ങളുടെയും മാനുഷിക സൗകര്യങ്ങളുടെയും പേരിൽ മനുഷ്യജീവനും മനുഷ്യശരീരവും അവമതിക്കപ്പെടുമ്പോൾ നമുക്ക് അപേക്ഷിക്കാം: ''പരിശുദ്ധനായ പോൾ ആറാമൻ പാപ്പായേ, മനുഷ്യജീവനെ സംരക്ഷിക്കാൻ ഞങ്ങളെ സഹായിക്കണേ.''

**Sacerdotalis Caelibatus - June 24, 1967**

കുടുംബജീവിതത്തിന്റെ കുത്തഴിയുമ്പോൾ അത് കൂട്ടികെട്ടാനും കൂടെ നില്ക്കാനും ബ്രഹ്മചര്യ ജീവിതത്തിന്റെ വിശുദ്ധിയുള്ള സമർപ്പിതരും പുരോഹിതരും വേണം. രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം സഭയിൽ കയറിക്കൂടിയ ചില തത്വചിന്തകളും ജീവിതരീതികളും പുരോഹിതജീവിതത്തെയും, സമർപ്പിത ജീവിതത്തെയും ഇട്ടെറിഞ്ഞ് ഓടിപ്പോകുന്നവരുടെ എണ്ണം കൂട്ടി. മാനവവംശം നേരിടുന്ന ആപത്തുകളിൽനിന്ന് മനുഷ്യരെ രക്ഷിക്കാൻ ദൈവപുത്രനെപ്പോലെ ജീവിക്കുന്ന സമർപ്പിതരും പുരോഹിതരും ഉണ്ടാവണം എന്ന് പോൾ ആറാമൻ പാപ്പാ ഉറച്ച് വിശ്വസിച്ചു. കാരണം കാനോനിക നിയമത്തിന്റെയോ മറ്റ് സഭാ ചട്ടങ്ങളുടെയോ പേരിലല്ലാ അദ്ദേഹം ബ്രഹ്മചര്യപൗരോഹിത്യം അനുഷ്ഠിച്ചിരുന്നത്. മറിച്ച് സൃഷ്ടികളെ സംരക്ഷിച്ച് അവരുടെയിടയിൽ ജീവിക്കാൻ സ്രഷ്ടാവിൽ ഉറപ്പിച്ചു നിർത്തിയിരിക്കുന്ന ഒരു ജീവിതം വേണം. ''അത് ബോധ്യം മാത്രമായിരുന്നില്ല. പ്രകൃതിയുടെ നിയമവുമാണെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു.''[3] വ്യക്തിജീവിതത്തെ ദൈവത്തോട് ചേർത്ത് വയ്ക്കുമ്പോൾ വ്യക്തിപരമായ കാര്യങ്ങൾക്കല്ല ദൈവഹിതത്തിനാണ് പ്രാധാന്യം എന്ന് ആ വിശുദ്ധജീവിതം ഉറപ്പിച്ചു പറഞ്ഞിരുന്നു. അതുകൊണ്ടുതന്നെ ''ബ്രഹ്മചര്യജീവിതം അദ്ദേഹത്തിന് നിയമമോ നിയന്ത്രണമോ അല്ലായിരുന്നു. മറിച്ച് ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ പൂർണ്ണമായ തിരഞ്ഞെടുപ്പായിരുന്നു.''[4] നമ്മുടെ ഭാരതവും കേരളവും പുരോഹിതരുടെയും സമർപ്പിതരുടെയും വിശുദ്ധിയെചൊല്ലി കലഹിക്കുമ്പോൾ അമ്പതാണ്ടുകൾക്കപ്പുറം സഭയിൽ മുഴങ്ങി കേട്ട ആ ശബ്ദത്തിന് കാതോർക്കാം. സ്നാപകയോഹന്നാനെപ്പോലെ കടുപ്പിച്ച് ആ വിശുദ്ധനായ പുരോഹിതൻ പറയുന്നു: ''ബ്രഹ്മചര്യത്തിലുറപ്പിച്ച നിന്റെ പൗരോഹിത്യജീവിതവും സമർപ്പിതജീവിതവും നിന്റെ തിരഞ്ഞെടുപ്പല്ല. അത് ദൈവസേവനത്തിനും മനുഷ്യസേവനത്തിനുമായി നിനക്ക് നല്കുന്ന നിയോഗമാണ്. അതിന് ദൈവം കല്പിക്കുന്ന ഒരു രീതിയേയുള്ളൂ, യേശുവിന്റെ രീതി.'' ബ്രഹ്മചര്യവിശുദ്ധിയിൽ ജീവിച്ച പരിശുദ്ധനായ പോൾ ആറാമൻ മാർപാപ്പായേ, ഞങ്ങൾക്ക് വിശുദ്ധരായ പുരോഹിതരെയും സമർപ്പിതരേയും തരേണമേ.''

**Populorum Progressio - March 26, 1967**

ലോകം മുഴുവൻ എന്റേതാണെന്നും, എല്ലാ മനുഷ്യരും എന്റെ സ്വന്തമാണെന്നും കരുതാൻ സാധിക്കുന്നത് ശക്തമായ ദൈവവാകൃത്തിന്റെയും വിശുദ്ധിയുടെയും ലക്ഷണമാണ്. എല്ലാ മനുഷ്യരും വളരണം. പട്ടിണിയിൽനിന്നും രോഗത്തിൽനിന്നും മോചിക്കപ്പെടണമെന്ന് ആഗ്രഹിച്ചു പ്രാർത്ഥിച്ചുകൊണ്ട് ഈ ചാക്രികലേഖനം എഴുതുമ്പോൾ മാർപാപ്പ ആയതുകൊണ്ട് ലോകത്തെയും മനുഷ്യനെയും സ്നേഹിച്ചതല്ല. മനുഷ്യനും ലോകവും എന്റേതാണ് എന്നു കരുതാനുള്ള വിശുദ്ധിയുണ്ടായിരുന്നതുകൊണ്ട് മാർപാപ്പയായി എന്ന് സ്പഷ്ടമാണ്. തീർത്ഥാടകനായ പാപ്പായെന്നറിയപ്പെടുന്നതെങ്കിലും അതിനു മുമ്പേ എല്ലാ ഭൂഖണ്ഡങ്ങളിലും സന്ദർശനം നടത്തി മാനവ സമൂഹത്തെ ചേർത്ത് നിർത്തിയ ആദ്യ മാർപ്പാപ്പയാണ് പോൾ ആറാമൻ പാപ്പാ. ''മനുഷ്യന്റെ പുരോഗമനം സഭയുടെ ധർമ്മവും സുവിശേഷപ്രഘോഷണത്തിന്റെ ഭാഗവുമാണെന്ന്''[5] ഉറച്ച് വിശ്വസിച്ച അദ്ദേഹം സഭയുടെ

സാമൂഹിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കി. ഞാനും എന്നോട് ബന്ധപ്പെട്ടതും എനിക്കിഷ്ടപ്പെട്ടതും മാത്രം നന്നാവണം എന്ന് കരുതുന്ന ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായി സഭാചിന്തകളും പ്രവർത്തനങ്ങളും അധഃപതിക്കുമ്പോൾ ലോകത്തെയും മനുഷ്യസഹോദരങ്ങളെയും സംരക്ഷിക്കുവാനും വളർത്തുവാനും പ്രാർത്ഥിച്ചും പ്രവർത്തിച്ചും ജീവിച്ച മനുഷ്യസ്നേഹിയായ ആ വിശുദ്ധൻ നമ്മോട് പറയുന്നു: ''സുവിശേഷജീവിതവും, പ്രവർത്തനങ്ങളുമൊന്നും അടിമത്തം സൃഷ്ടിക്കുന്നില്ല. ആധുനിക ലോകത്തിന്റെ കാണാകെണിയിൽ പെട്ട് അടിമയായതറിയാതെ അടിമയായി ജീവിക്കുന്ന മനുഷ്യസഹോദരങ്ങളെ രക്ഷിക്കാൻ ദൈവസ്നേഹത്തിൽ നിറഞ്ഞ് മനുഷ്യർക്കുവേണ്ടി ജീവിക്കാൻ പാകത്തിന് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ സഭാമക്കൾക്ക് കഴിയണം.[6] വെറും മനുഷ്യരെന്ന നിലയിൽനിന്ന് മനുഷ്യത്വമുള്ള മനുഷ്യരിലേക്ക് നാം വളരണം. പൊതുനന്മ എന്ന ബോധം സഭാമക്കളിൽ ഉണ്ടാവുന്നില്ലെങ്കിൽ യേശു ഏല്പിച്ച സുവിശേഷജീവിതം നമുക്ക് പൂർത്തീകരിക്കുവാനാവില്ല എന്നും പാപ്പാ ഉറച്ച് വിശ്വസിച്ചിരുന്നു. ദൈവം എന്റെ പിതാവാണെന്നും എല്ലാ മനുഷ്യരും എന്റെ സഹോദരരാണെന്നും കരുതാൻ അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ലോകവും സഭാസംവിധാനവും മാറിയപ്പോൾ മനുഷ്യസ്നേഹം മാറ്റാൻ അദ്ദേഹത്തിനായില്ല. അങ്ങനെ ദൈവസ്നേഹം മനുഷ്യനോടുള്ള കരുതലായി മാറിയപ്പോൾ വിശുദ്ധിയിലേക്ക് ഉയരാതിരിക്കാനായില്ല. ''പരിശുദ്ധനായ പോൾ ആറാമൻ പാപ്പായേ, ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും സന്തോഷത്തിനുവേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ഞങ്ങളെ സഹായിക്കണേ.''

**Christi Matini - Sept. 15, 1966**

**Mense Maio - April 29 1965**

'മക്കളെ മനുഷ്യകുടുംബം വളരെയധികം ഞെരുക്കപ്പെടുന്നു. രോഗങ്ങൾ, യുദ്ധങ്ങൾ, ദാരിദ്ര്യം എല്ലാം ഒന്നിനൊന്ന് കൂടിവരുന്നതല്ലാതെ കുറയുന്നില്ല. ഫലമോ സമാധാനമില്ലാതെ മനുഷ്യമക്കളും ലോകവും വേദനിക്കുന്നു. ക്രിസ്തുവിന്റെ അമ്മയോട് സമാധാനംകൊണ്ട് ലോകത്തെ നിറയ്ക്കാൻ പ്രാർത്ഥിക്കാം.''[7] മരിയൻ വർഷം പ്രഖ്യാപിച്ചുകൊണ്ട് 1966 പോൾ ആറാമൻ പാപ്പാ പറഞ്ഞ വാക്കുകളാണിവ. അതുപറയുമ്പോൾ അദ്ദേഹത്തിന്റെയുള്ളിൽ നിറഞ്ഞുനിന്നത് ക്രിസ്തുവിന്റെ അമ്മയോടുള്ള സ്നേഹവും ഭക്തിയുമാണ്. കുടുംബത്തിന്റെ സമാധാനം വീണ്ടെടുക്കാൻ അമ്മ വേണം. മനുഷ്യകുടുംബത്തിന്റെ സമാധാനം വീണ്ടെടുക്കാൻ കുരിശിന്റെ കീഴിൽനിന്ന് കിട്ടിയ ലോകത്തിന്റെ അമ്മയ്ക്ക്, സമാധാനറാണിക്കേ സാധിക്കൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ''ലോകം നേരിടുന്ന ഭീകരമായ മൂല്യച്യുതികളെ നേരിടാൻ ജപമാലമണികൾക്കാവുമെന്ന് പാപ്പാ സഭാമക്കളോട് പറഞ്ഞു.''[8] താണ്ഡവമാടുമ്പോൾ കുരിശിന്റെ വഴിയിൽ തകരാതെ നിന്നു ക്രിസ്തുവിന്റെ അമ്മയുടെ കൂടെ നില്ക്കാൻ നമുക്കായാൽ ലോകത്തെയും മനുഷ്യകുടുംബത്തെയും രക്ഷിക്കാൻ നമുക്കാവും. ''സമാധാനത്തിന്റെ ഉറവിടമായ ദൈവത്തിലെത്താൻ ക്രിസ്തുവാകുന്ന വഴിയാണ് ഏകവഴി. ആ വഴി കണ്ടുപിടിക്കാനും നടക്കാനും നമ്മളെ സഹായിക്കാനും ഉത്തമ ക്രിസ്തുവിന്റെ അമ്മ മറിയം തന്നെയാണ്.''[9] താൻ സ്നേഹിച്ച് ശുശ്രൂഷിക്കുന്നു. ലോകത്തെയും മനുഷ്യനെയും ക്രിസ്തുവിന്റെ അമ്മയെ ഏല്പിക്കണമെങ്കിൽ പാപ്പാ എത്രമാത്രം അമ്മ മറിയത്തെ സ്നേഹിക്കുന്നു എന്ന് നമുക്ക് ഊഹിക്കാം. അതെ, ആ അമ്മയുടെ മക്കളായി കുരിശിന്റെ വഴിയിൽ നടന്നവരെല്ലാം വിശുദ്ധരായി. ''പരിശുദ്ധനായ പോൾ ആറാമൻ പാപ്പായേ, അമ്മ മറിയത്തിന്റെ കൈയിൽ പിടിച്ച് ഈ ലോകത്തിൽ ജീവിക്കാൻ ഞങ്ങളെ സഹായിക്കണേ.''

**Myserium FIDEI - Sept. 5, 1965**

''ഒരു പുരോഹിതൻ പരിശുദ്ധ കുർബാന അർപ്പിക്കുന്നത് സ്വന്തം രക്ഷയ്ക്കുവേണ്ടിയും എല്ലാ മനുഷ്യരുടെയും രക്ഷയ്ക്ക് വേണ്ടിയുമാണ്. കത്തോലിക്കാ സഭയുടെ വിശ്വാസത്തിന്റെ രഹസ്യമാണ് ഈ വിശുദ്ധ കുർബ്ബാന.''[10] വിശുദ്ധ കുർബ്ബാന അല്ലെങ്കിൽ ക്രിസ്തുവിന്റെ ബലി. അൾത്താരയിലും വ്യക്തിജീവിതങ്ങളിലും ആവർത്തിക്കപ്പെടുമ്പോൾ ദൈവവും മനുഷ്യരും തമ്മിലുള്ള ഐക്യം ശക്തമാകുകയാണ്. ഈ ഐക്യത്തിനാണ് Mystical body of Christ അല്ലെങ്കിൽ സഭ എന്നു പറയുന്നത്. വിശ്വാസരഹസ്യമെന്ന ചാക്രികലേഖനത്തിൽ ഈ സത്യങ്ങൾ പറയുമ്പോൾ പോൾ ആറാമൻ മാർപ്പാപ്പയിലെ ബലിയർപ്പിക്കുന്ന ബലിജീവിതം നയിക്കുന്ന പുരോഹിതനെ വ്യക്തമായി കാണാം. കുർബ്ബാന വെറും ആഘോഷത്തിന്റെ ഭാഗം മാത്രമാകുന്നു. ഈ കാലഘട്ടത്തിൽ വിശുദ്ധനായ പാപ്പാ പറയുന്നു. വിശുദ്ധ കുർബ്ബാന ആഘോഷിക്കുവാനുള്ളതല്ല. അത് ജീവിക്കുവാനുള്ളതാണ്. ആഘോഷങ്ങളിൽ അർപ്പണവും സ്നേഹവും ഇല്ല. ക്രിസ്തുവിന്റെ ബലിയും ബലിജീവിതവും ഒന്നായിരുന്നു. അവന്റെ ശരീരമായ സഭയും സഭാ മക്കളും ഒരുമിച്ച് സ്നേഹബലിയർപ്പിക്കുന്നവരും ഒരുമിച്ച് ജീവിക്കുന്നവരുമാകണം. അപ്പോൾ ലോകവും മനുഷ്യകുടുംബവും കൂടുതൽ സുന്ദരമാവും.[11] പുരോഹിതരും സമർപ്പിതരും ഉൾപ്പെട്ട വിശ്വാസസമൂഹം. വിശുദ്ധകുർബ്ബാനയാകുന്ന ക്രിസ്തുവിന്റെ ബലിയിൽ ജീവിക്കാൻ കടമപ്പെട്ടവരാണ്. മനുഷ്യപുത്രന്റെ ബലിയാണ് നമ്മുടെ ജീവിതത്തിന് കാമ്പുണ്ടാക്കുന്നത്. കഴമ്പില്ലാത്ത ജീവിതങ്ങൾ സഭയിൽ കാണുന്നെങ്കിൽ ഓർത്തുകൊള്ളുക, അവർ കുർബ്ബാനജീവിതം ഉപേക്ഷിച്ചു. ''പരി

ശുദ്ധനായ പോൾ ആറാമൻ പാപ്പായേ, ക്രിസ്തുവിനെപ്പോലെ ബലിജീവിതം നയിക്കുന്ന സഭാമക്കളുണ്ടാവാൻ പ്രാർത്ഥിക്കണേ.''

**Ecclesiam Suam - August 6 - 1964**

'ക്രിസ്തുവിന്റെയാണ് സഭ, അവന്റെ ശരീരമാണ് സഭ, സഭയുടെ മക്കളെല്ലാവരും വിശുദ്ധരാണ്. കാരണം അവർ അവന്റെ ശരീരത്തിന്റെ ഭാഗങ്ങളാണ്. ഈ വിശുദ്ധി ലോകത്തിൽ നല്ല മനുഷ്യരായി ജീവിക്കാൻ നമ്മെ നിർബന്ധിക്കുന്നു.''[12] പോൾ ആറാമൻ മാർപാപ്പായുടെ ഉൾവിശുദ്ധിയുടെ പ്രതിഫലനമാണ് ''അവന്റെ സഭ'' എന്ന ചാക്രികലേഖനത്തിന്റെ ചിന്തകൾ. അദ്ദേഹം ഉറച്ച് വിശ്വസിക്കുന്നു, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾക്ക് ഭൂമിയിൽ അവരെ പോലെ ജീവിക്കാനാവില്ല. അവർ നല്ല മനുഷ്യരായിരിക്കണം. കാരണം അവരുടെ തലയായവൻ പറഞ്ഞത് പരസ്പരം സ്നേഹിക്കാനാണ്. സ്നേഹിക്കുന്നവൻ ദൈവത്തെ അറിയണം. അങ്ങനെ സ്നേഹിക്കാൻ കഴിയുന്നവരുടെ കൂട്ടായ്മയാകുമ്പോൾ സഭ വിശുദ്ധികൊണ്ട് നിറയും. വിശുദ്ധിയില്ലാത്തവരെക്കൊണ്ട് സഭയും ലോകവും നിറയുന്നതിന് കാരണം അവർക്ക് സ്നേഹമില്ലാത്തതുകൊണ്ടാണ്. അവർക്ക് സ്നേഹിക്കാനാവാത്തത് ക്രിസ്തുവിനേയും അവന്റെ കല്പനകളേയും മറന്നതുകൊണ്ടാണ്. ക്രിസ്തുവിനെ മറക്കുന്നവർക്കുള്ളതല്ല ക്രിസ്തീയജീവിതവും സഭാജീവിതവും. ക്രിസ്തുവിന്റെ മാറോട് ചേർന്നുനില്ക്കാനും കുരിശെടുക്കാനും കുരിശെടുക്കാൻ സഹായിക്കാനും തയ്യാറുള്ളവർക്കുള്ളതാണ് ഇനിയുള്ള സഭയും ലോകവും.[13] വിശുദ്ധനായ പോൾ ആറാമൻ മാർപാപ്പായുടെ സഭയെക്കുറിച്ചുള്ള ചിന്തകളിലൂടെ കടന്നുപോകുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. സഭ വിഭാവനം ചെയ്തത് ക്രിസ്തുവാണെങ്കിൽ അവൻ തന്നെയാണ് അതിന്റെ തലവൻ. തലവനായവൻ കാണിച്ചു തന്നത് സുഖഭോഗങ്ങളുടെ ജീവിതമല്ല. മറിച്ച് ദൈവഹിതപ്രകാരം കുരിശിൽ ബലിയർപ്പിച്ച് ലോകത്തെ സ്നേഹിക്കുന്ന ബലിജീവിതമാണ്. നമ്മുടെ സ്ഥാനങ്ങളും സൗകര്യങ്ങളും ദൈവഹിതം നിറവേറാൻ വേണ്ടി ഉപയോഗിച്ചില്ലെങ്കിൽ പാഴ്‌വൃക്ഷം പോലെ വെട്ടി തീയിലെറിയപ്പെടും. സ്നാപകയോഹന്നാൻ പോൾ ആറാമൻ മാർപ്പാപ്പയിലൂടെ ഇന്ന് നമ്മോട് പറയുന്നു: 'കർത്താവിന്റെ വഴി ഒരുക്കുവിൻ, അവന്റെ പാത നേരെയാക്കുവിൻ, താഴ്‌വരകൾ നികത്തപ്പെടും. കുന്നും മലയും നിരത്തപ്പെടും. വളഞ്ഞ വഴികൾ നേരെയാക്കപ്പെടും, പരുപരുത്തവ മൃദുവാക്കപ്പെടും. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും' 14 ''പരിശുദ്ധനായ പോൾ ആറാമൻ പാപ്പായേ, സ്വർഗ്ഗരാജ്യത്തിന് വേണ്ടി ജീവിക്കാൻ ഞങ്ങൾ സഭാമക്കളെ സഹായിക്കണേ.''

*Note*

| | | |
|---|---|---|
| *1.* | *Humanae Vitae* | *1* |
| *2.* | *Humanae Vitae* | *8,9* |
| *3.* | *Sacerdotalis Caelibatus* | *4* |
| *4.* | *Sacerdotalis Caelibatus* | *14* |
| *5.* | *Populorum Progressio* | *4* |
| *6.* | *Populorum Progressio* | *6,8* |
| *7.* | *Christi Matri* | *1* |
| *8.* | *Christi Matri* | *8,9* |
| *9.* | *Mense Maio* | *1,2* |
| *10.* | *Mysterium Fidei* | *1* |
| *11.* | *Mysterium Fidei* | *4,5,6* |
| *12.* | *Eclesiam Suam* | *1,2* |
| *13.* | *Eclesiam Suam* | *15,16,17* |
| *14.* | *Luke* | *3:4-6* |

●







ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

# തപോധനനും സാത്വികനുമായ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലിത്ത

**ലഘുജീവചരിത്രം**

വലിയ ആരവങ്ങളൊന്നുമില്ലാതെ മലങ്കര കത്തോലിക്കാ സഭയിലേക്കു കടന്നുവന്ന് അവിടെ ഒരു സ്ഥാനവും മോഹിക്കാതെ, ഒരു സ്ഥാനവും അലങ്കരിക്കാതെ തന്റെ ശ്രേഷ്ഠ പൗരോഹിത്യ ജീവിതം വിനയാന്വിതമായും താപസ ചൈതന്യത്തോടും നയിച്ചു കൊണ്ട് സഭയുടെ ചരിത്രത്തിൽ, മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച പുണ്യശ്ലോകനാണ് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. വന്ദ്യ പിതാവിന്റെ 20–ാം ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന കാലയളവാണല്ലോ ഇത്. 1928 ഏപ്രിൽ 28 ന് തൃശ്ശൂർ ജില്ലയിലെ അഞ്ഞൂർ ഗ്രാമത്തിലാണദ്ദേഹം ഭൂജാതനായത്. ഇന്റർ മീഡിയേറ്റ് പഠനം പൂർത്തിയാക്കിയതിനുശേഷം മലബാർ (തൊഴിയൂർ) സ്വതന്ത്രസുറിയാനി സഭയിൽ വൈദിക പരിശീലനത്തിനായി ചേർന്നു. വൈദിക പരിശീലനം പൂർത്തിയാക്കിയ അദ്ദേഹം 1961 ഡിസംബർ 24–ാം തീയതി ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ആറു വർഷത്തിനുശേഷം, അതായത് 1967 ഡിസംബർ 16–ാം തീയതി പൗലോസ് മാർ പീലക്സിനോസ് എന്ന നാമത്തിൽ മേല്പട്ടസ്ഥാനവും സ്വീകരിച്ചു. ഏതാണ്ട് 10 വർഷക്കാലം തൊഴിയൂർ സ്വതന്ത്രസുറിയാനി സഭയെ സ്തുത്യർഹമായ രീതിയിൽ നയിച്ചു. പിതാവിന്റെ അശ്രാന്ത പരിശ്രമഫലമായി സഭയുടെ പുരോഗതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും സ്ഥാപനങ്ങൾ ആരംഭിക്കുവാനും നല്ല നിലയിൽ വളർത്തിക്കൊണ്ടു പോകുവാനും ഈ ചുരുങ്ങിയ കാലയളവിൽ അദ്ദേഹത്തിനു സാധിച്ചു. സഭയുടെ ചരിത്രത്തെ സംബന്ധിച്ച് ഇതൊരു സുവർണ്ണ കാലഘട്ടമായിട്ടാണ് കരുതപ്പെടുന്നത്.

ഇക്കാലയളവിൽത്തന്നെ പിതാവ് തന്റെ സഭയുടെ അസ്തിത്വപരമായ ചില ന്യൂനതകൾ കണക്കിലെടുത്ത് കത്തോലിക്കാ സഭയുമായുള്ള ഐക്യത്തെപ്പറ്റി ചിന്തിക്കുകയും ഗൗരവതരമായി പഠനങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. അതിന്റെ ഫലമായി അദ്ദേഹം 1977 ആഗസ്റ്റ് 28–ാം തീയതി തൃശ്ശൂർ രൂപതയുടെ ആസ്ഥാനത്ത് ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ബിഷപ്പ് സഖറിയാസ് മാർ അത്തനാസ്യോസ്, ബിഷപ്പ് കുണ്ടുകുളം, ബിഷപ്പ് ചീനാത്ത് എന്നിവരുടെ സാന്നിദ്ധ്യത്തിൽ വിശ്വാസപ്രഖ്യാപനം നടത്തി മലങ്കര കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. പിന്നീടദ്ദേഹം തിരിച്ച് രാത്രി 9 മണിയോടെ കോട്ടയം ബഥനി ജനറലേറ്റ് ആശ്രമത്തിൽ എത്തിച്ചേർന്നു.

പുനരൈക്യപ്പെട്ട പിതാവ് കത്തോലിക്കാ സഭയിലെ ചായൽ ഭദ്രാസനത്തിന്റെ സ്ഥാനിക മെത്രാനും തിരുവനന്തപുരം അതിരൂപതയുടെ എപ്പിസ്കോപ്പൽ വികാരിയുമായി നിയമിതനായി. പിന്നീട് കൂടുതൽ കാലം തിരുവനന്തപുരത്താണ് ജീവിച്ചത്. 1979 നവംബർ 15ന് റോമിലേക്കു പോവുകയും ഡിസംബർ 12ന് മാർപ്പാപ്പയെ സന്ദർശിക്കുകയും ചെയ്തു. 1981 മുതൽ മലങ്കര കത്തോലിക്കാ സഭയിലെ മറ്റു മെത്രാന്മാരുമായി ആലോചിച്ച ശേഷം അഞ്ഞൂർ കേന്ദ്രമാക്കി താമസിക്കാനും പ്രവർത്തിക്കാനും തുടങ്ങി. കുന്നംകുളം ഭാഗങ്ങളിൽ പുനരൈക്യപ്രവർത്തനങ്ങൾ ശക്തിപ്പെ

ടുത്താം എന്ന ഉദ്ദേശ്യത്തോടെയാണ് പിതാവ് അവിടേക്കു താമസം മാറ്റിയത്. അവിടെ ആയിരിക്കുമ്പോഴാണ് വെസ്റ്റ് മങ്ങാട്ടുള്ള സ്കൂൾ വാങ്ങുന്നതും രാപകലില്ലാതെ കഠിനമായി കഷ്ടപ്പെട്ട് അതിന്റെ വികസന പ്രവർത്തനങ്ങൾ നടത്തിയതും ഹൈസ്കൂളായി അതിനെ ഉയർത്തിയതുമെല്ലാം.

ഏതാണ്ട് 21 വർഷത്തോളം മലങ്കര കത്തോലിക്കാ സഭയിൽ ജീവിച്ചും പ്രവർത്തിച്ചും സാർവ്വത്രിക സഭയുടെ കൂട്ടായ്മയും അതിന്റെ പ്രസക്തിയും അനിവാര്യതയും ആവശ്യകതയും ലോകത്തോടു മുഴുവൻ സംശയരഹിതമായി വിളിച്ചോതികൊണ്ട് പിതാവ് തന്റെ ദൗത്യം നിർവ്വഹിച്ചു. തന്റെ മരണത്തിനു മുൻപ് തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ രോഗശയ്യയിൽ ഇരുന്നുകൊണ്ട് തയ്യാറാക്കിയ വില്പത്രത്തിലൂടെ പിതാവിന്റെ സർവ്വസ്വത്തുക്കളും, മങ്ങാട് ഹൈസ്കൂളും സ്വത്തുക്കളും, എല്ലാ ബാങ്ക് അക്കൗണ്ടുകളും ക്യാഷ് സർട്ടിഫിക്കേറ്റുകളും, കാറും തന്റെ കാലശേഷം തിരുവല്ലാ രൂപതക്കായിരിക്കും എന്ന് നിജപ്പെടുത്തി. 1998 നവംബർ 3-ാം തീയതി പീലക്സിനോസ് തിരുമേനി ഇഹലോകവാസം വെടിഞ്ഞു.

വ്യക്തിപരമായി പിതാവിനെ അടുത്തു കാണുന്നതും അറിയുന്നതും അദ്ദേഹം വിശ്വാസപ്രഖ്യാപനശേഷം കോട്ടയം ജനറലേറ്റ് ആശ്രമത്തിൽ വന്നു താമസിക്കുമ്പോഴാണ്. പിന്നീടദ്ദേഹം റോമിൽ പോയ അവസരത്തിൽ അവിടെ പിതാവിനെ സഹായിക്കാൻ നിയോഗിക്കപ്പെട്ടവരിൽ ഒരാൾ എന്ന നിലയിൽ അടുത്തിടപെടാൻ സാധിച്ചിട്ടുണ്ട്. ഏതാണ്ട് 4-5 മാസം അവിടെ താമസിച്ച ശേഷമാണ് പിതാവ് നാട്ടിലേക്ക് മടങ്ങിപ്പോന്നത്. അങ്ങനെ വ്യത്യസ്ത തലങ്ങളിൽ അദ്ദേഹത്തെ അടുത്തും അകന്നും മനസ്സിലാക്കിയതിന്റെ പശ്ചാത്തലത്തിലാണ് ആ മഹനീയവ്യക്തിത്വത്തിന്റെ ചില വശങ്ങൾ ഇവിടെ എടുത്തു കാണിക്കുവാൻ ആഗ്രഹിക്കുന്നത്.

**വിദ്യകൊണ്ടു പ്രബുദ്ധൻ**

ചെറുപ്പം മുതലെ പഠനകാര്യങ്ങൾക്ക് സവിശേഷമായ പ്രാധാന്യം നല്കുകയും അതിൽ അതീവശ്രദ്ധയും താത്പര്യവും നല്കിയ ആളായിരുന്നു തിരുമേനി. പഠിച്ച ക്ലാസ്സുകളിലെല്ലാം അദ്ദേഹം ഒന്നാമനായിരുന്നു. 8-ാം ക്ലാസ്സിലും എസ്.എസ്.എൽ.സി. പരീക്ഷയിലും പിതാവ് ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. ഉപരിപഠനം കോലാപൂരിലെ സാഗ്ലി എന്ന സ്ഥലത്തുള്ള വെല്ലിംഗ്ടൺ കോളേജിലാണ് നടത്തിയത്. അവിടെയും സെക്കന്റ് ഗ്രൂപ്പെടുത്ത് ഇന്റർ മീഡിയറ്റ് പരീക്ഷ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. മെഡിസിൻ പഠിക്കാൻ ആഗ്രഹിച്ചെങ്കിലും ആരോഗ്യം അതിനനുവദിച്ചില്ല. ദൈവനിയോഗം മറ്റൊന്നായിരുന്നുവെന്ന് പിന്നീടുള്ള ജീവിതം വ്യക്തമാക്കുന്നു.

വൈദികാന്തസ്സിലേക്ക് കടന്നുവന്നശേഷം സുറിയാനി ഭാഷയുടെ പഠനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തി. സുറിയാനിഭാഷയിലുള്ള പിതാവിന്റെ പാണ്ഡിത്യം ആരെയും അതിശയിപ്പിക്കുന്നതാണ്. സുറിയാനി പ്രാർത്ഥനകളും ഗീതങ്ങളും പിതാവ് ഹൃദ്യസ്ഥമാക്കിയിരുന്നു. പ്രാർത്ഥനപുസ്തകങ്ങൾ സ്വന്തം കൈപ്പടയിൽ സുറിയാനി ഭാഷയിൽ എഴുതി ഉണ്ടാക്കി പിതാവ് ഉപയോഗിക്കുമായിരുന്നു. മറ്റു വൈദികരുടെ ഉപയോഗത്തിനായി നല്കുകയും ചെയ്തിരുന്നു. സുറിയാനി ഭാഷ മറ്റുള്ളവരെ, പ്രത്യേകിച്ച് ശെമ്മാശന്മാരെ, പഠിപ്പിക്കുവാനായി പിതാവ് ഉത്സാഹം കാണിച്ചിരുന്നു. അതിൽ വലിയ നിഷ്ക്കർഷ കാണിച്ച ഒരു ഗുരുഭൂതനാണദ്ദേഹം. വൈദികനും വൈദികവിദ്യാർത്ഥികളും നിർബന്ധമായും സുറിയാനിഭാഷ പഠിച്ചിരിക്കണം എന്ന് പിതാവ് നിഷ്ക്കർഷിച്ചു. ഭാഷാ പഠനത്തിന്റെ പ്രോത്സാഹനാർത്ഥം പല എൻഡോവ്മെന്റ്സും സെമിനാരിക ളോടു ചേർന്ന് പിതാവ് ആവിഷ്കരിച്ചിട്ടുണ്ട്.

സാഹിത്യത്തോടുള്ള പ്രത്യേക അഭിരുചി പിതാവിൽ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. കവിതകൾ, നാടകങ്ങൾ, നൃത്തം, ഗാനങ്ങൾ ഇവയെ നന്നായി ആസ്വദിച്ച ഒരു വ്യക്തിയാണ് പീലക്സിനോസ് പിതാവ്. കവിതകൾ, പ്രത്യേകിച്ചും പഴയകാല കവിതകൾ, പിതാവിന് വളരെ ഇഷ്ടമായിരുന്നു. ചിലതെല്ലാം മനഃപാഠം ആക്കിയിരുന്നു. ഓരോ അവസരങ്ങൾ പശ്ചാത്തലമാക്കി പിതാവുതന്നെ കവിതകൾ രചിച്ചിരുന്നു. പിതാവ് തന്നെ രചിച്ച 24 കവിതകളുടെ സമാഹാരമാണ് 'കുഞ്ഞുപൂക്കൾ' എന്ന കൃതി.

പുസ്തകങ്ങളെ അധികം സ്നേഹിച്ച വ്യക്തിയാണ് പീലക്സിനോസ് പിതാവ്. ഏവരെയും വിസ്മയിപ്പിക്കുന്ന ഒരു പുസ്തകശേഖരം അഞ്ഞൂർ അരമനയിലെ തന്റെ ലൈബ്രറിയിലുണ്ടായിരുന്നു. പ്രസിദ്ധമായ പല സാഹിത്യഗ്രന്ഥങ്ങളും പിതാവ് വാങ്ങി ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. തന്റെ ശേഖരത്തിൽ മതഗ്രന്ഥങ്ങൾ, നോവലുകൾ, സഭാപ്രസിദ്ധീകരണങ്ങൾ, ലേഖനങ്ങൾ, കവിതകൾ, ആനുകാലികങ്ങൾ തുടങ്ങി ധാരാളം പുസ്തകങ്ങൾ ഉൾക്കൊണ്ടിരുന്നു. ലഭ്യമല്ലാതിരുന്ന പ്രസിദ്ധമായ ഗ്രന്ഥങ്ങളുടെ ഫോട്ടോസ്റ്റാറ്റ് എടുത്തു ബൈന്റ് ചെയ്ത് അദ്ദേഹം ലൈബ്രറിയിൽ സൂക്ഷിക്കുമായിരുന്നു. പീലക്സിനോസ് പിതാവ് റോമിൽ വന്നപ്പോൾ അദ്ദേഹത്തിനിഷ്ടപ്പെട്ട രണ്ടു സ്ഥലങ്ങളാണ് അവിടുത്തെ യൂണിവേഴ്സിറ്റികളോടു ചേർന്നുള്ള ലൈബ്രറികളും പുസ്തകവില്പനശാലകളും. ഈ സ്ഥലങ്ങളിൽ മണിക്കൂറുകൾ ചെലവഴിക്കാൻ പിതാവിന് ഒരു മടിയും ഉണ്ടായിരുന്നില്ല എന്ന കാര്യം ഇവിടെ ഓർമ്മയിൽ കടന്നു വരുന്നു.

വായനയുടെയും പഠനത്തിന്റെയും കാര്യത്തിൽ പിതാവ് ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ല. കാര്യങ്ങൾ അറിയുവാനും പഠിക്കുവാനുമുള്ള അസാധാരണമായ ഒരു തൃഷ്ണ പിതാവിലുണ്ടായിരുന്നു. റോമിൽ ഏതാനും മാസങ്ങൾ മാത്രം ചെലവഴിക്കാനായിരുന്നു പദ്ധതിയിട്ടത്. പിതാവ് വന്നയുടനെ ആഗ്രഹിച്ചത് ഈ പരിമിതമായ സമയത്തിനുള്ളിൽ ഏതെങ്കിലും യൂണിവേഴ്റ്റി കോളജിൽ പോയി ഏതാനും തിരഞ്ഞെടുക്കപ്പെട്ട കോഴ്സുകൾ എടുക്കണമെന്നായിരുന്നു. അതു നടക്കുകയും ചെയ്തു. അവിടെയുള്ള അഞ്ചേലിക്കം യൂണിവേ

ഴ്സിറ്റിയിൽ ചേർന്ന് തന്റെ ആഗ്രഹം സാധിച്ചു. അതുപോലെ കാഴ്ചകൾ കാണാൻ പോകുമ്പോൾ കാണുന്ന കാര്യങ്ങളെപ്പറ്റി അദ്ദേഹം ചോദിക്കുന്ന കൗതുകകരമായ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ വിഷമിച്ച സന്ദർഭങ്ങളൊക്കെയും ഓർത്തുപോകുന്നു. അടക്കാനാവാത്ത ഒരു വിജ്ഞാനദാഹം പിതാവിൽ ഒളിഞ്ഞു കിടന്നിരുന്നു.

വായനയുടെ ഒരു വിശാലലോകം പിതാവിനുണ്ടായിരുന്നു. സമയം ലഭിക്കുമ്പോഴെല്ലാം വായനയിൽ പിതാവ് മുഴുകിയിരുന്നു. യാത്രകളിൽ വായിക്കാനുള്ള പുസ്തകങ്ങളും മറ്റും കൂട്ടിനുണ്ടായിരുന്നു. ആശുപത്രികിടക്കയിൽ പോലും വായനയിൽ മുഴുകി കിടക്കുന്ന പിതാവിനെ കാണാമായിരുന്നു. മഹാകവി അക്കിത്തം പോലുള്ളവരുമായി നല്ല സുഹൃദ്ബന്ധം പിതാവിനുണ്ടായിരുന്നു. സഹിത്യ-സാംസ്കാരിക കാര്യങ്ങളെപ്പറ്റിയുള്ള നീണ്ട ചർച്ചകളിൽ സമാനമനസ്കരുമായി മണിക്കൂറുകൾ മുഴുകിയിരിക്കാനും പിതാവ് ഇഷ്ടപ്പെട്ടിരുന്നു.

**അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ഉപാസകൻ**

അന്ത്യോക്യൻ ആരാധനക്രമത്തെ വളരെയധികം സ്നേഹിച്ച ആചാര്യശ്രേഷ്ഠനാണ് പീലക്സിനോസ് പിതാവ്. ഈ ആരാധനക്രമത്തെക്കുറിച്ചും അതിന്റെ ദൈവശാസ്ത്രത്തെക്കുറിച്ചും പിതാവിന് അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. ഇതിന്റെ ഉപയോഗത്തിലും വളർച്ചയിലും പ്രചരണത്തിലും പിതാവ് ചെലുത്തിയ സ്വാധീനം വിസ്മയാവഹമാണ്. അന്ത്യോക്യൻ ആരാധനക്രമത്തിനും അതിന്റെ ദൈവശാസ്ത്രത്തിനും അതിലധിഷ്ഠിതമായ ആദ്ധ്യാത്മികതയ്ക്കും പിതാവ് നല്കിയ സംഭാവനകൾ വളരെയേറെ വിലപ്പെട്ടതാണ്.

അന്ത്യോക്യൻ സുറിയാനി ആരാധനക്രമം അതിന്റെ പൂർണ്ണതയിൽ, ബാഹ്യവും ആന്തരികവുമായ ചൈതന്യത്തിന് ഒരു മങ്ങലും ഏല്ക്കാതെ ആകർഷകമായി അനുഷ്ഠിച്ചിരുന്നു. കുറച്ചു നീണ്ട ശുശ്രൂഷകളാണെങ്കിലും അതിലൊന്നുപോലും വിട്ടുകളയുകയോ ചുരുക്കി നടത്തുകയോ പിതാവ് ചെയ്യുമായിരുന്നില്ല. എന്നുതന്നെയല്ല അത്തരം പ്രവണതകളെ പിതാവ് എപ്പോഴും എതിർത്തിരുന്നു. പുനരൈക്യത്തിനു മുൻപും അതിനുശേഷവും ഈ നിലപാട് പിതാവിൽ ശക്തമായിരുന്നു. ആരാധനക്രമത്തിലൂടെ പിതാവ് അനുഷ്ഠിക്കുന്ന കർമ്മങ്ങളുടെയും അടയാളങ്ങളുടെയും ഉപയോഗിക്കുന്ന സുറിയാനി പദങ്ങളുടെ അർത്ഥവും വ്യാഖ്യാനവും പങ്കെടുക്കുന്ന ജനങ്ങൾക്ക് അവർക്ക് മനസ്സിലാവുന്ന ലളിതമായ ഭാഷയിൽ പറഞ്ഞുകൊടുക്കുന്ന പതിവ് പിതാവിനുണ്ടായിരുന്നു. ഇതുവഴി ജനങ്ങൾക്ക് അവിടെ നടക്കുന്ന കർമ്മങ്ങളുടെയും ചൊല്ലുന്ന പ്രാർത്ഥനകളുടെയും, അർത്ഥം മനസ്സിലാക്കി സജീവമായി പങ്കുചേരുവാൻ സഹായകമായി. മലങ്കര കത്തോലിക്കാ സഭയിലെ പല പ്രധാനപ്പെട്ട തിരുനാൾ കർമ്മങ്ങൾക്കും നേതൃത്വം നല്കി അവയൊക്കെ സ്വർഗ്ഗീയമായ ഒരു അനുഭൂതിയാൽ മഹത്തരമാക്കാൻ പിതാവിന് അവസരം ലഭിച്ചിട്ടുണ്ട്. ആരാധനക്രമഗീതങ്ങൾ ശ്രുതിമധുരമായി ആലപിക്കാനുള്ള കഴിവും പിതാവിനുണ്ടായിരുന്നു.

പീലക്സിനോസ് പിതാവ് റോം സന്ദർശിക്കുവാനായി എത്തിയപ്പോൾ മലങ്കര സഭയിലെ മേല്പട്ടക്കാർ ധരിച്ചിരുന്ന ളോഹയും പുറംകുപ്പായവും മോതിരവും കുരിശും ഒക്കെ ധരിച്ചാണവിടെ എത്തിയത്. അതുതന്നെ തുടർന്നും ധരിക്കാനായിരുന്നു പിതാവിന്റെ പദ്ധതി. ഇവയെല്ലാം ധരിച്ചുകൊണ്ട് അവിടുത്തെ തിരക്കേറിയ പൊതുവാഹനങ്ങളിൽ യാത്ര ചെയ്യുക എളുപ്പമായിരുന്നില്ല. ഈ വിവരം ഞങ്ങൾ പിതാവിനെ ധരിപ്പിക്കുകയും പകരം റോമൻ മെത്രാന്മാരുടെ വൈദിക വേഷവും തൊപ്പിയും ധരിക്കാമെന്ന് പറഞ്ഞു. അതിനുള്ള പിതാവിന്റെ മറുപടി ഇതായിരുന്നു. അവർ റോമൻ പാരമ്പര്യമനുസരിച്ചുള്ള വേഷം ധരിച്ചു നടക്കുന്നു. എനിക്കും അതുപോലെ അന്ത്യോക്യൻ പാരമ്പര്യങ്ങൾ അനുസരിച്ചുള്ള വേഷം എന്തുകൊണ്ടു ധരിച്ചുകൂടാ? രണ്ടുമൂന്നു യാത്രകൾ നടത്തിക്കഴിഞ്ഞപ്പോൾ പിതാവിനു തന്നെ ബുദ്ധിമുട്ടുകൾ നേരിട്ടു മനസ്സിലായി. പിന്നീട് റോമൻ പാരമ്പര്യം അനുസരിച്ചുള്ള വേഷം ധരിക്കുവാൻ തയ്യാറായി. അന്ത്യോക്യൻ ആരാധനക്രമത്തോടും മറ്റു പാരമ്പര്യങ്ങളോടും പിതാവിനുണ്ടായിരുന്ന നിറഞ്ഞസ്നേഹവും വിശ്വസ്തതയുമാണിവിടെ വെളിപ്പെടുന്നത്.

മലങ്കര കത്തോലിക്ക സഭയിലെ ആരാധനക്രമ പരിഷ്കരണത്തിൽ പീലക്സിനോസ് തിരുമേനി വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. ലിറ്റർജി കമ്മറ്റിയുടെ യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. 1981ൽ ലിറ്റർജി കമ്മിറ്റിയുടെ അദ്ധ്യക്ഷനായി ചുമതലയേല്ക്കുകയും ആരാധനക്രമപരിഷ്കാരങ്ങൾക്ക് സ്തുത്യർഹമായ സേവനം നല്കുകയും ചെയ്തു.

**സത്യത്തിനു കീഴ്പ്പെട്ടജീവിതം**

അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയുടെ ജീവിതഗതിയെ മാറ്റിമറിച്ചത് പിതാവിന്റെ സത്യാന്വേഷണവും അതിന്റെ കണ്ടെത്തലും അതിനെ ആശ്ലേഷിച്ചതുമാണ്. യേശുക്രിസ്തു വിഭാവന ചെയ്ത കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവുമായ സഭയേതെന്ന്, തന്റെ ആഴമേറിയ പഠനങ്ങളിലൂടെയും പ്രാർത്ഥനാപൂർവ്വമായ വിചിന്തനങ്ങളിലൂടെയും പിതാവ് കണ്ടെത്തി. താൻ സ്നേഹിച്ചിരുന്നതും പരമാദ്ധ്യക്ഷനായി നയിച്ചിരുന്നതുമായ സഭയുടെ ചില അടിസ്ഥാനകുറവുകളെപ്പറ്റി പിതാവ് വസ്തു നിഷ്ഠമായി വിലയിരുത്തി. അതിനു പരിഹാരമായി പിതാവിന്റെ മനസ്സിലങ്കുരിച്ച ഏകമാർഗ്ഗം കത്തോലിക്കാ സഭയുമായുള്ള പുനരൈക്യമായിരുന്നു. ''നമ്മെപ്പറ്റിയുള്ള ദൈവത്തിന്റെ തിരുമനസ്സ് നിറവേറ്റുന്നതിനും ആദ്ധ്യാത്മികവും ഭൗതികവുമായ നമ്മുടെ വളർച്ചയ്ക്ക് വഴിയൊരുക്കുന്നതിനും പുനരൈക്യമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്ന് എനിക്കു ബോദ്ധ്യമായി'' എന്നു പിതാവ് തന്നെ പറയുന്നു. സത്യത്തിന്റെ ഈ ഉൾവിളിയുടെ പിടിയിൽനിന്ന്

അദ്ദേഹത്തിന് കുതറിമാറാനായില്ല.

പിന്നീടൊട്ടും വൈകിയില്ല, മലങ്കര കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു കൊണ്ട് കണ്ടെത്തിയ സത്യത്തിന് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു. ഇതിലൂടെ ഒരു മഹാത്യാഗത്തിന്റെ, സ്വയശൂന്യവത്ക്കരണത്തിന്റെ പാതയാണ് പിതാവ് സ്വീകരിച്ചത്. തൊഴിയൂർ സഭയിൽ തനിക്കുണ്ടായിരുന്ന, ഉണ്ടാകാമായിരുന്ന സമുന്നത പദവികൾ, അധികാരാവകാശങ്ങൾ, സൗകര്യങ്ങൾ എല്ലാം ഉപേക്ഷിച്ചു. അതിന്റെ സൂചനയായി അധികാര ചിഹ്നങ്ങളായ കുരിശ്, വടി, മാല, മോതിരം മുതലായവയും ബാലൻസ് ആയി ഉണ്ടായിരുന്ന പണവും തിരികെ ഏല്പിച്ചശേഷമാണ് അവിടെ നിന്നിറങ്ങിയത്. കത്തോലിക്കാ സഭയിലേക്കു കടന്നുവന്നത് എന്തെങ്കിലും അധികാരമോ സ്ഥാനങ്ങളോ ഒന്നും പ്രതീക്ഷിച്ചു കൊണ്ടായിരുന്നില്ല. സത്യത്തോടും സത്യവിശ്വാസത്തോടും ചേർന്നു നില്ക്കാനുള്ള താത്പര്യം ഒന്നുമാത്രമാണ് ധീരമായ ഈ കാൽവയ്പിനു പിതാവിനെ പ്രേരിപ്പിച്ചതെന്നു പിന്നീടുള്ള ജീവിതം വ്യക്തമാക്കുന്നു.


കത്തോലിക്കാ സഭയിൽ ആയിരിക്കുന്നതി ലൂടെ ലഭിക്കുന്ന സംതൃപ്തി, സമാധാനം ഇതൊന്നു മാത്രമാണ് ഈ തീരുമാനം എടുക്കാൻ തന്നെ പ്രേരിപ്പിച്ചതെന്നു പിതാവു തന്നെ പറഞ്ഞിട്ടുണ്ട്. ''പിതാവിന്റെ ഈ തീരുമാനം ബുദ്ധിശൂന്യമായ ഒന്നായിപ്പോയി എന്ന് പിതാവിനു തോന്നുന്നില്ലെ'' എന്നൊരു വൈദികൻ പിന്നീടൊരിക്കൽ ചോദിച്ചതിന് അദ്ദേഹം നല്കിയ മറുപടി ഇവിടെ വളരെ പ്രസക്തമാണ്. ''അച്ചാ എനിക്കൊരു പ്രയാസവുമില്ല. എന്നു മാത്രവുമല്ല വളരെയധികം സംതൃപ്തിയാണുള്ളത്. ഏതെങ്കിലും ഒരു സഭയുടെ പരമാദ്ധ്യക്ഷനായിരിക്കുന്നതിനെക്കാൾ കത്തോലിക്ക സഭയിലെ ഒരംഗം ആകുകയെന്നതാണ് എന്നെ സംബന്ധിച്ച് ഏറ്റവും സംതൃപ്തി നല്കുന്നത്. പലരും ജന്മനാ കത്തോലിക്കരാകുന്നു. എന്നാൽ ഞാനും എന്നെപ്പോലെ പുനരൈക്യപ്പെട്ടവനും കത്തോലിക്കരാകുവാൻ പലതും സഹിച്ചവരാണ്. പുനരൈക്യപ്പെട്ട എന്നെപ്പോലുള്ളവർക്കേ കത്തോലിക്ക സഭയുടെ മഹത്വം പൂർണ്ണമായി ഉൾക്കൊള്ളാനാവൂ.''

**സ്നേഹനിറവാർന്ന വ്യക്തിത്വം**

പീലക്സിനോസ് പിതാവിന്റെ ജീവിതവും ജീവിതശൈലിയുമെല്ലാം വളരെ ലളിതമായിരുന്നു. ജീവതലാളിത്യം പിതാവിന്റെ മുഖമുദ്രയാണ്. ഈ ലാളിത്യദർശനമാണ് അക്ഷരാർത്ഥത്തിൽ ഒരു 'സ്വയശൂന്യവത്ക്കരണത്തിലൂടെ' എല്ലാം ഉപേക്ഷിച്ച് കത്തോലിക്കാസഭയിലേക്കു കടന്നുവരാൻ പിതാവിനെ ധൈര്യപ്പെടുത്തിയത്. വളരെ എളിയ ജീവിതവും ശാന്തമായ പ്രകൃതവും സൗമ്യമായ പെരുമാറ്റവുമെല്ലാം പിതാവിൽ വിളങ്ങിയിരുന്ന അമൂല്യഗുണഗണങ്ങളാണ്. ഒരു എളിയ വ്യക്തി എന്ന നിലയിൽ വ്യർത്ഥമായ ആത്മപ്രശംസയോ ഒളിച്ചുകളികളോ മറച്ചുവയ്ക്കലോ ഒന്നും അദ്ദേഹത്തിലുണ്ടായിരുന്നില്ല.

വിശാലമായ ഒരു ഹൃദയത്തിനുടമയായിരുന്നു പിതാവ്. ഈ ഹൃദയ വിശാലത ധാരാളം ആളുകളുമായി നല്ല സൗഹൃദം പുലർത്തുന്നതിന് പിതാവിനെ പ്രാപ്തനാക്കി. പലയാളുകൾക്കും ഉത്തമനായ, വിശ്വസ്തനായ സുഹൃത്തായി അദ്ദേഹം പരിലസിച്ചു. വളരെ വിപുലമായ ഒരു സുഹൃദ്വലയം പിതാവിനുണ്ടായിരുന്നു. എല്ലാ സമുദായക്കാരെയും ബഹുമാനിക്കാനും പിതാവിനു സാധിച്ചു. മറ്റുള്ളവരുടെ നന്മകളിൽ പങ്കുചേരാനും അവരെ അനുമോദിക്കാനും അവർക്ക് നന്മകൾ ആശംസിക്കുവാനും ഈ വിശാലഹൃദയൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

വേദനിക്കുന്നവരുടെ വേദനകളിൽ അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുവാനും മരണവീടുകളിൽപ്പോയി അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പിതാവ് സമയം കണ്ടെത്തിയിരുന്നു രോഗികളോടും പ്രയാസമനുഭവിക്കുന്നവരോടും ഒരു പ്രത്യേക കരുതൽ പിതാവിനുണ്ടായിരുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ അവർക്ക് സാമ്പത്തിക സഹായം ചെയ്യുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹസഹായം നല്കി അവരെ ആശ്വസിപ്പിച്ചു. അങ്ങനെ ഇല്ലാത്തവരോടെല്ലാം സഹാനുഭൂതിയും അനുകമ്പയും പ്രദർശിപ്പിച്ച, മറ്റുള്ളവരുടെ വേദനയും സഹനവും സ്വയം ഏറ്റെടുത്ത ഒരു ദയാലു ആയിരുന്നു പീലക്സിനോസ് തിരുമേനി. പിതാവിനെ സമീപിക്കുന്നവർ ഒരിക്കലും നിരാശരാവുകയില്ലായിരുന്നു.



**മാർ പീലക്സിനോസ് പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായെ വത്തിക്കാനിൽ സന്ദർശിച്ചപ്പോൾ**

പിതാവ് കുഞ്ഞുങ്ങളെ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. കുഞ്ഞുങ്ങളോടുള്ള സ്നേഹവും വാത്സല്യവും പിതാവിന്റെ മറ്റൊരു വ്യക്തിസവിശേഷതയാണ്. കുഞ്ഞുങ്ങളുടെ പരിപാടികളിലും മറ്റും ദീർഘസമയം പങ്കെടുത്ത് അവ ആസ്വദിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിരവധി അവസരങ്ങൾ പിതാവിന്റെ ജീവിതത്തിലുടനീളം കാണാം. അദ്ദേഹത്തിന്റെ പുസ്തകശേഖരത്തിൽ ചിത്രകഥകളും ബാലമാസികകളും ധാരാളമായി ഉൾപ്പെടുത്തുവാൻ പിതാവ് ഒരിക്കലും മറന്നിരുന്നില്ല. ഈ വിധ

*(ശേഷം 48-ാം പേജിൽ)*







ടോണി പടിഞ്ഞാറെമണ്ണിൽ

# റവ. ഡോ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി.

**ക**ല്ലൂപ്പാറ കടമാൻകുളം ഇടവകയിൽപ്പെട്ട പുളിയങ്കീഴ് സേവ്യർവിലാസം പി. സി. വർഗീസ് സാറിന്റെയും അന്നമ്മയുടെയും മകനായി 1934 ഡിസംബർ 29-ാം തീയതി ജനിച്ച തമ്പി എന്ന ഓമനപ്പേരും കുറിയാക്കോസ് എന്ന മാമോദീസാപേരുമുള്ള ബഹു. ബർക്കുമാൻസച്ചൻ പുതുശ്ശേരി എം. ഡി.എൽ.പി., എം.ജി.ഡി., ഇരുവെള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കി. 1952 ആഗസ്റ്റ് 11 ന് തിരുവല്ല ബഥനി ആശ്രമത്തിൽ ചേർന്നു. 1955 ൽ പ്രഥമ വ്രതവാഗ്ദാനവും, 1960 ൽ നിത്യവ്രതവാഗ്ദാനവും നടത്തി 1963 സെപ്റ്റംബർ 21 ന് പൂനാ ബിഷപ്പ് ആൻഡ്രൂ ഡിസൂസായിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. പൂന ബഥനി ആശ്രമത്തിൽ പ്രൊക്യുറേറ്റർ ആയി നിയമിതനായ ബഹു. അച്ചൻ 1965 മുതൽ 1974 വരെ റോമിൽ പഠിച്ച് ബൈബിളിൽ ഡോക്ടറേറ്റ് നേടുകയും തിരികെ വന്ന് 1974 മുതൽ 1977 വരെ പൂനാ ആശ്രമം സുപ്പീരിയർ ആയി നിയമിതനായി. 1977 മുതൽ 1980 വരെ കെ.സി.ബി.സി. യുടെ ബൈബിൾ കമ്മീഷൻ ജോയിന്റ് സെക്രട്ടറിയായപ്പോൾ പി.ഒ.സി. ബൈബിളിന്റെ തർജ്ജമ നിർവ്വഹിക്കുന്നതിൽ മുഖ്യപങ്കാളിയാവുകയും 1980 മുതൽ 1986 വരെ ബഥനിയുടെ സുപ്പീരിയർ ജനറലായും 1986 മുതൽ 1989 വരെയും 1992 മുതൽ 1995 വരെയും പൂനാ സെമിനാരി റെക്ടറായും തുടർന്ന് ആലുവ, കോട്ടയം, തിരുവനന്തപുരം, ബാംഗ്ലൂർ സെമിനാരികളിൽ പ്രൊഫസറായും സേവനമനുഷ്ഠിച്ചു. ബാഹ്യകേരള മലങ്കര മക്കളെ സംഘടിപ്പിക്കുവാനും അതിന്റെ കോ-ഓർഡിനേറ്ററായി നിയോഗിക്കപ്പെടുകയും ചെയ്തപ്പോൾ മുതൽ ബാഹ്യകേരള മിഷൻ യാഥാർത്ഥ്യമായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നമ്മുടെ വൈദികർ ശുശ്രൂഷകരായെത്തുകയും ബാഹ്യകേരള മലങ്കരസഭയുടെ പ്രവർത്തനങ്ങൾ സജീവമാവുകയും ചെയ്തു. ഇൻഡ്യയിലെ വടക്കു കിഴക്കൻ മേഖലയിലെ 22 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഗുഡ്ഗാവ് രൂപതയും 6 തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പൂനെയിലെ കട്കി എക്സാർക്കേറ്റും ഇന്ന് യാഥാർത്ഥ്യമായതിന് പിന്നിൽ ബഹു. ബർക്കുമാൻസ് അച്ചന്റെ നിസ്തുലമായ പ്രവർത്തനങ്ങളുടെ പരിണതഫലമാണെന്നതിൽ നമുക്ക് സന്തോഷിക്കാം. ബഥനി നവജ്യോതി പ്രൊവിൻസിന്റെ ആദ്യത്തെ കൗൺസിലറായും മലങ്കര മേജർ സെമിനാരിയുടെ ആത്മീയ ഉപദേഷ്ടാവ് എന്നതിലുപരി മലങ്കര സഭയുടെ എല്ലാമായിരുന്നു ബഹു. ബർക്കുമാൻസ് അച്ചൻ.

ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ മൂന്നു വ്രതങ്ങളിലൂടെ മറ്റുള്ളവർക്കായി ജീവൻ അർപ്പിക്കാനുള്ള ക്രിസ്തീയ ആഹ്വാനമാണ് സന്ന്യാസം. ദൈവത്തിലായിത്തീരുക എന്നതാണ് സന്ന്യാസം കൊണ്ടർത്ഥമാക്കുന്നത്. ദൈവത്തിലുള്ള മനുഷ്യന്റെ ആത്മദാനമാണ് സന്ന്യാസം. പ്രാർത്ഥനാചൈതന്യവും ത്യാഗനിർഭരമായ അർപ്പണജീവിതവും ഒരു സന്ന്യാസിയെ ജീവിതവിജയത്തിലേക്ക് നയിക്കുന്നു. ഒരു യഥാർത്ഥ സന്ന്യാസിക്കു വേണ്ട എല്ലാ ഗുണങ്ങളും നിറഞ്ഞൊഴുകിയ ഒരു മഹദ്‌വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബഹു. ബർക്കുമാൻസച്ചൻ. നിഷ്കളങ്കമായ പുഞ്ചിരി, വിനയാന്വിതമായ പെരുമാറ്റം, ലാളിത്യമാർന്ന ജീവിതശൈലി ഇതെല്ലാം മറ്റുള്ള വൈദികരിൽനിന്നും അദ്ദേ

ഹത്തെ വ്യത്യസ്തനാക്കിയിരുന്നു.

പരേതനായ ഫാ. വിൻസെന്റ് പുളിയൻകീഴ് ഒ.ഐ.സി., സി. റൊസാലിയ എസ്.ഐ.സി. (ബത്തേരി), പരേതനായ ബേബി, കുഞ്ഞുമോൻ, മേരി പെരിഞ്ചേരിൽ കോട്ടൂർ എന്നിവരാണ് ബഹു. അച്ചന്റെ സഹോദരങ്ങൾ. ബഹു. ബർക്കുമാൻസച്ചന്റെ പിതാവിന്റെ മാതൃസഹോദരനായിരുന്നു പരേതനായ ഫാ. ഏബ്രഹാം പടിഞ്ഞാറെമണ്ണിൽ ഒ.ഐ.സി. പിതാവിന്റെ മാതൃസഹോദരന്മാരായിരുന്ന പരേതരായ ഫാ. കുറിയാക്കോസ് പടിഞ്ഞാറെമണ്ണിലും, ഫാ. സെലസ്റ്റിൻ പടിഞ്ഞാറെമണ്ണിൽ ഒ.ഐ.സി.യും.

ബഹു. ബർക്കുമാൻസച്ചൻ നാട്ടിൽ വരുമ്പോൾ പലപ്പോഴും എവിടെയെങ്കിലും പോകാനായി യാത്രാസൗകര്യം നമ്മൾ അങ്ങോട്ട് ഓഫർ ചെയ്യുമ്പോൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. യാത്രകൾക്കിടയിൽ പലപ്പോഴും രാത്രി വൈകി റെയിൽവേസ്റ്റേഷനിൽത്തന്നെ ഉറങ്ങുമായിരുന്നു. പല അവസരങ്ങളിലും വിവാഹം, ശവസംസ്കാരം എന്നിങ്ങനെയുള്ള കുടുംബാംഗങ്ങളുടെ കർമ്മങ്ങളിൽ അങ്ങോട്ട് ആവശ്യപ്പെടാതെതന്നെ പ്രധാന കാർമികനായി പങ്കെടുക്കുന്നത് ഒരിക്കലും മറക്കാനാവാത്ത ജീവനുള്ള ഓർമ്മകളായി അവശേഷിക്കുന്നു.

മലങ്കര കത്തോലിക്കാസഭയിൽ പൗരോഹിത്യത്തിലേക്കും സന്ന്യാസജീവിതത്തിലേക്കും ഏറ്റവും കൂടുതൽ ദൈവവിളിയുണ്ടായിട്ടുള്ള അനുഗ്രഹീതമായ ഇടവകയാണ് കടമാൻകുളം തിരുഹൃദയ ഇടവക. മലങ്കര സഭയിൽ നിറഞ്ഞു നില്ക്കുന്ന അനേകം വൈദികരുടെ വ്യക്തിത്വങ്ങൾക്ക് രൂപം നല്കിയ ഈ ഇടവക 114 കുടുംബങ്ങളിൽ നിന്നായി 2 മെത്രാപ്പോലീത്തമാർക്കും 23 വൈദികർക്കും 17 സന്ന്യാസിനികൾക്കും ജന്മം നല്കിയെന്നത് ഈ ഇടവകയുടെ ദൈവപരിപാലനയെ വെളിവാക്കുന്നു. പെരുന്നാട്ടിൽ പുനരൈക്യപ്രസ്ഥാനജനയിതാവായ പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിന് കരുത്തുപകർന്ന് പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി ഇറങ്ങി പുറപ്പെട്ട ഇടവകാംഗങ്ങളായ വൈദികർ, ഇടവകയുടെ പ്രാരംഭകാലത്ത് സേവനമനുഷ്ഠിച്ച ബഥനി വൈദികർ, ഇടവക വികാരിമാരായ സീറോ മലബാർ റീത്തിൽപ്പെട്ട വൈദികർ, തിരുവല്ലാരൂപതയിലെ ആദ്യകാല വൈദികർ, ത്യാഗപൂർണമായ വിശ്വാസജീവിതവും ജീവിതമാതൃകയും കാട്ടിത്തന്ന് വാത്സല്യപൂർവം ഞങ്ങളെ വളർത്തിയ സ്നേഹനിധികളായ ഞങ്ങളുടെ പൂർവികരും മാതാപിതാക്കളുമാണ് ഈ ഇടവകയെ ദൈവവിളിയിലേക്ക് ആനയിച്ചത്. ●

## കാറ്റക്കിസം ഡിപ്ലോമ കോഴ്സ്

### സമാപനം : 2018 ഡിസംബർ 08

കാറ്റക്കിസം ഡിപ്ലോമ കോഴ്സിന്റെ 3-ാമത്തെ സെമസ്റ്റർ ക്ലാസ്സ് 2018 ഡിസംബർ 08-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ സെന്റ് ജോൺസ് മെത്രാപ്പൊലീത്തൻ കത്തീഡ്രലിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഇതോടൊപ്പം ഈ വർഷത്തെ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും സമാപനസമ്മേളനവും നടത്തുന്നതാണ്. അസൈൻമെന്റ് സമീക്ഷയിൽ 2018 നവംബർ 30 വരെ സ്വീകരിക്കുന്നതാണ്. ഒന്നാം വർഷ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും സമീക്ഷ ദൈവശാസ്ത്ര കോഴ്സ് മുൻപ് പഠിച്ചവർക്കും 2019 ഫെബ്രുവരി 9-ാം തീയതി മുതൽ ബൈബിൾ പഠന ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

കാറ്റക്കിസം ഡിപ്ലോമ കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ ക്ലാസ്സുകൾ 2019 ഫെബ്രുവരി 9-ാം തീയതി ആരംഭിക്കുന്നതാണ്. രജിസ്ട്രേഷൻ 2019 ജനുവരി 1 മുതൽ ആരംഭിക്കുന്നതാണ്. രജിസ്ട്രേഷൻ ചെയ്യാനുള്ള ഫോമുകൾ സൺഡേസ്കൂൾ സമീക്ഷ ഓഫീസിൽ നിന്നും www.catechismthiruvalla.org വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. രണ്ടാം ബാച്ച് കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ 2019 ഫെബ്രുവരി 2-ാം തീയതിക്കുമുമ്പ് ഫോമുകൾ ഓഫീസിൽ എത്തിക്കേണ്ടതാണ്.

2 -ാം ചരമവാർഷികം




**റോസമ്മ ജേക്കബ് (അക്കമ്മാമ)**

**അരീയ്ക്കൽ, പുറ്റടി**

ജനനം : 17.08.1947
മരണം : 30.10.2016

**ഉപകാരസ്മരണ**



ഒരു വിശ്വാസി , ചുങ്കപ്പാറ

ഐക്യദീപം
വായിക്കുക!
വരിക്കാരാവുക!



# എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
**സി. അലീന എസ്.ഐ.സി.**
2018 നവംബർ

1. മക്കളുടെ ഭവനങ്ങളെ ബലവത്താക്കുന്നതെന്ത്?
2. കേൾക്കുന്നതിലും മറുപടി പറയുന്നതിലും നാമെങ്ങനെ ആയിരിക്കണം?
3. പിഷോൺ നദി എവിടെ ചുറ്റിയൊഴുകുന്നു?
4. ഗോഫെർമരം കൊണ്ട് പെട്ടകമുണ്ടാക്കി അതിന്റെ അകത്തും പുറത്തും എന്ത് തേയ്ക്കണമെന്നാണ് നോഹയോട് പറഞ്ഞത്?
5. ദൈവമായ കർത്താവ് യോനയ്ക്കുവേണ്ടി ഒരു ചെടി മുളപ്പിച്ചത് എന്തിനുവേണ്ടിയായിരുന്നു?
6. ആകയാൽ വിശ്വാസമുള്ളവർ വിശ്വാസിയായ ആരോടൊത്താണ് അനുഗ്രഹം പ്രാപിക്കുന്നത്?
7. തിമോത്തേയോസ് ഏത് ദേശക്കാരനാണ്?
8. സഖറിയ ആരുടെ ഗണത്തിൽപെട്ടവനായിരുന്നു?
9. മരുഭൂമിയിലെ യേശുവിന്റെ പരീക്ഷയെപ്പറ്റി എവിടെ പറഞ്ഞിരിക്കുന്നു?
10. ജോലി ചെയ്യുന്നവന്റെ കൂലി കണക്കാക്കപ്പെടുന്നത് എപ്രകാരമാണ്?

*N.B* : ഉത്തരങ്ങൾ ഡിസംബർ 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല - 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചുതരിക

## ബൈബിൾ ക്വിസ് ശരി ഉത്തരം

തയ്യാറാക്കിയത് :
**ടോം ഏമാൻതോപ്പിൽ**

**ഒക്ടോബർ 2018**

1. വി. മർക്കോസ്. 16 അദ്ധ്യായങ്ങൾ
2. പുതിയ ജറുസലേം (വെളിപാട് 21:18)
3. മോറിയ മലയിൽ
4. നാമാൻ (2 രാജക്കന്മാർ 5:1)
5. പ്രാവ് (ഉല്പത്തി 8:8)
6. യഹോവ നിസ്സി (പുറപ്പാട് 17:15)
7. 1189
8. സങ്കീർത്തനം 119
9. 20
10. ഹോറേബ് പർവതം (പുറപ്പാട് 3:1-2)


**ഒക്ടോബർ 2018 - മത്സര വിജയികൾ** : **1. ജോവിറ്റ ആൻ റ്റോംസ്,** സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച് തേക്കുങ്കൽ, **2. രേഷ്മ മറിയം ചാക്കോ,** സെന്റ് ജോർജ്ജ് മലങ്കര കാത്തലിക് ചർച്ച് പായിപ്പാട്, **3. ലിയ മേരി തോമസ്,** സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച് നീരേറ്റുകാവ്, റാന്നി

**പങ്കെടുത്തവർ** : **1. ജസ്വിൻ ടി സെബാസ്റ്റ്യൻ,** സെന്റ് ആഗ്നസ് മലങ്കര കാത്തലിക് ചർച്ച് കാഞ്ഞീറ്റുകര, **2. മേരിക്കുട്ടി ഈപ്പൻ,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് കുമ്പളന്താനം, **3. ഗിഫ്റ്റി മറിയം സെബാസ്റ്റ്യൻ,** സെന്റ് ആഗ്നസ് മലങ്കര കാത്തലിക് ചർച്ച് കാഞ്ഞീറ്റുകര, **4. അലീന സാറ റജി,** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുക്കയം, **5. ജോളി മത്തായി മാറാട്ടുകളം,** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ, **6. റേച്ചൽ തോമസ്,** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ, **7.ആൻ മേരി മാത്യു,** ഹോളി ഫാമിലി മലങ്കര കാത്തലിക് ചർച്ച് വരവൂർ, റാന്നി


## പ്രഥമ ദിവ്യകാരുണ്യ സ്വീകരണം



ശ്രീ. ജോമി തോമസ് കലയപുരത്തിന്റെയും ശ്രീമതി വിൻസി പി. എഡിസന്റേയും മകൻ ജിനോ ജോമി തോമസിന്റെ (ഐവാൻ) പ്രഥമദിവ്യകാരുണ്യ സ്വീകരണം 2018 നവംബർ 6 ചൊവ്വാഴ്ച, കലയപുരം ദൈവമാതാ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ചു നടന്നു. റവ. ഫാ. ഏബ്രഹാം പാപ്പാടിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. റവ. ഡോ. ആന്നിയിൽ തരകൻ, റവ.ഫാ. എബിൻ പണിക്കർ (വികാരി), റവ. ഫാ. തോമസ് മുകളുവിള എന്നിവർ സഹ കാർമ്മികരായിരുന്നു.




ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA CATECHISM Thiruvalla
കോൺട്രാക്ടറുടെ വീട്ടിൽ
വരൂ..., നമ്മുക്ക് കുരിശു വരക്കാം!
ഞാൻ ഈ സിനിമ കണ്ടുതീർക്കട്ടെ അമ്മേ!
ഞാൻ ഗെയിം കളിക്കുന്നത് അമ്മക്കു കാണരുതോ?
നീ തന്നെ പോയി ഇരുന്ന് പ്രാർത്ഥിക്ക്!
ഉറങ്ങാനായി കോൺട്രാക്ടർ മുറിയിൽ...
തുടരും..



സി. ജെയിൻ എസ്.ഐ.സി.





# അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയെക്കുറിച്ച്

# എന്റെ ബാല്യകാലസ്മരണകൾ

**11** വർഷം മാതാപിതാക്കന്മാരുടേയും സഹോദരങ്ങളുടേയും സ്നേഹവും വാത്സല്യവും അനുഭവിച്ചാണ് ഞാൻ വീട്ടിൽ വളർന്നത്. 11 വർഷത്തിന് ശേഷമാണ് ഒരനുജത്തിയേയും അതിനടുത്ത വർഷം ഒരനുജനേയും ദൈവം കനിഞ്ഞ് നൽകിയത്. ഏറ്റവും ഇളയ സഹോദരി എന്ന നിലയിൽ സണ്ണിച്ചായന് (പിതാവിന്) എന്നോട് ഒത്തിരി സ്നേഹമുണ്ടായിരുന്നു. കൊച്ചുകൊച്ച് സഹായങ്ങൾക്ക് എന്നെയാണ് സമീപിച്ചിരുന്നത്. സണ്ണിച്ചൻ വളരെ ശാന്തപ്രകൃതക്കാരനായിരുന്നു. ഞങ്ങൾ എന്തെല്ലാം കുസൃതികൾ കാണിച്ചാലും മാതാപിതാക്കന്മാരുടെ ശിക്ഷകൾ ലഭിച്ചാലും സണ്ണിച്ചായൻ ഒരു വഴക്കിലും ഇടപെട്ടിട്ടില്ല.

**പപ്പായുടെ പുനരൈക്യപരിശ്രമങ്ങൾ**

കത്തോലിക്കാസഭയെപ്പറ്റി നന്നായി പഠിച്ചതിന് ശേഷമാണ് പപ്പാ പുനരൈക്യപ്പെട്ടത്. വീട്ടിൽ എന്നും സഭാസംബന്ധമായ വാദപ്രതിവാദങ്ങൾ നടന്നിരുന്നു. 1940 ൽ ആണ് ഞങ്ങൾ പുനരൈക്യപ്പെടുന്നത് (എനിക്ക് 6 വയസ്സുള്ളപ്പോൾ). ഫാ. ഏബ്രഹാം മാരേട്ട് (വല്യമാരേട്ടച്ചൻ) അച്ചനാണ് ഞങ്ങളെ കത്തോലിക്കാസഭയിലേക്ക് ചേർത്തത്. വീട്ടിലെ ഒരു മുറിയിൽ വച്ചായിരുന്നു പുനരൈക്യവും അച്ചന്റെ പ്രാർത്ഥനയും വേദപുസ്തക ചുംബനവുമൊക്കെ നടന്നത്. എല്ലാം കഴിഞ്ഞപ്പോൾ അച്ചൻ റോമായിൽ പോയെന്നു പറഞ്ഞുകൊണ്ട് അയൽപക്കക്കാർ കൂട്ടക്കരച്ചിൽ - പുനരൈക്യം കഴിഞ്ഞ് പള്ളിമുറ്റത്ത് മിക്കവാറും കൺവൻഷനുകൾ നടന്നിരുന്നു. ബ. വടശ്ശേരിലച്ചന്റെ പ്രസംഗങ്ങൾ ഞാൻ കേട്ടിരുന്നു. അയർകുന്നത്ത് ഉണ്ടായിരുന്ന സീറോ മലബാർ പള്ളിയിലെ വികാരിയച്ചനും (ബ. നടുവത്ത്ശ്ശേരിലച്ചൻ) ഇടവകക്കാരും വലിയ സഹകരണമായിരുന്നു. പുനരൈക്യം കഴിഞ്ഞ ഉടനെ അമയന്നൂർ യാക്കോബായ സ്കൂളിൽ നിന്നും കോട്ടയം രൂപതയുടെ സെന്റ് മേരീസ് സ്കൂളിലേക്ക് ഞങ്ങളുടെ പഠനം മാറ്റി. അവിടേക്ക് ഏകദേശം 8 കി.മീ. നടക്കണം. മീനച്ചിലാറും പന്നഗം തോടും കടക്കണം.

**ചാപ്പൽ നിർമ്മാണം**

കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ എല്ലാ ദിവസവും വി. കുർബാന അർപ്പിക്കണമല്ലോ. അതിന് വേണ്ടി പപ്പാ ഒരു താൽക്കാലിക ഷെഡ് ഉണ്ടാക്കി. മേൽക്കൂര ഓലമേഞ്ഞത്, തറ മെഴുകിയത്, പലകതറച്ച് ഷെഡ് മറച്ചിരുന്നു. മദ്ബഹാ, ഹൈക്കലാ, വെസ്റ്ററി എന്നിവയായി തിരിച്ചിരുന്നു. ഞങ്ങൾ താമസിച്ചിരുന്ന വീട് പപ്പായുടെ അനുജന് കൊടുത്തിട്ട് ഈ ചാപ്പൽ നിർമ്മിച്ച സ്ഥലത്തേക്ക് താമസം മാറ്റി. ചാപ്പലിന്റെ ആശാരിപണികളെല്ലാം പപ്പാതന്നെയാണ് നടത്തിയത്.

**സെന്റ് മേരീസ് ഹൈസ്കൂൾ കിടങ്ങൂർ - പഠനം**

സ്കൂളിൽ ഒരു നിയമം ഉണ്ടായിരുന്നു. ആദ്യ വെള്ളിയാഴ്ചകളിൽ എല്ലാ കത്തോലിക്കാകുട്ടികളും കുമ്പസാരിച്ചു വി. കുർബാന സ്വീകരിച്ചിട്ടേ സ്കൂളിൽ എത്താവൂ. ഏതാനും ഹിന്ദുകുട്ടികൾ ഒഴിച്ച് ബാക്കികുട്ടികളെല്ലാം കത്തോലിക്കരായിരുന്നു. കോട്ടയം ബിഷപ്പിന്റെ ഫീസ്റ്റിന് സ്പിരിചൽ ബൊക്കെ കൊടുക്കാൻ എല്ലാകുട്ടികളുടേയും ആത്മീയ കൃത്യങ്ങളുടെ എണ്ണം എടുത്തിരുന്നു. ഈ സുകൃതങ്ങളെല്ലാം വീട്ടിലേക്കുള്ള മടക്കയാത്രയിലാണ് ചൊല്ലിയിരുന്നത്. ഞങ്ങൾ 4 പേരും ഈ സ്കൂളിൽ നിന്നാണ് ഇ.എസ്.എൽ.സി. പാസ്സായത്.

**സണ്ണിച്ചായന്റെ മൈനർ സെമിനാരി പ്രവേശനം**

സണ്ണിച്ചായൻ ഇ.എസ്.എൽ.സി. പാസ്സായി. പപ്പായുടെ കൂടെ ഒരു ദിവസം അരമനയിൽപോയി. വന്ദ്യസേവേറിയോസ് പിതാവ് ചോദിച്ചു: സണ്ണി എന്തുചെയ്യാൻ പോകുന്നു. മറുപടി ഒന്നും പറഞ്ഞില്ല. അടുത്ത ആഴ്ചയിൽ തിരുവല്ലായ്ക്ക് വന്നേക്കണം എന്ന് പിതാവ് ആജ്ഞാപിച്ചു.

**തിരുവല്ല മൈനർ സെമിനാരിയിലേക്കുള്ള യാത്ര**

യാത്രക്കൊരുങ്ങി പപ്പാ എല്ലാവരേയും വിളിച്ചുകൂട്ടി പ്രാർത്ഥനനടത്തി. എല്ലാവരും നിറകണ്ണുകളോടെ യാത്രയ്ക്കൊരുങ്ങി. വാഹനസൗകര്യമില്ലാതിരുന്ന കാലം പേരൂർകടവിൽ നിന്ന് കെട്ടുവള്ളത്തിൽ ഉച്ചഭക്ഷണവും തയ്യാറാക്കി യാത്ര തിരിച്ചു. പുളിക്കീഴ് കടവിൽ ഇറങ്ങി. തിരുവല്ലായിലേക്കുള്ള യാത്ര എങ്ങനെയായിരുന്നു എന്ന് ഓർമ്മയിലില്ല. അഭിവന്ദ്യ സേവേറിയോസ് തിരുമേനിയും വന്ദ്യ തെയോഫിലോസ് തിരുമേനിയും കൂടി സ്നേഹപൂർവം സ്വീകരിച്ചു. ഞങ്ങൾ തിരിച്ച് യാത്രയായി. വീട്ടിൽ ഒരു കിളിയെ സണ്ണിച്ചായൻ ഓമനിച്ചു വളർത്തുന്നുണ്ടായിരുന്നു. എല്ലാവരും തിരിച്ചെത്തിയപ്പോൾ കിളി കൂട്ടിൽ ചത്തുകിടക്കുന്നതുകണ്ടു. യജമാനനെ പിരിഞ്ഞ സങ്കടമായിരിക്കാം.

സി. അപ്പളോണിയ ബി.എ. പാസ്സായ ഉടനെ മഠത്തിൽ ചേരണമെന്നുള്ള ആഗ്രഹം അറിയിച്ചു. മൂത്തമകൻ സെമിനാരിയിൽ പോയി. മൂത്തമകളും സന്ന്യാസജീവിതത്തിന് പോകുന്നു എന്നറിഞ്ഞത് മാതാപിതാക്കന്മാർക്ക് താങ്ങാനായില്ല. സെമിനാരിയിൽ നിന്ന് സണ്ണിച്ചായൻ വന്ന് എല്ലാവർക്കും ധൈര്യം കൊടുത്തു. എല്ലാവരുടേയും സമ്മതം രേഖപ്പെടുത്തി വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ ഒരു പടത്തിൽ 'Mary has chosen the best part'' എന്നെഴുതി, ആത്മീയ ഉപദേശങ്ങളും ചേർത്ത് മാതാപിതാക്കളും ഞങ്ങൾ 5 പേരും ഒപ്പിട്ട് സിസ്റ്ററിന് കൊടുത്തു. ആ പടം മരണം വരെയും സിസ്റ്റർ നിധിപോലെ സൂക്ഷിച്ചു.

മേജർ സെമിനാരി പഠനത്തിനായി സണ്ണിച്ചായൻ സിലോണിലെ കാൻഡി സെമിനാരിയിലേക്ക് അയയ്ക്കപ്പെടുന്നു. കാൻഡി സെമിനാരിയിൽ പഠിക്കുന്ന കാലത്ത് കഠിനമായ തലവേദനയുണ്ടായി. ചികിത്സാർത്ഥം വീട്ടിലേക്ക് രണ്ട് മാസത്തേക്ക് അയയ്ക്കപ്പെട്ടു. പിറവത്തെ ഒരു വൈദ്യന്റെ ചികിത്സയിലായിരുന്നു. അവധിക്കാലം പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചു. വലിയ ജപമാല ഭക്തനായിരുന്നു. ഞാൻ കതകിന്റെ വിടവിലൂടെ ഒളിഞ്ഞുനോക്കുമ്പോൾ കാണുന്നത് തറയിൽ മുട്ടുകുത്തി കൈകൾ വിരിച്ച് പിടിച്ച് ജപമാല ചൊല്ലുന്നതാണ്. എത്ര മണിക്കൂർ ആ നിൽപ് നീണ്ടുപോകുമെന്ന് അറിഞ്ഞുകൂടായിരുന്നു. ചികിത്സാർത്ഥം വീട്ടിൽ താമസിക്കുന്ന കാലത്ത് കാൻഡി സെമിനാരിയിൽ നിന്ന് കൂടെക്കൂടെ എഴുത്തുകൾ വന്നിരുന്നു. അന്ന് പോസ്റ്റോഫീസ് കിടങ്ങൂരാണ് ഉണ്ടായിരുന്നത്. പോസ്റ്റ്മാൻ എളുപ്പവഴി കണ്ടുപിടിച്ച് ഞാൻ പഠിച്ചിരുന്ന സ്കൂളിലെ ഓഫീസ് റൂമിൽ എഴുത്തുകൾ ഏല്പിക്കും. ഹെഡ്മാസ്റ്റർ അച്ചൻ എന്നെ ഏല്പിക്കും. ഒരു ദിവസം സണ്ണിച്ചായന് അത്യാവശ്യമായി ഒരു എഴുത്ത് സെമിനാരിയിലേക്ക് പോസ്റ്റ് ചെയ്യണം. ഞാൻ കൊണ്ടുപോകാമെന്ന് സമ്മതിച്ചു. 8 കിലോമീറ്റർ നടന്ന് എഴുത്ത് പോസ്റ്റ് ചെയ്തിട്ട് തിരിച്ചുവന്നപ്പോൾ ഒരു ചക്രം സമ്മാനമായി തന്നു. പോസ്റ്റ്മാന്റെ ജോലി ചെയ്യുന്നതിന് പാരിതോഷികമായി സിലോണിലെ ഭംഗിയുള്ള സ്റ്റാമ്പുകൾ എന്റെ അവകാശമായിരുന്നു.

ചികിത്സ കഴിഞ്ഞ് സണ്ണിച്ചായൻ സെമിനാരിയിലേക്ക് തിരിച്ചുപോയി പഠനം തുടർന്നു. 24-8-1953 ൽ കാൻഡി സെമിനാരിയിൽ വച്ചു വൈദികപട്ടം സ്വീകരിച്ചു. 25-8-1953 ൽ സെമിനാരിയിൽ പ്രഥമദിവ്യബലി അർപ്പിച്ചു. 4 മാസം കഴിഞ്ഞാണ് തിരുവല്ലായിൽ തിരിച്ചെത്തുന്നത്. 5-12-1953 ൽ അമയന്നൂർ സെന്റ് മേരീസ് ദേവാലയത്തിൽ ആഘോഷമായ ദിവ്യബലി അർപ്പണം നടത്തി. അന്ന് ഞാൻ തിരുവല്ലായിൽ നൊവീഷ്യേറ്റിൽ വ്രതവാഗ്ദാനത്തിന് മുൻപുള്ള ധ്യാനത്തിലായിരുന്നു. അതുകൊണ്ട് സ്വന്തം ഇടവകയിലെ ദിവ്യബലിയിൽ എനിക്ക് സംബന്ധിക്കാൻ സാധിച്ചില്ല. സണ്ണിച്ചായന്റെ പൗരോഹിത്യ സ്വീകരണവും എന്റെ പ്രഥമവ്രതവാഗ്ദാനവും ഒരേ വർഷത്തിലായത് ഞാൻ ഒരു നിമിത്തമായി കരുതുന്നു.

22 വർഷം മൈനർ സെമിനാരി റെക്ടർ സേവനം അനുഷ്ഠിച്ചശേഷം ഉപരിപഠനത്തിനായി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലും ഉപരിപഠനം നടത്തി. വികാരി ജനറാളും രൂപതാ അഡ്മിനിസ്ട്രേറ്ററായും സേവനം അനുഷ്ഠിച്ചു. 1987 ൽ തിരുവല്ലാ രൂപതയുടെ മെത്രാനായി നിയമനം കിട്ടി. അമയന്നൂർ സെന്റ് മേരീസ് പള്ളിയിൽ വച്ച് 26-06-1988 ൽ റമ്പാനായും തിരുവല്ലാ കത്തീഡ്രലിൽ വച്ച് 26-08-1988 ൽ മെത്രാഭിഷേകവുംനടന്നു. കെ.സി.ബി.സി. സെക്രട്ടറിയായി 3 വർഷവും സി.ബി.സി.ഐ. വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ച ശേഷം 3 വർഷം കാരിത്താസ് ഇൻഡ്യ ചെയർമാനായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം 29-03-2003 ൽ സ്ഥാനത്യാഗം ചെയ്തു. തുടർന്ന് പള്ളിമലയിൽ പണിതീർത്ത കെട്ടിടത്തിൽ വിശ്രമജീവിതം നയിച്ചു. ആരോഗ്യസ്ഥിതി മോശമാകയാൽ പുഷ്പഗിരി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. 2014 ജൂലൈ 17-ാം തീയതി മലങ്കരയിലെ എല്ലാ വന്ദ്യ പിതാക്കന്മാരുടെയും സാന്നിധ്യത്തിൽ പുഷ്പഗിരി ചാപ്പലിൽ വെച്ച് കന്തീലാ ശുശ്രൂഷ നടത്തി.

പൗരോഹിത്യത്തിന്റെ 50 വർഷവും നവതിയാഘോഷവും 2017 ഫെബ്രുവരി 2-ാം തീയതി പുഷ്പഗിരിയിൽ വെച്ച് നടത്തപ്പെട്ടു. ഇപ്പോൾ ആശുപത്രിയിൽ വിശ്രമജീവിതം നയിക്കുന്നു. ●



# കലയും ദൈവശാസ്ത്രവും



ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ



# ദസ്തോയേവ്സ്കിയുടെ ക്രിസ്തു

ദസ്തോയേവ്സ്കിയുടെ എഴുത്തുകളിലെ ദൈവാന്വേഷണം കഥാപാത്രങ്ങളിലൂടെ അന്വേഷിക്കുകയാണിവിടെ. വിവിധ കഥാപാത്രങ്ങളുടെ നിലപാടുകളിലൂടെ ദൈവത്തെ തേടുന്ന എഴുത്തുകാരൻ. നിർവ്വഹണപരമായ മനസ്സാക്ഷിയെക്കുറിച്ച് പുതിയനിയമചിന്തകൾ ദസ്തോയേവ്സ്കിയിൽ നിലനിന്നിരുന്നു. അതിന്റെ അടയാളങ്ങൾ 'കുറ്റവും ശിക്ഷയും' എന്ന ക്ലാസ്സിക്കിൽ വ്യക്തമാണ്. സ്വന്തം കുറ്റത്താൽ മാനസികമായി പീഡിപ്പിക്കപ്പെടുന്ന വ്യക്തിയെ ഈ നോവൽ അവതരിപ്പിക്കുന്നു. സ്വയം തെറ്റുകൾ ഏറ്റുപറയും വരെ ആത്മപീഡ ഏല്ക്കുന്ന നായകനാണ് റസ്കോൾ നിക്കോവ്. പണയത്തിന്മേൽ കടം കൊടുക്കുന്ന വെറുക്കപ്പെട്ട ഒരു വനിതയെ കൊല ചെയ്ത, വിദ്യാർത്ഥിജീവിതം ഉപേക്ഷിച്ച 'സാധു' വായിരുന്നു അയാൾ. റസ്കോൾനിക്കോവിന്റെ അമ്മയ്ക്കും സഹോദരിക്കുമാണ് പണത്തിന് യഥാർത്ഥത്തിൽ ആവശ്യമുണ്ടായിരുന്നതെന്ന് അയാൾ വിശ്വസി ക്കുന്നു. സാധാരണക്കാരെന്നും അനുഗ്രഹീത നായകരെന്നും മനുഷ്യരെ ഇയാൾ രണ്ടായി തിരിക്കുന്നു. രണ്ടാം ഗണത്തിലുള്ളവർ സാധാരണ നിയമങ്ങൾക്ക് അതീതരാണ്. എന്നാൽ ഇയാളുടെ രക്ഷകയാകുന്നത് സോണിയ എന്ന സാധാരണ സ്ത്രീയാണ് എന്നത് ശ്രദ്ധേയം. മദ്യപനായ പിതാവിനാൽ വേശ്യാവൃത്തിയിലേക്ക് നയിക്കപ്പെട്ട പെൺകുട്ടിയായിരുന്നു സോണിയ. ലാസറിനെ ഉയിർപ്പിക്കുന്ന വേദഭാഗം ഇവളാണ് റസ്കോൾനിക്കോവിന് എത്തിക്കുന്നത്. സൈബീരിയയിലെ തടവിലേക്ക് എത്തപ്പെടുന്ന അയാൾക്ക് അവിടെയും സഹായമായി സോണിയ തന്നെ.

ദസ്തോയേവ്സ്കിയുടെ ദൈവസങ്കല്പം പരമ്പരാഗതമാണ്. ത്രിത്വാധിഷ്ഠിതമായ സംശയങ്ങൾക്കിടയില്ലാത്ത ദൈവശാസ്ത്രസങ്കല്പം എന്നുറപ്പിക്കാം. ദൈവനിഷേധികളെ അദ്ദേഹത്തിന്റെ നോവലിൽ അടയാളപ്പെടുത്തുന്നുണ്ട്. 'ബ്രദേഴ്സ് കാരമസോവിലും' 'കുറ്റവും ശിക്ഷയിലും' ആത്മഹത്യചെയ്തവസാനിക്കുന്ന കഥാപാത്രങ്ങളുടെ സ്വഭാവം ഈ ഗണത്തിൽ പെടുത്താം. ജോർജ്ജ് ബെർണനോയുടെ 'മ്യൂഷേ'-യിലെ (Mouchette) പെൺകുട്ടിയുടെ മരണത്തെ റോബർട്ട് ബ്രസ്സോൺ ദൃശ്യവൽക്കരിക്കുമ്പോൾ ദിവ്യമായ അന്ത്യമാണവൾക്ക് സമ്മാനിക്കുന്നത്. മേല്പറഞ്ഞ കഥാപാത്രങ്ങൾക്കെല്ലാം ഇത്തരം ദിവ്യമായ പരിണാമം മരണത്തിലൂടെ സംഭവിക്കുന്നു. ''(ദൈവ)വിശ്വാസമാണ് മനുഷ്യകുലത്തിന്റെ അഭയം....നീതിമാന്മാർക്ക് വാഗ് ദാനം ചെയ്യപ്പെട്ട നിത്യസൗഭാഗ്യത്തിന്റെ പ്രത്യാശപോലെ,'' 'ഡീമൺസി'ലെ വാക്കുകളാണിവ. ദസ്തോയേവ്സ്കിയുടെ എഴുത്തുകളുടെയെല്ലാം അടിസ്ഥാന സ്വീകൃതതത്ത്വം ദൈവമാണ്. ദൈവമെന്ന യാഥാർത്ഥ്യത്തെ വിവിധ കഥാപാത്രങ്ങളിലൂടെ സമീപിക്കുകയായിരുന്നു. ഒരിക്കലും വ്യതിചലിക്കാത്ത വഴിയായിരുന്നു എന്നിതിനർത്ഥമില്ല. തുടരെ തുടരെ ദൈവവുമായി ദ്വന്ദയുദ്ധത്തിലൂടെ ദൈവാന്വേഷണം സാധ്യമാക്കിയ കലാകാരൻ. ഏതു വിധേനയുമുള്ള സംശയത്തെ നേരിട്ടു മാത്രമേ മുൻപോട്ട് പോയിരുന്നുള്ളു എന്നർത്ഥം. മരണം വരെ അങ്ങനെ തന്നെ ആയിരുന്നു. ജോസഫ് ഫ്രാങ്കിന്റെ അഞ്ച് വോള്യങ്ങളുള്ള അമൂല്യസൃഷ്ടിയിൽ നോവലിസ്റ്റിനെ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്, ''ദൈവാസ്തിത്വത്താൽ ജീവിതകാലം മുഴുവൻ പീഡിപ്പിക്കപ്പെട്ടിരുന്നു

ദസ്തോയേവ്സ്കി. ദൈവവുമായി ബന്ധമില്ലാത്തൊരു ലോകത്തെ സങ്കല്പിക്കാൻ ഇയാൾക്ക് കഴിയുമായിരുന്നില്ല. ഒരുപക്ഷെ ചെറുപ്പത്തിലെ പിതാവിൽനിന്നുണ്ടായ കയ്പേറിയ അനുഭവങ്ങൾ ദൈവത്തെ സംശയത്തോടെ സമീപിക്കാൻ എഴുത്തുകാരനെ നിർബന്ധിച്ചിരിക്കാം.'' വിശ്വാസികളും അവിശ്വാസികളുമായ കഥാപാത്രങ്ങൾക്ക് ദസ്തോയേവ്സ്കിയുടെ കഥകളിൽ ഇടമുണ്ടായിരുന്നു. ദൈവശാസ്ത്രനിരീക്ഷണങ്ങളിൽ ചിലപ്പോൾ കൂടുതൽ ഉപകാരപ്പെടുന്നത് അവിശ്വാസികളിലൂടെ ആകാം.

**ക്രിസ്തുവിന്റെ സഞ്ചാരം**

സുവിശേഷാനുകരണത്തിന്റെ ഭാവത്തിൽ ചാലിച്ച്, ക്രിസ്തുവിനെ കണ്ടെത്തുന്ന നോവലാണ് ദി ഇഡിയറ്റ്. ദസ്തോയേവ്സ്കിയുടെ ക്രിസ്തു സ്നാപകയോഹന്നാന്റെ ക്രിസ്തുവാണെന്ന് ചിലർ നിരീക്ഷിച്ചിട്ടുണ്ട്. അതുമല്ലെങ്കിൽ മരണത്തെ മുഖാമുഖം കാണുന്ന അന്ത്യത്താഴമേശയിൽ സ്നേഹം പ്രഘോഷിക്കുന്ന ക്രിസ്തു. വിശുദ്ധ വിഡ്ഢിയെന്ന പരിവേഷത്തിന് അനേകം മാനങ്ങളുണ്ട് നോവലിൽ. മറ്റൊരു ലോകത്തിന്റെ വക്താവ്, വിശുദ്ധൻ, ലോകപ്രിയമില്ലായ്മ എന്നിങ്ങനെ അവ വികസിക്കുന്നു. വി. പൗലോസ് മരണത്തെ അവതരിപ്പിക്കുന്നത് ഈ വിശുദ്ധ വിഡ്ഢിക്കും ബാധകമാണ്. മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെയും വീണുപോയ മനുഷ്യന്റെയും അടയാളമാണ് ഇയാൾ (Harriet Murav, Holy Foolishness). സുവിശേഷത്തിന്റെ അന്തർധാര ഏറെ സജീവമാണ് മിഷ്കിന്റെ സഞ്ചാരത്തിൽ. ക്രിസ്തു പാപിനിയായ സ്ത്രീയോട് കാട്ടിയ കാരുണ്യത്തിന്റെ തിരകൾ നടാഷയോട് മിഷ്കിന്റെ പെരുമാറ്റത്തിലുണ്ട്. 1867 നവംബർ 27 ന് ക്രിസ്തു സെന്റ് പീറ്റേഴ്സ്ബർഗിൽ ട്രെയിനിറങ്ങി എന്ന് നോവലിസ്റ്റ് എഴുതിയില്ലെന്നു മാത്രം. ക്രിസ്തുദർശനത്തിൽ വ്യക്തമായ പരമ്പരാഗത കാഴ്ചപ്പാട് ദസ്തോയേവ്സ്കിയിൽ ഉണ്ട്. ദൈവ-മനുഷ്യൻ എന്ന് ക്രിസ്തുവിനെ വിശേഷിപ്പിച്ചിരുന്നു. ഇവാൻ കാരമസോവിന്റെ നിലപാടിൽ ക്രിസ്തു 'പാപമില്ലാത്തവനും' 'ദൈവ'വുമാണ്. ഇവാന്റെ സഹോദരൻ ദിമിത്രിക്കും ക്രിസ്തു ദൈവം തന്നെ.

ദസ്തോയേവ്സ്കിയുടെ കൃതികളിലെ സത്യസന്ധതയെ നിഷേധിക്കാതിരുന്നാൽ, സ്വന്തം നിലയിൽ എങ്ങനെ വിശ്വാസിയായ ക്രിസ്ത്യാനിയാണ് അദ്ദേഹം എന്നവ വെളിപ്പെടുത്തും. ഇത് ജോസഫ് ഫ്രാങ്കിന്റെ നിരീക്ഷണമാണ്. ക്രിസ്തുവിന്റെ ദൈവികത, മരണമില്ലായ്മ, ഉയിർപ്പ്, രണ്ടാം വരവ് എന്നീ സത്യങ്ങളിലേക്കുള്ള വിശ്വാസപരമായ സഞ്ചാരം നമുക്ക് കണ്ടെത്താം. വി. യോഹന്നാൻ 14: 6 ൽ പറയുന്നു, ''വഴിയും സത്യവും ജീവനും ഞാനാണ്.'' ക്രിസ്തുവിന്റെ ഈ വാക്കുകളോട് ചേർത്ത് ദസ്തോയേവ്സ്കി



വരച്ചത് : ആഷ്‌ലിൻ ജോമോൻ കല്ലിശ്ശേരി

യുടെ ഒരു നിലപാട് വിലയിരുത്തപ്പെടാറുണ്ട്. സത്യമോ ക്രിസ്തുവോ, ഒന്നു തിരഞ്ഞെടുക്കണമെങ്കിൽ താൻ ക്രിസ്തുവിനൊപ്പം നില്ക്കും എന്നാണത്. ക്രിസ്തുവിനോടുള്ള ആരാധനയാൽ പുറപ്പെടുന്ന പ്രസ്താവനയാണ് സത്യത്തിൽ അത്.

**രക്ഷ**

പിറന്നാൾ ദിനത്തിൽ പ്രിൻസ് മിഷ്കിൻ ചുറ്റുമുണ്ടായിരുന്ന അവിശ്വാസികളോട് ചോദിച്ചു, ''എന്തിനാൽ നിങ്ങൾ ലോകത്തെ രക്ഷിക്കും?'' ഒരു കത്തിൽ അതിനുള്ള മറുപടി എഴുത്തുകാരൻ തന്നെ അവതരിപ്പിച്ചു. 'ക്രിസ്തീയതയിൽ മാത്രമാണ് റഷ്യയുടെ ക്ലേശങ്ങൾക്കെല്ലാം പരിഹാരം'. സ്നേഹം, ക്ഷമ, പാപപരിഹാരം എന്നീ മൂല്യങ്ങൾ ദസ്തോയേവ്സ്കിയുടെ സൃഷ്ടികളിൽ മുൻഗണന നേടാൻ നിയോഗിക്കപ്പെട്ടിരുന്നു എന്നു വിശ്വസിക്കുന്നവരാണധികം.

അലോഷയുടെ (Alyosha) മാനസാന്തരമെന്നോ പരിണാമമെന്നോ വിളിക്കാവുന്ന രക്ഷയിലേക്കുള്ള മാറ്റത്തെ നിത്യതക്കുവേണ്ടി ആത്മാവിലേക്കുള്ള പ്രവേശനം എന്ന് വിശേഷിപ്പിക്കുന്നു. സ്വന്തം അനുഭവത്തെ അലോഷ അവതരിപ്പിക്കുന്നതിങ്ങനെ, ''ആരോ എന്റെ ആത്മാവിൽ സന്ദർശനം നടത്തി'. നിർവൃതിജനകമായ ഈ അനുഭവം തന്നെയല്ലേ ക്രിസ്തീയ രൂപാന്തരീകരണം.

*(തുടരും)*





ഫാ. ഡോ. തോമസ് കുഴിനാപ്പുറത്ത്

# ആരോഗ്യപൂർണ്ണമായ മാതൃ – പിതൃത്വം 5 ലക്ഷ്യങ്ങൾ

**മാ**താപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം കേവലം ജൈവശാസ്ത്രപരം മാത്രമല്ലെന്ന് നമുക്കേവർക്കും അറിയാം. മറ്റ് ജീവികൾ പിറന്ന് ഏതാനും നിമിഷങ്ങൾക്കുള്ളിൽതന്നെ സ്വയംപര്യാപ്തതയിലേക്ക് കടക്കുന്നത് നമ്മുടെ കൺമുന്നിൽ നാം കാണുന്നുണ്ട്. എന്നാൽ മനുഷ്യശിശുക്കൾ ശാരീരികവും മാനസികവുമായ സ്വയംപര്യാപ്തതയിലേക്കെത്താൻ ദീർഘവർഷങ്ങൾ എടുക്കും. അതിന് അവരെ പരിശീലിപ്പിക്കുവാൻ തക്കവിധമാണ് മാതാപിതാക്കളുടെ ശാരീരികവും മാനസികവുമായ ഘടനയും കഴിവുകളും അവരിൽ വിന്യസിക്കപ്പെട്ടിരിക്കുന്നത്. ഈ കഴിവുകൾ ഉപയോഗപ്പെടുത്തി തങ്ങളുടെ സന്താനങ്ങളുടെ മാനസികവും ശാരീരികവുമായ പക്വതയിലേക്ക് അവരെ കൈപിടിച്ചു ചേർക്കുന്നതിനുള്ള ഉത്തരവാദിത്വത്തിൽനിന്നും മാതാപിതാക്കൾക്ക് ഒഴിഞ്ഞുമാറാനാവില്ല. ഈ ഉത്തരവാദിത്തം നിർവഹിച്ചുകൊണ്ട് കുട്ടികളുടെ വ്യക്തിത്വവികാസപ്രക്രിയയിൽ സജീവ പങ്കാളികളാകുന്നതിന് മാതാപിതാക്കൾക്കായി അഞ്ചുലക്ഷ്യങ്ങൾ മുന്നോട്ട് വയ്ക്കുകയാണിവിടെ.

**തുറന്ന കണ്ണുകളോടെ കുട്ടികളെ ശ്രദ്ധിക്കണം**

കുട്ടികളെ തുറന്ന കണ്ണുകളോടെ എപ്പോഴും കാണുവാൻ മാതാപിതാക്കൾക്ക് കഴിയണം. കുട്ടികൾക്ക് പലതും നമ്മോട് പങ്കുവയ്ക്കുവാനുണ്ടാകും. അത് ശരിയായും വ്യക്തമായും പ്രകടിപ്പിക്കുവാൻ അവർക്ക് കഴിയണമെന്നില്ല. കുട്ടികൾക്കും മാതാപിതാക്കൾക്കുമിടയിൽ കൃത്യമായ സംവേദനം പലപ്പോഴും നടക്കണമെന്നില്ല. ചിലപ്പോൾ ചില സൂചനകൾ മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. കുട്ടികളുടെ പെരുമാറ്റത്തിലോ സംസാരത്തിലോ ഇടപെടലിലോ നേരിയ വ്യതിയാനമെങ്കിലും കാണുന്നപക്ഷം അവരുമായി അടുത്തിടപെട്ട് അതിന്റെ കാരണം കണ്ടെത്താൻ ബുദ്ധിപൂർവ്വകമായ സമീപനം നടത്തേണ്ടതാവശ്യമാണ്. ഇതിനായി കുട്ടികളുടെ അദ്ധ്യാപകരോട് ആരായുന്നത് ഏറെ അഭികാമ്യമാണ്. ഇത് മനസ്സിലാക്കി അറിഞ്ഞ് പ്രവർത്തിക്കാൻ മാതാപിതാക്കൾക്ക് സാധിക്കണം. ഇതിന് തടസ്സമാകുന്നത് പലപ്പോഴും മാതാപിതാക്കളുടെ തിരക്കുപിടിച്ച ജീവിതമാണ്. കുട്ടികളുടെ ചെറിയ പ്രശ്നങ്ങൾ നമ്മുടെ ശ്രദ്ധക്കുറവ് കൊണ്ട് വലിയ കീറാമുട്ടികളായി വളരുവാൻ ഇടയാകരുത്. മാതാവും പിതാവും ആകുക എന്നതാണ് മനുഷ്യവ്യക്തിത്വത്തിലെ ഏറ്റവും വലിയ ഉത്തരവാദിത്വം എന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. മറ്റെല്ലാ ഉത്തരവാദിത്തങ്ങളെയും ഇതിനുവേണ്ടി അല്പം മാറ്റിവയ്ക്കുന്നതിൽ അപാകതയൊന്നുമില്ല.

**കുട്ടികളുടെ അദ്ധ്യാപകരുമായി നല്ല ബന്ധം സൂക്ഷിക്കാൻ കഴിയണം**

കുട്ടികളുടെ അദ്ധ്യാപകരുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ മാതാപിതാക്കൾക്കു കഴിയണം. കുട്ടികളുടെ സ്വഭാവത്തിലോ സംസാരത്തിലോ കാണപ്പെടുന്ന വ്യതിയാനങ്ങൾ അവരുടെ അദ്ധ്യാപകരുമായി തുറന്ന് ചർച്ച ചെയ്യുന്നത് ഉചിതമാണ്. കുട്ടികളുടെ അദ്ധ്യാപകരുമായി എപ്പോഴും നല്ല സൗഹൃദ ബന്ധമാണ് ഏറെ അഭികാമ്യം. കുട്ടികളുടെ ആവലാതികൾകേട്ട് അവരുടെ അദ്ധ്യാപകർക്കെതിരെ പരാതിയുമായി ഹെഡ്മാസ്റ്ററെയോ, പ്രിൻസിപ്പലിനെയോ സമീപിക്കുന്നതിന് മുമ്പ് അതാത് അദ്ധ്യാപകരോട്

തന്നെ വ്യക്തമായി ആരാഞ്ഞ് വസ്തുതകൾ ശരിയായി മനസ്സിലാക്കുന്നത് ഉചിതമായിരിക്കും. ഭൂരിപക്ഷം അദ്ധ്യാപകരും തങ്ങളുടെ വിദ്യാർത്ഥികളുടെ ശോഭനമായ ഭാവിക്കുവേണ്ടി ത്യാഗപൂർവ്വം സേവനം ചെയ്യുന്നവരാണെന്നതിൽ രണ്ടുപക്ഷമില്ല. വീട്ടിൽ കുട്ടികൾ അഭിമുഖീകരിക്കേണ്ടിവരുന്ന ചില പ്രശ്നങ്ങളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും അവയ്ക്ക് കാരണമായ സാഹചര്യങ്ങളെക്കുറിച്ചും അദ്ധ്യാപകരോട് തുറന്ന് പങ്കുവയ്ക്കുന്നത് നന്നായിരിക്കും. ഇത് അദ്ധ്യാപകർക്ക് കുട്ടികളെ ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിനും അവരുടെ ബുദ്ധിമുട്ടുകളോട് അനുഭാവപൂർവ്വം പെരുമാറുന്നതിനും അതുവഴി അവരുടെ പരിശീലനം പ്രത്യേക ശ്രദ്ധയോടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏറെ സഹായിക്കും.

**സാമൂഹികബന്ധങ്ങൾ വളർത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കണം**

കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കേണ്ടത് വെറും അക്കാദമിക പരിശീലനത്തിനു മാത്രമല്ല, മനുഷ്യബന്ധങ്ങൾ രൂപപ്പെടുന്നതിന്റെ പരിശീലനവും അവിടെ കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ മാതാപിതാക്കൾക്കാകണം. നല്ല മൂല്യങ്ങൾ സ്വായത്തമാക്കുന്നതിനുള്ള അവസരങ്ങൾ ആവോളം കുട്ടികൾക്കുണ്ടാക്കി കൊടുക്കുവാൻ നമുക്ക് സാധിക്കണം. ഒരു സ്പോഞ്ച് കഷണം ജലം ആഗീരണം ചെയ്യും പോലെ ശൈശവത്തിലും ബാല്യത്തിലും കൗമാരത്തിലും കുട്ടികൾ മൂല്യങ്ങളും ആദർശങ്ങളും മാതാപിതാക്കളിൽനിന്നും അദ്ധ്യാപകരിൽനിന്നും കണ്ടുപഠിക്കും എന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. ചിട്ടയായ ജീവിതക്രമത്തിലൂടെയാണ് ഇതിന് തുടക്കം കുറിക്കേണ്ടത്. പ്രഭാതത്തിൽ കൃത്യസമയത്ത് ഉണരുന്നതിനും രാത്രിയിൽ കൃത്യസമയത്ത് ഉറങ്ങുന്നതിനും കുട്ടികൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. കൃത്യമായ ഭക്ഷണസമയം, ഭക്ഷണക്രമം തുടങ്ങിയവ പരിശീലിപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നത് നന്നാണ്.

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും കുട്ടികൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. അതിഥികളെ സ്വീകരിക്കുന്നതിനും അവരുമായി സംഭാഷണം നടത്തുന്നതിനുമുള്ള പ്രാഥമിക പരിശീലനം കുട്ടികൾക്ക് തങ്ങളുടെ വീടുകളിൽനിന്നല്ലാതെ മറ്റൊരിടത്തുനിന്നും ലഭിക്കുകയില്ല എന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്. നോട്ടത്തിലും സംസാരത്തിലുമൊക്കെ മറ്റുള്ളവരെ വേദനിപ്പിക്കാതെ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കണം. തെറ്റ് ചെയ്താൽ മാപ്പുപറയാനും ഉപകാരങ്ങൾ സ്വീകരിക്കുമ്പോൾ കൃതജ്ഞത ഉള്ളവരായിരിക്കുന്നതിനുമുള്ള പരിശീലനം കുടുംബങ്ങളിൽനിന്നുതന്നെ കൊടുക്കണം. ഈ പരിശീലനങ്ങളിലെല്ലാം പ്രധാന പങ്കുവഹിക്കുന്നത് നമ്മുടെ മാതൃകയാണെന്നത് നമുക്ക് വിസ്മരിക്കാതിരിക്കാം.

**സ്വയം പര്യാപ്തതയിലേക്ക് വളരുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകണം.**

കുട്ടികൾക്ക് സ്വയം ചെയ്യാവുന്നവ അവരെക്കൊണ്ടു തന്നെ ചെയ്യിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം അവരുടെ കഴിവുകൾ കണ്ടെത്തി അവ വളർത്തുന്നതിനുമുള്ള ശ്രദ്ധ മാതാപിതാക്കളുടെ ഭാഗത്തുനിന്നും അനിവാര്യമാണ്. കുട്ടികൾ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുമ്പോൾ അവരെ അഭിനന്ദിക്കുന്നതിന് അല്പം പോലും അമാന്തം കാട്ടരുത്. അതേക്കുറിച്ച് അഭിമാനപൂർവ്വം അവരോടും മറ്റുള്ളവരോടും പങ്കുവയ്ക്കുകതന്നെ വേണം. സ്വയം വസ്ത്രം ധരിക്കാനും സ്കൂൾ ബാഗ് തയ്യാറാക്കാനും രാവിലെ വിളിച്ചെഴുന്നേൽപ്പിക്കുന്നതിന് പകരം സ്വയം അലാറം സെറ്റ് ചെയ്ത് ഉണരുന്നതിനും ഒക്കെയുള്ള പരിശീലനം ഇവിടെ പ്രാധാന്യം അർഹിക്കുന്നു. സ്വയം ഭക്ഷണം കഴിക്കാവുന്നതു മുതൽ അതിനവരെ പ്രാപ്തരാക്കണം. സ്കൂളിലെ ഹോംവർക്കുകളും മറ്റ് പ്രോജക്ട് വർക്കുകളും സ്വയം ചെയ്യാൻ അവരെ പ്രേരിപ്പിക്കണം. എല്ലാം ചെയ്തു കൊടുക്കുന്നതുവരെ കാത്തിരിക്കാതെ ഉത്തരവാദിത്തങ്ങൾ സ്വയം ഏറ്റെടുത്ത് ചെയ്യുവാൻ അവരെ പ്രാപ്തരാക്കണം. അലക്കാനുള്ള തുണികൾ ശേഖരിക്കുക, ഡൈനിംഗ് ടേബിൾ വൃത്തിയാക്കുക, അതിഥികളെ സ്വീകരിക്കുക തുടങ്ങിയ ജോലികളൊക്കെ ചെയ്യാൻ പരിശീലിപ്പിക്കുന്നതിലൂടെ ഈ ഉത്തരവാദിത്തങ്ങളിലേക്ക് അവരെ വളർത്താൻ കഴിയും. സർവ്വോപരി വീട്ടിലേക്ക് കടന്നുവരുന്നവരെ അഭിവാദനം ചെയ്യാനും തിരികെ യാത്രയയ്ക്കാനും കുട്ടികൾ പരിശീലിപ്പിക്കപ്പെടണം.

**കുട്ടികളുമായി സമ്പർക്കം പുലർത്തുന്നതിന് ഏറെ സമയം കണ്ടെത്തണം.**

നമ്മോട് സംസാരിക്കുന്നതിന് കുട്ടികൾക്ക് യാതൊരുവിധത്തിലുള്ള സങ്കോചമോ ഭയമോ തോന്നാത്തവിധത്തിലുള്ള ബന്ധമായിരിക്കണം കുട്ടികളുമായി നമുക്കുണ്ടാകേണ്ടത്. എന്തും തുറന്നുപറയുന്നതിനും പങ്കുവയ്ക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും ആർജ്ജവത്വവും കുട്ടികൾക്ക് നമ്മോടനുഭവപ്പെടണം. ഇതിന് സമയം കണ്ടെത്തുന്നതിന് നാം അല്പംപോലും ലുബ്ധ് കാട്ടരുത്. കുട്ടികൾക്കുവേണ്ടി അല്പനേരം നമ്മുടെ ടെലിവിഷനും ലാപ്ടോപ്പും മൊബൈൽഫോണുമൊക്കെ സ്വിച്ച് ഓഫ് ചെയ്യുന്നതിനുള്ള ഹൃദയവിശാലത നമുക്കുണ്ടാകുന്നത് അഭികാമ്യമാണ്. കുട്ടികളെ അകാരണമായി കുറ്റപ്പെടുത്തി ബന്ധത്തിന്റെ ഊഷ്മളത നഷ്ടപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കൃത്യമായ ഇടവേളകളിൽ കുട്ടികളുമായി സംസാരിക്കുന്നതിനും ഇടപഴകുന്നതിനും സാധിക്കണം. കുട്ടികൾ മറ്റുള്ളവരോട് പ്രകടമാക്കേണ്ട ഭാഷാശൈലിയും ശരീരഭാഷയും ഇതുപോലുള്ള അവസരങ്ങളിൽ അവ

രുടെ മുൻപിൽ പ്രകടമാക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ സ്നേഹം ഉള്ളിലൊതുക്കാതെ അത് പ്രകടമാക്കുകയും ശാസിക്കേണ്ട അത്യാവശ്യസന്ദർഭങ്ങളിൽ അത് ചെയ്യുകയും വേണം. സ്നേഹം പങ്കുവയ്ക്കുവാനും കുട്ടികളുടെ കൊച്ച് കൊച്ച് ആവലാതികൾ മനസ്സിലാക്കുവാനും തിരുത്തലുകൾ തക്കസമയത്ത് നൽകുവാനും ഇതുപോലുള്ള സമ്പർക്കവേളകളിലൂടെ സാധിക്കണം. ഇതിനുവേണ്ടി കണ്ടെത്തുന്ന സമയം ഭാവിയിലേക്കുള്ള വലിയ നിക്ഷേപമാണെന്ന തിരിച്ചറിവ് മാതാപിതാക്കൾക്കുണ്ടാകണം.

**ഉപസംഹാരം**

ചുരുക്കത്തിൽ കുട്ടികളോടുള്ള നമ്മുടെ സമീപനം സൗഹാർദ്ദപരവും സ്നേഹനിർഭരവും ആയിരിക്കണം. തുറകണ്ണുകളോടെ നമ്മുടെ കുട്ടികളെ വീക്ഷിക്കുവാൻ നമുക്ക് സാധിക്കണം. അവരുടെ വിഷമതകൾ മറ്റുള്ളവർ പറഞ്ഞറിയുന്നതിനുമുമ്പ് അവ കണ്ടെത്താൻ നമുക്ക് കഴിയണം. കുട്ടികളുടെ അദ്ധ്യാപകരുമായി മികച്ച ഹൃദയബന്ധം സൂക്ഷിക്കുന്നതിനും മാതാപിതാക്കൾക്കാകണം. അക്കാദമിക പരിശീലനത്തോടൊപ്പം സാമൂഹിക മൂല്യങ്ങളും ബന്ധങ്ങളും വളർത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കണം. സ്വയംപര്യാപ്തതയിലേക്കുയർത്താനും കഴിയണം. കുട്ടികളോട് സൗഹാർദ്ദപരമായ സമ്പർക്കം പുലർത്തുന്നതിൽ മാതാപിതാക്കൾക്ക് പിശുക്ക് ഒഴിവാക്കാം. ഇപ്രകാരം പ്രകാശമാനമായ വ്യക്തിത്വങ്ങളിലൂടെ സമൂഹത്തിന് മികച്ച സംഭാവനകൾ നൽകുന്ന കുട്ടികളെ രൂപപ്പെടുത്തുന്നതിന് നമുക്ക് സാധിക്കട്ടെ. ●

---

*(ഇടയശബ്ദം തുടർച്ച)*

ആകെകൂടി ഒരു വ്യത്യാസംമാത്രം. അവർ ബുദ്ധികൊണ്ട് വ്യാഖ്യാനിക്കുന്നു. എന്നാൽ ഈ ബുദ്ധി അപകടകാരിയാണ്. ബുദ്ധിമാത്രമല്ല മനുഷ്യർക്കുള്ളത്, വികാരങ്ങളുണ്ട്, ബന്ധങ്ങളുണ്ട്, വിശ്വാസവും, ആചാരങ്ങളുമുണ്ട്. ഏതുപ്രസ്ഥാനവും ലിഖിതവും അലിഖിതവുമായ ചില അടിസ്ഥാനങ്ങളിൽ ചരിക്കുന്നവയാണ്. ചിലപ്പോൾ ബുദ്ധിക്കതു മനസിലാക്കാൻ പ്രയാസമായിരിക്കും. ഉദാഹരിച്ചാൽ നമ്മുടെ ഈ കൊച്ചുകേരളത്തിൽ പുരോഗമനചിന്തകളും നൂറുശതമാനം സാക്ഷരതയും ഉള്ളപ്പോൾപോലും ഒരു സ്ത്രീ ഇതുവരെ നമ്മുടെ മുഖ്യമന്ത്രി ആകുകയോ പോലീസ് മേധാവി ആകുകയോ ചെയ്തിട്ടുണ്ടോ? എന്തുകൊണ്ടായില്ല എന്നുചോദിക്കുമ്പോൾ നമുക്ക് എന്തു മറുപടിയാണുള്ളത്? അമേരിക്കൻ ഐക്യനാടുകളിൽ ഇതുവരെയും ഒരു വനിത പ്രസിഡണ്ടായിട്ടില്ല. അവയ്ക്കൊന്നും ഒരു നീതീകരണവും പറയാനില്ല. അതിന് മതങ്ങളിൽ കാണുന്ന ആചാരങ്ങളുടെയോ അനുഷ്ഠാനങ്ങളുടെയോ വ്യാഖ്യാനങ്ങളുടെയത്രപോലും പിൻബലവുമില്ല. അതുകൊണ്ട് നാം തിരിച്ചറിയണം: ഒരു സുപ്രഭാതത്തിൽ മാറ്റിമറിയ്ക്കാവുന്നതല്ല ആചാരങ്ങൾ. അവയെ വ്യാഖ്യനിക്കുന്നതിന് പണ്ഡിതർ കൊടുത്തിട്ടുള്ള ഉത്തരങ്ങൾ പരിമിതമാകാം. എന്നാൽ അവയ്ക്കൊന്നും അർത്ഥമില്ല എന്നതരത്തിൽ തള്ളിക്കളയുവാൻ സാധിക്കുകയില്ല.

മതത്തിലും ദൈവാരാധനയിലും നിലനിൽക്കുന്ന യുക്തി സാമാന്യമനുഷ്യയുക്തിയിൽ നിന്നും വ്യത്യസ്തമാണ്. നിവേദ്യമർപ്പിക്കുന്നതും, ശ്രീകോവിലിൽ നട തുറക്കുന്നതും മണി അടിക്കുന്നതും, ധൂപം അർപ്പിക്കുന്നതും, വിശിഷ്ടമായ തിരുവസ്ത്രങ്ങൾ അണിയുന്നതും, അണിയാത്തതും, ബലിവസ്തുക്കളായ അപ്പം, വീഞ്ഞ് തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ആരാധനാവിധിയുടെ ഒരു യുക്തിയുണ്ട്. ഹൃദയംകൊണ്ടും ആത്മാവുകൊണ്ടും ആ മേഖലയിലേക്കു പ്രവേശിക്കുമ്പോഴാണ് അതിന്റെ യുക്തി മനസിലാകുക. മോശ ഫറവോയോടു പറയുന്നു: യിസ്രായേൽ ജനതയെ മുഴുവനും മൂന്ന് ദിവസത്തെ യാത്രദൂരം ചെന്ന് മരുഭൂമിയിൽ ദൈവത്തെ ആരാധിക്കുവാനായി വിട്ടു തരണമെന്ന്. ഫറവോ ചോദിക്കുന്നത് ഈ നാട്ടിൽ എത്രയോ സ്ഥലങ്ങളുണ്ട്, അവിടെ പോയി ആരാധിക്കാൻ പറ്റില്ലേ എന്നാണ്. മോശ പറയുന്നു: ദൈവം പറഞ്ഞതുപോലെ മാത്രമെ ദൈവത്തെ ആരാധിക്കാവൂ. ഇന്ന് ആരാധനയുടെ മേഖലയിൽ ആർക്കും എന്തും പറയാം, എന്തും ചെയ്യാം എന്തുമാകാം എന്നുള്ള അപകടകരമായ ശൈലി കടന്നുവരുന്നു. ഇത് മനുഷ്യന്റെ യുക്തിയുടെ അതിപ്രസരത്തിലുള്ള ശൈലികളാണ്. വാളെടുക്കുന്നവനൊക്കെ വെളിച്ചപ്പാടാകുന്ന ശൈലി - വെളിച്ചം പകരാൻ കഴിയാത്ത വെളിച്ചപ്പാടുകൾ !

ദൈവസൃഷ്ടികളെയെല്ലാം നാം ഒരേപോലെ മാനിക്കേണ്ടതാണ്. സ്ത്രീയും പുരുഷനും ഒരുപോലെ ദൈവസൃഷ്ടികൾതന്നെ. അവർക്കിരുവർക്കും അവരവരുടേതായ പ്രത്യേകതകളും ദൗത്യങ്ങളും പ്രാധാന്യവുമുണ്ട്. അവ മാറ്റി മറിയ്ക്കുന്നതിനോ തകിടം മറിയ്ക്കുന്നതിനോ ശ്രമിക്കാതെ സ്ത്രീപുരുഷ പൂരകാംശത്തെ മുറുകെ പിടിക്കാൻ ശ്രമിക്കണം. വെല്ലുവിളിയിലേയ്ക്കും അനുഷ്ഠാനങ്ങളെ ഏതു വിധേനയും എതിർക്കണമെന്ന ശൈലിയിലേക്കും കാര്യങ്ങൾ നീങ്ങുന്നത് ആർക്കും ഗുണകരമല്ല. ജനാധിപത്യകാംക്ഷികളും സമാധാനപ്രിയരുമായ ജനത്തെ അസ്വസ്ഥതകളുടെ മുൾമുനയിൽ നിർത്തി കാര്യങ്ങൾ സാധിക്കുവാനുള്ള സ്വാർത്ഥമതികളുടെ ലക്ഷ്യങ്ങളെ നാം മനസിലാക്കേണ്ടിയിരിക്കുന്നു. പുറമേ കാണുന്നതിൽ നിന്നും ഏറെ വിദൂരത്തിലാണ് സത്യം. നന്മയിൽ കുതിർന്ന പക്വതയാർന്ന അന്വേഷണമാണ് കരണീയം. അപ്പോൾ ആരാധന സത്യത്തിലും ആത്മാവിലും ഉള്ളതാകും. ●

# Matrimonial

## Matrimony - M 266

മലങ്കര കത്തോലിക്ക യുവാവ്, 34/165 cm, മാരുതി വർക്ക്ഷോപ്പ് ഫിറ്റർ, ഡിമാൻഡ് ഇല്ല. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9744865733, 7025913958

## Matrimony - M 267

Malankara Catholic Parents invite proposals for their daughter 24/170, doing MS Orthopedics, from Catholic Parents of postgraduate Doctors/doing postgraduation. Contact : 9447045320, 9961812141

## Matrimony - M 268

മലങ്കര കത്തോലിക്ക യുവതി, മൂവാറ്റുപുഴ രൂപത, 25/158, Msc, doing B.Ed ദൈവഭയമുള്ള മലങ്കര കത്തോലിക്ക യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9495527192, 9446345554

## വിവാഹ ഒരുക്ക സെമിനാർ 2018

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469–2603968, 9447823752**

| | | |
|---|---|---|
| തീയതി : നവംബർ | – | 6,7,8 – 20,21,22 |
| ഡിസംബർ | – | 4,5,6 – 18,19,20 |
| 2019 ജനുവരി | – | 8,9,10 – 22,23,24 |
| 2019 ഫെബ്രുവരി | – | 5,6,7 – 19,20,21 |

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

**ഓർമ്മ തിരുനാൾ**
**നവംബർ 03**



അഭി. പൗലോസ്
മാർ പീലക്സിനോസ്

**നാമഹേതുക തിരുനാൾ**
**നവംബർ 13**



അഭി. യൂഹാനോൻ
മാർ ക്രിസോസ്റ്റം

## പ്രധാനപ്പെട്ട ദിവസങ്ങൾ : നവംബർ

| | | |
|---|---|---|
| നവംബർ 01 | – | സകല വിശുദ്ധന്മാരുടെയും ഓർമ്മ |
| നവംബർ 04 | – | കൂദോശ് ഈത്തോ ഞായർ (സഭയുടെ വിശുദ്ധീകരണം) ആരാധനക്രമ വത്സരാരംഭം |
| നവംബർ 11 | – | ഹുദോസ് ഈത്തോ ഞായർ (സഭയുടെ നവീകരണം) |
| നവംബർ 18 | – | സാമൂഹ്യ സമ്പർക്ക മാധ്യമദിനം |
| നവംബർ 21 | – | പ. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം |





# എലൈറ്റ്
ഫർണിച്ചർ
## ഫർണിച്ചർ പാർക്ക്

**കോയിക്കൽ ബിൽഡിംഗ്, എം.സി. റോഡ്, മുത്തൂർ ജംഗ്ഷൻ, തിരുവല്ല**

**ഫോൺ : 9947636627**



വുഡ്, സ്റ്റീൽ, ഓഫീസ് ഫർണിച്ചർ, പ്ലാസ്റ്റിക് ഐറ്റംസ്, ഇംപോർട്ടഡ് ഫർണിച്ചർ.... ഹോൾ സെയിൽ വിലയ്ക്ക്.

ഓർഡർ അനുസരിച്ച് ചെയ്ത് കൊടുക്കപ്പെടും


**ഉപകാരസ്മരണ**



ഷാജി തേലപ്പുറത്ത്

**ഉപകാരസ്മരണ**



ഒരു വിശ്വാസി തിരുവല്ല



# എങ്ങനെയാണ് പഠിക്കേണ്ടത്?



**ബിനു കണ്ണന്താനം**
**(പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനർ**
**ഫോൺ: 9447212780)**

നമ്മുടെ കുട്ടികൾ പഠനത്തിനുവേണ്ടി വളരെയേറെ എഫോർട്ട് എടുക്കുന്നുണ്ട്. പക്ഷേ പലപ്പോഴും അത് റിസൽട്ടിലേയ്ക്ക് വരുന്നില്ല. ഇതിനു കാരണം, പഠനരീതി ശരിയല്ലയെന്നതു തന്നെയാണ്. ശരിയായ പഠന രീതി അവലംബിച്ചാൽ 15–20 ശതമാനം മാർക്ക് കൂടുതൽ വാങ്ങാൻ സാധിക്കും. അതിനുള്ള ആദ്യ ഒരുക്കം പഠനമുറിയിൽ നിന്നു തന്നെ ആരംഭിക്കണം. പഠനമുറി വൃത്തിയും, വെടുപ്പും വെളിച്ചവും, വായു സഞ്ചാരവുമുള്ളതായിരിക്കണം. ഒരു സാധനവും വലിച്ചു വാരിയിടരുത്. എല്ലാം അതാതിന്റെ സ്ഥാനത്ത് കൃത്യമായി വയ്ക്കുക. പുസ്തകങ്ങൾ ഷെൽഫുകളിൽ ഭംഗിയായി അടിക്കിവയ്ക്കുക. സ്റ്റഡിറ്റേബിളിൽ ഏതു വിഷയമാണോ പഠിക്കുന്നത് ആ പുസ്തകവും ബുക്കും അനുബന്ധ കാര്യങ്ങളും മാത്രമേ കാണാവൂ. അല്ലാതെ പല പുസ്തകങ്ങളുടെ മുമ്പിലിരുന്നു പഠിച്ചാൽ കെമിസ്ട്രിയാണ് പഠിച്ചുകൊണ്ടിരിക്കുന്നത് അപ്പോൾ മേശപ്പുറത്തിരിക്കുന്ന ഫിസിക്സ് പുസ്തകം കാണുമ്പോൾ അയ്യോ ഫിസിക്സ് ഒത്തിരി പഠിക്കാനുണ്ടല്ലോ എന്ന ചിന്തവരും. തൽഫലമായി കെമിസ്ട്രി പഠനത്തിൽ നിങ്ങളുടെ ഏകാഗ്രത നഷ്ടപ്പെടും. പഠനമുറിയിൽ ആവശ്യമില്ലാത്ത ഫോട്ടോ, മറ്റു പടങ്ങൾ വയ്ക്കരുത്. പലപ്പോഴും കുട്ടികൾ സ്റ്റഡിലീവിനാണ് പഠിക്കുന്നത്. ഇപ്രകാരമാണ് രണ്ടു ദിവസം ഒരു വിഷയം. പിന്നെ രണ്ടു ദിവസം മറ്റൊരു വിഷയം ഈ രീതിയിലാണ് പഠനം. ഇങ്ങനെ പഠിച്ചാൽ ഒന്നും തലയിൽ ഇരിക്കില്ല. ഒരു വിഷയം തുടർച്ചയായി ഒന്നര മണിക്കൂറിൽ കൂടുതൽ പഠിക്കരുത്. ഒന്നര മണിക്കൂർ പഠിച്ചശേഷം 15 മിനിറ്റ് വിശ്രമമെടുക്കുക. വെള്ളം കുടിക്കുക, തണുത്ത വെള്ളത്തിൽ മുഖം കഴുകുക, സ്വല്പം നടക്കുക, പാട്ടു കേൾക്കുക മുതലായവ. ഈ സമയത്ത് സീരിയലുകളും മറ്റും കാണാൻ ശ്രമിക്കരുത് കാരണം, തുടർന്നുള്ള പഠനസമയത്ത് ഈ സീരിയലിന്റെ ഭാഗങ്ങൾ നിങ്ങളുടെ മനസ്സിലേയ്ക്ക് കടന്നു വരുകയും അത് നിങ്ങളുടെ പഠനത്തിന്റെ ഏകാഗ്രതയെ നശിപ്പിക്കുകയും ചെയ്യും. ഒരേ ഇരുപ്പ് ഇരുന്നു കൊണ്ട് പഠിക്കുന്നതിനേക്കാൾ നടന്നു കൊണ്ടു മറ്റും പഠിക്കുന്നതാണ് നല്ലത്. ശരീരമുപയോഗിച്ചു പഠിക്കുന്ന കാര്യങ്ങൾ ദീർഘനാൾ മറക്കില്ല. അതുകൊണ്ടാണ് സൈക്കിൾ കയറ്റം പഠിച്ചാൽ, നീന്താൽ പഠിച്ചാൽ പിന്നീട് ഒരിക്കലും മറന്നു പോകാത്തത്.

നമ്മുടെ ബ്രയിന് ഇടതുവശം, വലതുവശം ഇങ്ങനെ രണ്ടു ഭാഗങ്ങളുണ്ടല്ലോ. പഠിക്കുന്ന കാര്യങ്ങൾ ഇടതുവശത്തേയ്ക്കാണ് പോകുന്നതെങ്കിൽ പെട്ടെന്ന് മറന്നു പോകും. മറിച്ച് വലതുവശത്താണ് സ്റ്റോറു ചെയ്യുന്നതെങ്കിൽ ദീർഘനാൾ ഓർത്തിരിക്കും. എങ്ങനെയാണ് ഇടതുവശത്തേയ്ക്കും, വലതു വശത്തേയ്ക്കും പോകുന്നത്. നാം എട്ടു പേജുള്ള ഒരു പത്രം പതിനഞ്ചുമിനിറ്റുകൊണ്ടു വായിച്ചു തീർക്കുന്നു. കുറെ കഴിയുമ്പോൾ എല്ലാം മറന്നു പോകുന്നു. കാരണം അത് ഇടതുവശത്തേയ്ക്കാണ് പോയത്. പാഠ്യഭാഗങ്ങൾ ഇതുപോലെയല്ല പഠിക്കേണ്ടത്. ആദ്യമേ തന്നെ കുട്ടികൾ ഒരു കാര്യം മനസ്സിലാക്കുക. അപ്പനേയും അമ്മയേയും ബോധ്യപ്പെടുത്തുവാൻ വേണ്ടിയല്ല പഠിക്കേണ്ടത്. ഇത് എന്റെ ആവശ്യമാണ്. ഇനി ഏതാനും നാൾ കഴിയുമ്പോൾ ജീവിതമാകുന്ന ഒരു യുദ്ധഭൂമിയിലേയ്ക്ക് ഇറങ്ങേണ്ടവനാണ് ഞാൻ. ആ യുദ്ധ ഭൂമിയിൽ വിജയിക്കുവാൻ വേണ്ടത് ആയുധമാണ്. ആ യുദ്ധഭൂമിയിലെ ഏറ്റവും വലിയ വജ്രായുധമാണ് എന്റെ ഈ വിദ്യാഭ്യാസം എന്ന ബോധ്യം മനസ്സിനെ പഠിപ്പി

ക്കുക. പഠിക്കാൻ തുടങ്ങുന്നതിനു മുമ്പ് എത്ര പേജുകളാണ് ഇപ്പോൾ പഠിച്ചു തീർക്കാൻ പോകുന്നതെന്ന് തീരുമാനിക്കുക. അതുമാത്രം ലക്ഷ്യമിടുക. ''വിഭജിച്ച് കീഴടക്കുക എന്ന തന്ത്രം''. പിന്നെ മനസിൽ കാണുക. ഇപ്പോൾ പഠിക്കാൻ പോകുന്നത് പരീക്ഷയ്ക്കു വരുന്നു. എനിക്ക് നന്നായി എഴുതുവാൻ സാധിക്കുന്നു. മുഴുവൻ മാർക്കും ലഭിക്കുന്നു. അങ്ങനെ ചിന്തിച്ചാൽ പെട്ടെന്ന് മനസിൽ കയറും. പരീക്ഷ ഹാളിൽ നഷ്ടപ്പെടുത്തുന്ന ഓരോ സെക്കന്റും, വിലയേറിയതാണ് എന്ന ബോധ്യം വേണം. പലപ്പോഴും കുട്ടികൾ ഉത്തരമെഴുതി വരുമ്പോൾ അടുത്ത ഒരു വാക്ക് അല്ലെങ്കിൽ സെന്റൻസ് ഓർമ്മയിൽ കിട്ടാതെ വളരെയേറെ സമയം പാഴാക്കിക്കളയാറുണ്ട്. ഇതു കിട്ടിയാലേ ബാക്കി എഴുതുവാൻ സാധിക്കുന്നുള്ളു. പക്ഷേ, അതു കിട്ടുന്നില്ല. ഇതുപോലെ കടുകട്ടിയായുള്ള വാക്കുകളും സെന്റൻസുകളും ഡയറക്ട് നമ്മുടെ മെമ്മറിയിലേയ്ക്ക് കയറ്റാതെ അതിനോട് ഫെമിലിയറായ പിക്ച്ചർ, നെയിം, ഇൻസിഡന്റ് തുടങ്ങിയവയുമായി ടൈ-അപ്പ് ചെയ്ത് നമ്മുടെ മെമ്മറിയിലേയ്ക്ക് കയറ്റുക. അപ്പോൾ ഈ ഫെമിലിയർ പിക്ച്ചറിൽ നിന്നോ, നെയിമിൽ നിന്നോ, ഇൻസിഡന്റിൽ നിന്നോ ഉത്തരത്തിലേയ്ക്ക് പെട്ടെന്ന് എത്താൻ സാധിക്കും. അതായത് ക്വിസ് മത്സരത്തിന് ഒരു ''ക്ലൂ'' കിട്ടിയാൽ പെട്ടെന്ന് ഉത്തരത്തിലേയ്ക്ക് എത്തുംപോലെ. വൈകിട്ട് വളരെ നേരം ഇരിന്നു പഠിക്കുന്നതിന്റെ നാലിരട്ടി പ്രയോജനം ചെയ്യും രാവിലെ നാലുമണി മുതൽ ആറുമണിമ വരെയുള്ള പഠനം. രാവിലെ മുതൽ വൈകിട്ടു വരെ ജോലി ചെയ്ത മനസ്സും ശരീരവുമായി നാം പഠിക്കാനിരുന്നാൽ പകലത്തെ പല പ്രശ്നങ്ങളും ചിന്തകളും കടന്നു വന്ന് ഏകാഗ്രത നശിപ്പിക്കും. വൈകിട്ട് നേരത്തെ കിടന്ന് രാവിലെ എഴുന്നേൽക്കുക. അപ്പോൾ ബ്രയിൻ നല്ല എനർജി, ഹെൽത്തി ആയിരിക്കും. പഠിച്ച കാര്യങ്ങൾ മനസ്സിൽ കണ്ടുകൊണ്ട് ഉറങ്ങാൻ കിടക്കുക. ഉത്തരം മുഴുവൻ കിട്ടിയില്ലായെങ്കിൽ എഴുന്നേറ്റ് ഒന്നു കൂടി വായിച്ചശേഷം ഉറങ്ങുക. നേരം വെളുക്കുമ്പോൾ ഈ ഉത്തരം ഉപബോധ മനസ്സ് നന്നായി പഠിച്ചിരിക്കും. അതുകൊണ്ടാണ് പല മഹാ ാരും പറഞ്ഞിട്ടുള്ളത് ''ഉത്തരം കിട്ടാത്ത ചിന്തകളുമായി ഉറങ്ങാൻ കിടന്നാൽ നേരം വെളുക്കുമ്പോഴത്തേയ്ക്കും ഉത്തരം കിട്ടിയിരിക്കും'' എന്ന്. ഇത്രയും കാര്യങ്ങളാണ് ഒരു വിദ്യാർത്ഥി വീടു കേന്ദ്രീകരിച്ചു ചെയ്യേണ്ടത്. ഇനി പരീക്ഷയെഴുതുവാൻ പുറപ്പെടുകയാണ്. കപ്പ, കിഴങ്ങ് വർഗ്ഗത്തിലുള്ളവ കഴിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ഇവ കഴിച്ചാൽ കുറേ സമയത്തേയ്ക്ക് ചെറിയ മന്ദത അനുഭവപ്പെടും. അത് മാർക്ക് കുറയാൻ ഇട വരുത്തും. പരീക്ഷയ്ക്കു പോകുമ്പോൾ രണ്ടു സ്പൂൺ തേൻ കഴിച്ചിട്ടു പോകുക. ഓർമ്മശക്തി വർദ്ധിക്കും. ഉച്ചയ്ക്ക് ഒരുകപ്പ് തൈര് കുടിക്കുക. ഉച്ചകഴിഞ്ഞത്തെ ക്ഷീണം ഇല്ലാതാകും.


നാലുമണി കാപ്പിക്ക് ചെറുപയർ പുഴുങ്ങിയത് പഠിക്കുന്ന കുട്ടികൾക്ക് വളരെ നല്ലതാണ്. ശരിയായി പ്രാത്ഥിച്ച് ഒരുങ്ങി പരീക്ഷയ്ക്കാവശ്യമായവ എല്ലാം എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് അര മണിക്കൂർ മുമ്പെങ്കിലും പരീക്ഷ ഹാളിൽ ചെല്ലുക. പിന്നീട് കൂട്ടുകൂടി ചർച്ചകൾ ഒന്നും വേണ്ട. കഴിവതും ഒറ്റയ്ക്കിരിയ്ക്കുക. ചിലപ്പോൾ കൂട്ടുകാർ നമ്മേ ടെൻഷൻ പിടിപ്പിച്ചെന്നിരിക്കും. ശാന്തമായ മാനസ്സികാവസ്ഥയിൽ മാത്രമേ നമ്മുടെ ബുദ്ധി ശരിയായി പ്രവർത്തിക്കൂ എന്ന ഓർമ്മ വേണം. പരീക്ഷ ഹാളിൽ കയറി ഇരുന്നാൽ പേപ്പർ ലഭിക്കുന്നതു വരെ പരീക്ഷ നന്നായി എഴുതുവാൻ സാധിക്കുന്നു, ഉന്നത മാർക്കു ലഭിക്കുന്നുവെന്ന് വിഷ്വലൈസ് ചെയ്യുക. ചോദ്യപേപ്പർ കിട്ടിയാലുടൻ ''+ല'' എന്നെഴുതിയതിനുശേഷം ചോദ്യം വായിച്ചു നോക്കുക. ഉന്നത മാർക്കു പ്രതീക്ഷിക്കുന്ന കുട്ടികൾ ഓർഡർ വൈസായി എഴുതുന്നതാണ് ഉത്തമം. കഷ്ടിച്ചു ജയിക്കുന്നവർ ആദ്യം അറിയാവുന്നത് എഴുതുക. ഓർഡറിൽ തന്നെ എഴുതിയാൽ പേപ്പർ നോക്കുന്നവർക്ക് കൂടുതൽ താല്പര്യം സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പഠനം തെളിയിച്ചിരിക്കുന്നത്.

എല്ലാ ചോദ്യത്തിനും ഉത്തരമെഴുതാൻ ശ്രമിക്കണം. ആദ്യത്തെ പേജ് ഏറ്റവും മനോഹരമാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. കൈയ്യക്ഷരത്തിന് വളരെയേറെ പ്രസക്തി ഉള്ള കാര്യം മറക്കാതിരിക്കുക. ലൈറ്റ് കളറുള്ള മഷി ഉപയോഗിക്കരുത്. നമ്മുടെ കുട്ടികൾക്കൊരു വിചാരമുണ്ട് ഒത്തിരി പേപ്പറിൽ ഉത്തരമെഴുതിയാൽ അതു വളരെ മിടുക്കാണ് എന്ന്. അതിൽ ഒരു കാര്യവുമില്ല. ഒരു പേജിൽ തീർത്താലും, അഞ്ചു പേജിൽ തീർത്താലും വേണ്ട പോയിന്റുണ്ടോ എന്നാണ് നോക്കുന്നത്. വാരി വലിച്ച് എഴുതാതിരിക്കുക.

ഒരു പരീക്ഷ കഴിഞ്ഞു വന്നാൽ അടുത്ത ദിവസത്തേ പരീക്ഷയ്ക്ക് ഒരുങ്ങുക. വിലയിരുത്തലുകളും മറ്റും എല്ലാ പരീക്ഷകളും കഴിഞ്ഞതിനു ശേഷം മാത്രം മതി. എപ്പോഴും ഒരു കാര്യമോർക്കുക. നിങ്ങൾ ചിന്തിക്കുന്നതിന് അപ്പുറം വളരാൻ നിങ്ങൾക്ക് സാധിക്കില്ല. അപ്പോൾ ചെറുതായി ചിന്തിക്കാതെ വലുതായി ചിന്തിക്കുക. ●



BABYCHEN
11-07-2003
KUNJAMMAMA
29-11-2003
BELOVED AMMACHY AND ACHACHEN 15TH DEATH ANNIVERSARY
CHILDREN AND GRANDCHILDREN
PANANGOTTETHU FAMILY, NIRANAM





ചിന്നു എൽസ ഐസക്ക്

# ആർച്ച് ബിഷപ്പ് ഓസ്കാർ റൊമേരോ

# പാവങ്ങളുടെ പക്ഷം ചേരുന്ന ധീരരക്തസാക്ഷി

‘നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി സ്വന്തം ജീവൻ നല്കുന്നു’ എന്ന നമ്മുടെ കർത്താവിന്റെ വാക്കുകൾ അക്ഷരം പ്രതി തന്റെ ജീവിതത്തിൽ അനുവർത്തിച്ച് രക്തസാക്ഷിത്വം വരിച്ച ദൈവികമനുഷ്യനാണ് ആർച്ച് ബിഷപ്പ് ഓസ്കാർ റൊമേരോ. തന്റെ മരണശേഷം ഏതാണ്ട് 38 വർഷത്തിനുള്ളിൽ, അതായത് കഴിഞ്ഞ ഒക്ടോബർ 14-ാം തീയതി, അദ്ദേഹം വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടു. മദ്ധ്യ അമേരിക്കയിലെ ഒരു കൊച്ചുരാജ്യമായ എൽസാൽവദോറിലെ ചിദാദ് ബാറേയോസ് എന്ന ഗ്രാമപ്രദേശത്ത് 1917 ആഗസ്റ്റ് 15-ാം തീയതിയാണ് അദ്ദേഹം ഭൂജാതനായത്. അദ്ദേഹത്തിന് 5 സഹോദരന്മാരും 2 സഹോദരിമാരും ഉണ്ടായിരുന്നു. പൗരോഹിത്യമാണ് തന്റെ വിളിയെന്ന് ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞ അദ്ദേഹം പൗരോഹിത്യ പരിശീലനം ആദ്യം സാൻസാൽവദോറിലും പിന്നീട് റോമിലും പൂർത്തിയാക്കി. 1942 ഏപ്രിൽ 4-ാം തീയതി റോമിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. ആദ്യത്തെ 20 വർഷക്കാലം തന്റെ രൂപതയിലെ പല ഇടവകകളിലും സ്തുത്യർഹമായ വിധം സേവനമനുഷ്ടിച്ചു. പിന്നീടദ്ദേഹം, സാൻ സാൽവദോർ സെമിനാരിയുടെ റെക്ടർ, എൽ സാൽവദോർ ബിഷപ്പ്സ് കോൺഫ്രൻസ് സെക്രട്ടറി എന്നീ നിർണ്ണായക സ്ഥാനങ്ങൾ അലങ്കരിച്ചു.

വി. പോൾ 6-ാമൻ മാർപ്പാപ്പ റൊമേരോയെ 1970ൽ സാൻ സാൽവദോറിലെ സഹായ മെത്രാനായി നിയമിച്ചു. തുടർന്ന് അദ്ദേഹം 1974ൽ സാന്റിയാഗോ രൂപതാ മെത്രാനാവുകയും അതിനുശേഷം 1977ൽ സാൻ സാൽവദോറിലെ ആർച്ചുബിഷപ്പായി തിരികെ വരികയും ചെയ്തു.

ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന ആ കാലയളവിൽ എൽ സാൽവദോറിലെ പാവപ്പെട്ട ജനങ്ങൾ ജന്മിമാരുടെയും ധനികരായ ഭരണവർഗ്ഗത്തിൽ നിന്ന് അനീതിയും കഷ്ടപ്പാടുകളും നിഷ്ഠൂരമായ പീഢനങ്ങളും അനുഭവിക്കേണ്ടതായി വന്നിരുന്നു. മനുഷ്യാവകാശ ധ്വംസനങ്ങളും അടിച്ചമർത്തലുകളും സർവ്വസാധാരണമായിരുന്നു. അവിടെയുണ്ടായിക്കൊണ്ടിരിക്കുന്ന ആഭ്യന്തരകലാപങ്ങളിൽ പതിനായിരക്കണക്കിന് ആളുകളാണ് കൊല്ലപ്പെട്ടിരുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടക്കുന്ന രാജ്യമാണ് എൽ സാൽവദോർ. ഈ രാഷ്ട്രീയ പശ്ചാത്തലത്തിൽ ആർച്ചുബിഷപ്പ് റൊമേരോയുടെ ഉറ്റസുഹൃത്തുക്കളിലൊരാളായ ഈശോസഭാവൈദികൻ റൊട്ടിലിയൊ ഗ്രാന്ദേയും അദ്ദേഹത്തോടൊപ്പം രണ്ടു ക്രൈസ്തവവിശ്വാസികളും ക്രൂരമായി വധിക്കപ്പെട്ടു. ഗവണ്മെന്റിനെതിരായി ജനങ്ങളെ ഇളക്കിവിട്ട് കലാപം സൃഷ്ടിക്കുന്നു എന്നാരോപിച്ചാണ് ഇവരെയെല്ലാം വധി

ച്ചത്. തന്റെ പ്രിയ സുഹൃത്തിന്റെ വധം ആർച്ചുബിഷപ്പ് റൊമേരോയെ ആഴത്തിൽ വേദനിപ്പിച്ചു. എന്നുമാത്രമല്ല ഈ സംഭവം അദ്ദേഹത്തെ ശരിക്കും പിടിച്ചുലച്ചു. ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിൽ വലിയ പ്രതിഷേധം ഇളക്കിവിട്ടു. പാവപ്പെട്ടവരും നിരാലംബരുമായ മനുഷ്യർക്കെതിരായി ഉയർന്നു വരുന്ന ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരായി ശബ്ദമുയർത്താനും ശക്തമായി പ്രതികരിക്കാനും ബിഷപ്പ് റൊമേരോ തന്റെ ജീവിതം സമർപ്പിച്ചു. അവരുടെ വേദനകൾ സ്വന്തം വേദനയായി സ്വീകരിച്ചു. തന്റെ സമയവും കഴിവുകളും ആരോഗ്യവും സ്വാധീനശക്തിയുമെല്ലാം അടിച്ചമർത്തപ്പെട്ട ജനങ്ങൾക്കായി മാറ്റിവച്ചു. അവരുടെ പ്രയാസങ്ങൾ കേൾക്കുവാനും അവരോടൊപ്പം സഹതപിക്കുവാനും പ്രാർത്ഥിക്കുവാനും അദ്ദേഹം മുന്നോട്ടിറങ്ങി. പാവപ്പെട്ട ജനങ്ങളുടെ പക്ഷം ചേരുന്ന ധീരനായ ഒരു ആർച്ചുബിഷപ്പിനെയാണ് നാം ഇവിടെ കാണുന്നത്.

ആർച്ചുബിഷപ്പ് റൊമേരോ തന്റെ പ്രസംഗങ്ങളിലൂടെയും റേഡിയോ പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ഭരണപക്ഷത്തിന്റെ അനീതിക്കും അസമത്വത്തിനും അനിയന്ത്രിതമായ പീഢനങ്ങൾക്കും കൊലപാതകപ്രവണതയ്ക്കും എതിരായി ശബ്ദമുയർത്തി. ദൈവവചനാധിഷ്ഠിതമായി വർത്തമാനകാല സംഭവങ്ങളെ വ്യാഖ്യാനിക്കുന്ന അദ്ദേഹത്തിന്റെ വാക്കുകളുടെ ശക്തിയും വ്യാപ്തിയും ജനങ്ങൾ തിരിച്ചറിഞ്ഞു. തന്റെ സുഹൃത്തായ റൊട്ടിലിയൊ ഗ്രാന്തെയെപ്പോലെ നന്മ ചെയ്യുന്നതിനുള്ള പ്രതിഫലം നിഷ്ഠൂര പീഢനവും മരണവുമാണെങ്കിൽ തന്റെ ജനത്തിനു നന്മ ചെയ്തുകൊണ്ടു താനും അതു സ്വീകരിക്കാൻ തയ്യാറാണെന്ന് ആർച്ചുബിഷപ്പ് റൊമേരോ പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ സ്വരം രാജ്യത്തിന്റെ എല്ലാ കോണുകളിലും പ്രതിധ്വനിച്ചു. വെറും വാക്കുകളിൽ ഒതുങ്ങി നില്ക്കുന്നതായിരുന്നില്ല തന്റെ ആശയങ്ങൾ. ഭരണകൂടത്തിനെതിരായി ജനങ്ങളെ ഇളക്കി വിടാനും അതോടൊപ്പം അവരെ സംരക്ഷിക്കാനും അദ്ദേഹം ദിവസം മുഴുവൻ കർമ്മനിരതനായിരുന്നു. ദൈവത്താലയക്കപ്പെട്ട ഒരു വലിയ വിമോചകനായി ജനങ്ങൾ അദ്ദേഹത്തെ കണ്ടു. അടിച്ചമർത്തപ്പെട്ട പാവപ്പെട്ട ജനസമൂഹം അദ്ദേഹത്തിൽ വലിയ പ്രത്യാശയർപ്പിച്ചു.

ആർച്ചുബിഷപ്പ് റൊമേരോയുടെ ഈ പ്രവാചകസാന്നിദ്ധ്യവും വചനനിറവാർന്ന വാക്കുകളും പ്രവർത്തനങ്ങളും ഒട്ടും വൈകാതെ ഭരണപക്ഷത്തിന് വലിയ വെല്ലുവിളികൾ സൃഷ്ടിച്ചു. അദ്ദേഹത്തിനെതിരായി പട്ടാളഭരണാധികാരികളുടെ നിരന്തരമായ ഭീഷണി ഉയർന്നുകൊണ്ടിരുന്നു. ഒരിക്കൽ ഒരു തുറസ്സായ സ്ഥലത്തു ബലിയർപ്പിച്ചുകൊണ്ടിരിക്കെ പട്ടാളക്കാർ അദ്ദേഹത്തിനു നേരെ അസഭ്യവർഷം ചൊരിയുകയും കളിയാക്കുകയും അദ്ദേഹത്തിന്റെ വസ്ത്രം വലിച്ചുകീറുകയും ചെയ്തു. ഈ ഭീഷണികളും ഉപദ്രവങ്ങളുമൊന്നും പാവപ്പെട്ട തന്റെ ജനത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളിൽ നിന്ന് ആർച്ചുബിഷപ്പിനെ ഒട്ടും പിൻതിരിപ്പിച്ചില്ല. പകരം അദ്ദേഹത്തിനു കൂടുതൽ കരുത്തു പകർന്നതെയുള്ളൂ. താൻ കൊലചെയ്യപ്പെടുന്നതിനു തൊട്ടുമുൻപുള്ള ഞായറാഴ്ച പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'എനിക്ക് എന്റെ ജനത്തിന്റെ നിരന്തരമായ വേദനകളിൽ കണ്ണടക്കാനാവില്ല. എന്റെ ജനം കഷ്ടപ്പെടുകയും കരയുകയും ചെയ്യുമ്പോൾ ഞാൻ സുരക്ഷിതമായ സ്ഥലങ്ങളിലൊളിക്കുന്നത് ഒരു എതിർ സാക്ഷ്യമായിരിക്കും.'



റൊട്ടിലിയൊ ഗ്രാന്തേ

ആർച്ചുബിഷപ്പ് റൊമേരോ താമസിച്ചിരുന്ന ഡിവൈൻ പ്രോവിഡൻസ് ആശുപത്രിയുടെ ചാപ്പലിൽ 1980 മാർച്ച് 24-ാം തീയതി ഒരു ഓർമ്മ കുർബാന അർപ്പിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഘാതകന്റെ വെടിയേറ്റ് ഹൃദയം പിളർന്ന് രക്തം വാർന്നൊഴുകി അൾത്താരയിലെ ക്രൂശിത രൂപത്തിനു മുന്നിലേക്ക് പിടഞ്ഞു വീണ് ധീരനായ ആ വിമോചക യോദ്ധാവ് തന്റെ ജീവൻ വെടിഞ്ഞ് രക്തസാക്ഷികളുടെ ഗണത്തിലേക്ക് ചേർക്കപ്പെട്ടത്. 'തന്റെ സ്നേഹിതനു വേണ്ടി ജീവൻ വെടിയുന്നതിനെക്കാൾ വലിയ സ്നേഹമില്ല' എന്ന് പഠിപ്പിച്ച് അവസാനത്തുള്ളി രക്തം വരെ ചിന്തി നമുക്കുവേണ്ടി ജീവൻ വെടിഞ്ഞ യേശുക്രിസ്തുവിന്റെ ജീവിതം അതെപടി ജീവിച്ചു മരിച്ച നമ്മുടെ നൂറ്റാണ്ടിലെ വലിയ രക്തസാക്ഷിയാണ് ആർച്ചുബിഷപ്പ് റൊമേരോ. നേരത്തെ പറഞ്ഞിരുന്നതുപോലെ ഇന്ന് അദ്ദേഹം എൽ സാൽവദോറിലെ പാവപ്പെട്ടവരിലൂടെ ഉയിർത്തെഴുന്നേൽക്കുകയാണ്. ●

*(31-ാം പേജ് തുടർച്ച)*

ത്തിലെല്ലാം സ്നേഹനിറവാർന്ന വലിയൊരു വ്യക്തിത്വത്തിനുടമയായിരുന്നു പീലക്സിനോസ് പിതാവ് എന്നു വ്യക്തമായി നമുക്കു മനസ്സിലാക്കാം.

**പ്രാർത്ഥനയുടെ മനുഷ്യൻ**

മാർ പീലക്സിനോസ് പിതാവിന്റെ ജീവിതത്തിലെ നന്മകളുടെയെല്ലാം അടിസ്ഥാനം തന്റെ അടിയുറച്ചപ്രാർത്ഥനാ ജീവിതമാണെന്നതിൽ സംശയമില്ല. പ്രാർത്ഥനയുടെ കാര്യത്തിലും യാതൊരു വിധമായ വിട്ടുവീഴ്ചക്കും പിതാവ് തയ്യാറായിരുന്നില്ല. നേരത്തെ കണ്ടതുപോലെ അന്ത്യോക്യൻ ആരാധനക്രമാധിഷ്ഠിതമായ ഒരു ആദ്ധ്യാത്മിക ജീവിതമായിരുന്നു പിതാവിന്റേത്. പ്രസ്തുത ആരാധനക്രമത്തിലെ പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും ഒന്നിനും കുറവു വരാതെ പിതാവ് തന്റെ ജീവിതത്തിലനുവർത്തിച്ചു പോന്നു. യാമപ്രാർത്ഥനയും ദിവസേനയുള്ള വി. കുർബാനയും യാതൊരു മുടക്കവും കൂടാതെ നടത്തുമായിരുന്നു. രോഗത്താലോ മറ്റുവല്ല കാരണത്താലോ വി. കുർബാന ചൊല്ലുവാൻ സാധിക്കാതെ വന്നാൽ വി. കുർബാന സ്വീകരിക്കുന്ന പതിവും ഉണ്ടായിരുന്നു. മൗനത്തിനും ധ്യാനത്തിനും തന്റെ ദിനചര്യയിൽ പ്രത്യേക പ്രാധാന്യം നല്കി. അന്ത്യോക്യൻ ആരാധനക്രമമനുസരിച്ചുള്ള സഭയുടെ നോമ്പുകളും വർജ്ജനകളും ഉപവാസവും പ്രായശ്ചിത്ത പ്രവൃത്തികളുമെല്ലാം കൃത്യമായി അനുഷ്ഠിച്ചു പോന്ന താപസവര്യനായിരുന്നു തിരുമേനി.

വി. വേദപുസ്തകത്തിന്റെയും മറ്റ് ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെയും ധ്യാനാത്മകമായ പാരായണത്തിന് സവിശേഷമായ ഒരു സ്ഥാനം തന്റെ ജീവിതത്തിലുണ്ടായിരുന്നു. ധ്യാനിച്ചു വായിച്ച വചനഭാഗം തന്റെ ജീവിതത്തിലൂടെ പ്രവർത്തിയിൽ കൊണ്ടുവരുവാൻ ശ്രമിച്ച കർമ്മയോഗിയാണദ്ദേഹം. വായിച്ചു ധ്യാനിച്ചു രുചിച്ചറിഞ്ഞതിന് ഹൃദയത്തിൽ ഇടം നല്കി ജീവിതത്തിലേക്കു പകർത്തുന്ന ആദ്ധ്യാത്മിക ശൈലിയായിരുന്നു പിതാവിന്റെ ജീവിതം. പിതാവിന്റെ സംഭാഷണങ്ങളിലും പ്രബോധനങ്ങളിലും ആഴമേറിയ ഈ അദ്ധ്യാത്മിക അനുഭവങ്ങളുടെ പ്രതിഫലനം കാണുവാൻ സാധിക്കുമായിരുന്നു.

ഈ മനുഷ്യന്റെ പ്രാർത്ഥനാശക്തി മറ്റുള്ളവർ വേഗം തിരിച്ചറിഞ്ഞു. പിതാവിന്റെ പ്രാർത്ഥന ആവശ്യപ്പെട്ടുകൊണ്ട് അനേകം പേർ അദ്ദേഹത്തെ സമീപിച്ചു. അവരുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ച്, ആശ്വാസവും, അനുഗ്രഹവും സമാധാനവും അവർക്ക് ദൈവത്തിൽ നിന്ന് പിതാവ് പ്രാപിച്ച് നല്കി. ഈ ദൈവീക മനുഷ്യന്റെ സന്ദർശനങ്ങളും സാമീപ്യവുമെല്ലാം മനുഷ്യർക്ക് സന്തോഷവും സംതൃപ്തിയും സമാധാനവും പ്രദാനം ചെയ്തു.

ഇത്ര ശക്തവും ആഴമേറിയയതുമായ പിതാവിന്റെ പ്രാർത്ഥനാനുഭവം ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളെയും പ്രതിബന്ധങ്ങളെയും സഹനങ്ങളെയും വേദനകളെയും സമചിത്തതയോടു നേരിടുവാൻ പിതാവിനെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. ഏതു സാഹചര്യങ്ങളോടും പൊരുത്തപ്പെടുവാനും എളിയ കാര്യങ്ങളിൽ തൃപ്തിപ്പെടുവാനും പിതാവിനെ സജ്ജനാക്കി.

**സഹനദാസൻ**

പീലക്സിനോസ് തിരുമേനിയെ അനുസ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ സഹനജീവിതം, പിതാവനുഭവിച്ച ശാരീരികവും മാനസികവുമായ വേദനകൾ, പ്രതിപാദിക്കാതിരിക്കാൻ സാധ്യമല്ല. ചെറുപ്പം മുതലെ പല ശാരീരികാസ്വാസ്ഥ്യങ്ങളാലും വലയപ്പെട്ട ഒരാളായിരുന്നു പിതാവ്. ആസ്ത്മ, ടി.ബി., പ്രമേഹം, ഉയർന്ന രക്ത സമ്മർദം ആദിയായ രോഗങ്ങളാൽ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ അദ്ദേഹം വളരെ വേദനിക്കപ്പെട്ടിട്ടുണ്ട്. അനേക ദിവസങ്ങൾ തൃശ്ശൂർ മെഡിക്കൽ മിഷൻ ചൂണ്ടൽ, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് എന്നീ ആശുപത്രികളിൽ ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്. പിതാവിന്റെ അവസാനനാളുകൾ പുഷ്പഗിരിയിൽ തന്നെയാണ് ചെലവഴിച്ചത്. പിതാവിന്റെ ശാരീരിക അസ്വസ്ഥതകൾക്ക് പുറമെ പല രീതിയിലുള്ള മാനസിക സമ്മർദ്ദങ്ങളിലൂടെയും സഹനങ്ങളിലൂടെയും കടന്നുപോകേണ്ടതായി വന്നിട്ടുണ്ട്. താൻ എല്ലാമായിരുന്ന തൊഴിയൂർ സഭയിൽ നിന്ന് സർവ്വതും ഉപേക്ഷിച്ച് കത്തോലിക്കാ സഭയിലേക്കുള്ള കടന്നുവരവും ഇവിടെ യാതൊരു സ്ഥാനമാനങ്ങളുമില്ലാത്ത അവസ്ഥയും മറ്റുള്ളവർ അതിന്റെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാതെ തന്നെ തെറ്റിദ്ധരിക്കുകയും തനിക്കെതിരായി അപവാദപ്രചരണങ്ങൾ നടത്തുകയും ചെയ്തതെല്ലാം പിതാവിനെ മാനസികമായി ഏറെ വേദനിപ്പിച്ച സാഹചര്യങ്ങളായിരുന്നു. അങ്ങനെ തന്റെ ജീവിതം ഒരു സഹനബലിയായി തീർന്ന തിരുമേനി വേദനിപ്പിക്കുന്ന ഈ അനുഭവങ്ങളെ പക്വമാർന്ന മനോഭാവത്തോടെ സ്വീകരിച്ചു. ഈ സഹനാവസ്ഥയിലെല്ലാം പരാതികളില്ലാതെ ആരേയും കുറ്റപ്പെടുത്താതെ സ്വയം ദൈവഹിതത്തിന് വിധേയപ്പെട്ട് കർത്താവിന്റെ കുരിശിലെ വേദനകളോട് ചേർത്ത് ഉൾക്കൊള്ളുവാനും കാഴ്ചവയ്ക്കുവാനും പിതാവ് ശ്രമിച്ചു. തികഞ്ഞ ദൈവാനുഭവമുള്ള ഒരു വ്യക്തിക്കു മാത്രം അനുഭവിക്കുവാൻ സാധിക്കുന്ന സമാധാനവും സന്തോഷവും സംതൃപ്തിയും ആ മുഖത്ത് എപ്പോഴും വിളയാടിയിരുന്നു.

**ഉപസംഹാരം**

അചഞ്ചലമായ ദൈവസ്നേഹവും അവാച്യമായ മനുഷ്യസ്നേഹവും ആഴമേറിയ സഭാസ്നേഹവും സമജ്ജസമായി സമ്മേളിച്ച അതുല്യമായ ഒരു വ്യക്തിത്വമാണ് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലിത്തായുടേത്. സ്ഥാനമാനങ്ങളൊന്നും അലങ്കരിക്കാതെ തന്റെ പവിത്രമായ വ്യക്തി പ്രാഭവം കൊണ്ട് മലങ്കര കത്തോലിക്കാസഭയിൽ അദ്ദേഹം എന്നും വിളങ്ങിനില്ക്കുമെന്നതിൽ സംശയമില്ല. ''അനുകരണമില്ലാത്ത അനുസ്മരണവും അനുകരണത്തിലേക്ക് നയിക്കാത്ത അനുസ്മരണവും അർദ്ധ ശൂന്യമാണ്'' എന്ന പിതാവിന്റെ ദിവ്യോക്തികൾ നമ്മെ പ്രചോദിപ്പിക്കട്ടെ.

●

**പാവനസ്മരണയ്ക്ക്**



**ഏലിയാമ്മ തോമസ്**

**ചിരംകുന്നേൽ**

മരണം : 25-09-2018

**10-ാം ചരമവാർഷികം**



**ഈപ്പൻ മത്തായി**

**കുറ്റിക്കണ്ടത്തിൽ**

**വലിയകാവുങ്കൽ**

**നിത്യതയിൽ 43 വർഷങ്ങൾ**



**ഫാ. ജോർജ്ജ് പുരയ്ക്കൽ**

മരണം : 15-11-1975

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യൻമാർക്കേകുക പുണ്യം നാഥാ സ്തോത്രം.

പുരയ്ക്കൽ കുടുംബാംഗങ്ങൾ

**നിത്യതയിൽ 45 വർഷങ്ങൾ**




**ഫാ. കോശി ഇളവട്ട**

മരണം : 20-11-1973

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യൻമാർക്കേകുക പുണ്യം നാഥാ സ്തോത്രം.

ഇളവട്ട കുടുംബാംഗങ്ങൾ

**നിത്യതയിൽ 21 വർഷങ്ങൾ**



**ഫാ. ഏബ്രഹാം മഠത്തിറമ്പിൽ**

മരണം : 14-11-1997

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യൻമാർക്കേകുക പുണ്യം നാഥാ സ്തോത്രം.

കുടുംബാംഗങ്ങൾ

**നിത്യതയിൽ 1 വർഷം**



**ഫാ. തോമസ് അങ്ങാടിയിൽ**

മരണം : 15-11-2017

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യൻമാർക്കേകുക പുണ്യം നാഥാ സ്തോത്രം.

കുടുംബാംഗങ്ങൾ

**നിത്യതയിൽ 26 വർഷങ്ങൾ**




**ഫാ. കെ.എം. പത്രോസ് കാരമ്മേൽ കോയിക്കൽ**

മരണം : 03-11-1992

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യൻമാർക്കേകുക പുണ്യം നാഥാ സ്തോത്രം.

കുടുംബാംഗങ്ങൾ

**നിത്യതയിൽ 29 വർഷങ്ങൾ**



**ഫാ. ജേക്കബ് ചെറിയമഠം വടുതലകുന്നേൽ**

മരണം : 24-11-1989

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യൻമാർക്കേകുക പുണ്യം നാഥാ സ്തോത്രം.

കുടുംബാംഗങ്ങൾ

**പാവനസ്മരണയ്ക്ക്**

**നിത്യതയിൽ 1 വർഷം**



**സി. അപ്പളോണിയ എസ്.ഐ.സി.**

മറക്കാത്ത ഓർമ്മകളുമായി
അടപ്പൂർ ഫാമിലി


# REMEMBRANCE NOVEMBER



**Fr. Thomas Kalekattil**
Date of Demise: 05 November 1947




**Fr. Poulose Thykattil**
Date of Demise: 06 November 1959



**Fr. Thomas Neriamparampil**
Date of Demise: 28 November 1981




**Msgr. Alexander Payyampallil**
Date of Demise: 12 November 1997



**Msgr. John Kachiramattam Rampuram**
Date of Demise: 05 November 1958


**Fr. Mathew Vazhappalli**
Date of Demise: 15 November 1975

**ഉപകാരസ്മരണ**



റെനി ചാക്കോ
പടുതോട്

**ഉപകാരസ്മരണ**



ജിബിൻ ജിജിൽ

**1 –ാം ചരമവാർഷികം**



**എം. എം. ജോസ് (വാവച്ചൻ)**
മുണ്ടകത്തിൽ, തലവടി സൗത്ത്
മരണം : 10–11–2017

## ജപമാല റാലി നടത്തപ്പെട്ടു





എം.സി.വൈ.എം. റാന്നി മേഖലയുടെയും വിവിധ കത്തോലിക്കാ കൂട്ടായ്മകളുടെയും ആഭിമുഖ്യത്തിൽ ജപമാല റാലി കടവിൽ സെന്റ് തെരേസാസ് ദേവാലയത്തിൽ നിന്നും ചെത്തോങ്കര മലങ്കര കത്തോലിക്കാ ദേവാലയത്തിലേക്ക് നടത്തപ്പെട്ടു.

## സഹായധനം കൈമാറി



മഹാപ്രളയത്തിൽ ജീവിതോപാധി നഷ്ടപ്പെട്ട നെടുമ്പ്രം സെന്റ് വിൻസെന്റ് ഡി പോൾ ഇടവകയിലെ ബാബു അത്തിപറമ്പിലിന് തിരുവല്ല അതിരൂപത എം.സി.എ.യുടെ സഹായധനം അതിരൂപത ട്രഷറാർ എ.ഡി. ജോൺ കൈമാറുന്നു. അതിരൂപത പ്രസിഡന്റ് ജോജി വിഴലിൽ, ജനറൽ സെക്രട്ടറി സുരേഷ് വർഗീസ്, വൈസ് പ്രസിഡന്റ് ബിനു വർഗീസ്, എ.വി. ജോസഫ്, കുര്യൻ പയ്യൻക്കേരിൽ എന്നിവർ പങ്കെടുത്തു.


MATHA SENIOR SECONDARY SCHOOL
THUMPOLY, ALAPPUZHA
Phone : 0477- 2244165 (Office), 2241426 (Office)
E-mail: school_matha@yahoo.com, Web : mathathumpoly.com
Managed by Archdiocese of Tiruvalla
Patron-Most Rev.Dr.Thomas Mar Koorilos
Co-Patron-Rt.Rev.Dr.Philippose Mar Stephanos
Manager,Principal,Staff and Students.


0 % ലോൺ മേള
7000 രൂപ മുതൽ ഒരു ലക്ഷം വരെ മൊബൈൽ ഫോൺ
& ലാപ്ടോപ്പുകൾ ലോൺ കൊടുക്കുന്നതാണ്
കസ്റ്റമർ കൊണ്ടുവരേണ്ട പ്രൂഫുകൾ
Aadhaar Copy
Pan Card
Pass Book First Page Copy
One Cheque Leaf
(Spot Loan Approved)
Mobile : NOKIA oppo HUAWEI LAVA GIONEE SAMSUNG VIVO Panasonic htc lenovo ASUS
Laptop : acer DELL hp ASUS lenovo iball
George & Company group
മൂന്ന് പതിറ്റാണ്ടിന്റെ വിശ്വസ്ത സേവന പാരമ്പര്യം.
CHERYS MOBILE
Near Manorama Office, SCS Jn., Tiruvalla
Ph : 0469 2700585, 9847508119
വമ്പിച്ച മെഗാ ഓഫർ CHERYS FASHION HOUSE
4 BRANDED SHIRTS
(Full Shirt) Rs. 1099/-
4 BRANDED SHIRTS
(Half Shirt) Rs. 999/-

Date of Publication : 17.11.2018
Price : ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
November 2018



Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal